പുതുയുഗ കേരളത്തിനായി

# UDF
# മാനിഫെസ്റ്റോ



# പുതുയുഗ കേരളത്തിന് യു.ഡി.എഫ് മാനിഫെസ്റ്റോ

## യു.ഡി.എഫ് പ്രകടന പത്രിക

തെരഞ്ഞെടുപ്പ് 2026

ഐക്യജാധിപത്യ മുന്നണിയ്ക്ക് വേണ്ടി കൺവീനർ പ്രസിദ്ധീകരിക്കുന്നത്. കോപ്പി 150

മാന്യ സുഹൃത്തേ,

ആധുനിക സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി വികസനത്തിന്റെയും കരുതലിന്റെയും ഒരു പുതുയുഗ കേരളം സൃഷ്ടിക്കാനുള്ള രൂപ രേഖയാണ് യുഡിഎഫ് ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കുന്നത്.

സംസ്ഥാനത്തിന്റെ സമഗ്രമായ വികസനവും, സാധാരണക്കാരന്റെയും പാർശ്വവൽ ക്കരിക്കപ്പെട്ടവന്റെയും ആവലാതികളും ആവശ്യങ്ങളും പരിഹരിക്കാനുള്ള പദ്ധതി കളാണ് യുഡിഎഫ് പ്രകടനപത്രികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

യുഡിഎഫ് സ്ഥാനാർത്ഥികളെ വിജയിപ്പിക്കാനും, പുതുയുഗ കേരളം കെട്ടിപ്പടുത്താ നുമായി യുഡിഎഫിന് അംഗീകാരം നൽകാൻ പ്രബുദ്ധരായ ജനങ്ങളോട് ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ......

സ്നേഹപൂർവ്വം,

മാനിഫെസ്റ്റോ കമ്മിറ്റി

1) ബെന്നി ബെഹനാൻ എം.പി ( ചെയർമാൻ )
2) കൊടിക്കുന്നിൽ സുരേഷ് എം.പി
3) സി.പി ജോൺ
4) എൻ. ഷംസുദ്ദീൻ എം.എൽ.എ
5) മോൻസ് ജോസഫ് എം.എൽ.എ
6) എൻ.കെ പ്രേമചന്ദ്രൻ എം.പി
7) അനൂപ് ജേക്കബ് എം.എൽ.എ
8) ഡീൻ കുര്യാക്കോസ് എം.പി
9) ജെബി മേത്തർ എം.പി
10) ജി. ദേവരാജൻ
11) എ.എൻ. രാജൻ ബാബു എക്സ്. എം.എൽ.എ
12) സലിം പി. മാത്യു.

## ഉള്ളടക്കം


I. **ആമുഖം**

II. **വാഗ്ദാനങ്ങൾ**

1. സാമൂഹിക സുരക്ഷയും തുല്യതയും
2. ക്ഷേമ പദ്ധതികൾ
3. ആരോഗ്യ പരിപാലനം
4. വിദ്യാഭ്യാസം
5. വ്യവസായം
6. തൊഴിൽ
7. ലഹരി
8. സ്ത്രീ ശാക്തീകരണവും സുരക്ഷയും
9. ഭവന നിർമ്മാണം
10. കൃഷി
11. മലയോര കർഷക ക്ഷേമം
12. വന്യജീവി ആക്രമണം
13. മത്സ്യബന്ധനം
14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
15. ഭിന്നശേഷി ക്ഷേമം
16. ഭരണ നിർവഹണം
17. ടൂറിസം
18. പരമ്പരാഗത വ്യവസായം
19. വൻകിട വികസന പദ്ധതികൾ
20. അടിസ്ഥാന സൗകര്യ വികസനം
21. ഗതാഗതം
22. വൈദ്യുതി
23. സ്റ്റാർട്ടപ്പുകൾ
24. വിവര സാങ്കേതികവിദ്യ
25. പരിസ്ഥിതി
26. കല, സാംസ്കാരികം, സിനിമ
27. സ്പോർട്സ്

28. നീതി നിർവഹണം, ക്രമസമാധാനം
29. കെ.എസ്.ആർ.ടി.സി.
30. പോലീസ്
31. സഹകരണം
32. യുവജന ക്ഷേമം
33. ശബരിമല വികസനം,ദേവസ്വം
34. പ്രവാസി ക്ഷേമം
35. സർക്കാർ ജീവനക്കാർ, പെൻഷൻകാർ
36. വിലക്കയറ്റം
37. സാമ്പത്തിക വികസനം
38. മാലിന്യ നിർമ്മാർജ്ജനം, തെരുവ് നായ പ്രശ്നം
39. കുടിവെള്ളം

## III നയങ്ങൾ

1. സംവരണം
2. മതസൗഹാർദ്ദവും വിശ്വാസസംരക്ഷണവും
3. മദ്യനയം
4. തദ്ദേശസ്വയംഭരണവും പഞ്ചായത്തീരാജും

## IV ഉപസംഹാരം

## I. ആമുഖം

നിയമസഭ തിരഞ്ഞെടുപ്പിന്റെ പടിവാതിൽക്കലാണ് കേരളം. കരുതലിന്റെയും വികസനത്തിന്റെയും പുതിയ പന്ഥാവിലേക്കുള്ള കുതിച്ചുചാട്ടത്തിനായി കേരള ജനത വെമ്പൽകൊള്ളുമ്പോൾ അവരുടെ ശബ്ദവും സ്വപ്നവുമായി ജനങ്ങൾക്ക് മുന്നിലേക്ക് എത്തുകയാണ് ഐക്യ ജനാധിപത്യ മുന്നണി.

ലോകം നിർമ്മിത ബുദ്ധിയുടെയും അതിവേഗ ഇന്റർനെറ്റ് അദ്ഭുതങ്ങളുടെയും പുതിയ ആകാശങ്ങളിലേക്ക് ചിറക് വിടർത്തുമ്പോൾ കേരള ജനത സ്വപ്നം കാണുന്നത് വികസനത്തിന്റെയും വളർച്ചയുടെയും ഒരു പുതുയുഗമാണ്. വിവര സാങ്കേതികവിദ്യാ വിപ്ലവത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി യുവാക്കൾക്ക് അവർ ആഗ്രഹിക്കുന്ന തൊഴിൽ ലഭ്യമാക്കാനും അധ:സ്ഥിത വിഭാഗങ്ങൾക്കും പിന്നാക്കം നിൽക്കുന്ന മേഖലകൾക്കും താങ്ങായി നിലകൊള്ളാനും ഐക്യ ജനാധിപത്യ മുന്നണി സദാ പ്രതിജ്ഞാബദ്ധമാണ്.

നാളത്തെ കേരളം എങ്ങനെയായിരിക്കണമെന്ന് നിശ്ചയിക്കപ്പെടുന്ന ഈ തിരഞ്ഞെടുപ്പ് കേരളത്തെയും കേരളത്തിലെ ജനങ്ങളെയും സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. അതുകൊണ്ടു തന്നെ ഭാവിതലമുറയുടെ അഭിരുചികൾക്ക് അനുസൃതമായ കാഴ്ചപ്പാടോടെയാണ് ഐക്യജനാധിപത്യ മുന്നണി സമ്മതിദായകരെ അഭിമുഖീകരിക്കുന്നത്.

കഴിഞ്ഞ പത്തു വർഷക്കാലം കേരളം ഭരിച്ച ഇടതു ജനാധിപത്യ മുന്നണി സകല മേഖലകളെയും തകർത്ത് തരിപ്പണമാക്കി. രാജഭരണകാലം മുതൽ തലയുയർത്തി നിന്നിരുന്ന കേരളത്തിലെ ആരോഗ്യരംഗം വെന്റിലേറ്ററിലാണ്. സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവിന്റെ ഘോഷയാത്രകളാണ്. കേട്ടുകേൾവിപോലുമില്ലാത്ത അമീബിക് മസ്തിഷ്ക ജ്വരം അടക്കമുള്ള നിരവധി രോഗങ്ങൾ കേരളത്തിലെ ആരോഗ്യരംഗത്തെ വരിഞ്ഞു മുറുക്കുന്നു. പക്ഷേ ആശുപത്രികളിൽ മരുന്നിനുപോലും മരുന്നില്ലാത്ത അവസ്ഥ! സർക്കാർ ആശുപത്രി കെട്ടിടം തകർന്നു വീണ് ജീവൻ പൊലിയുന്ന സംഭവം സംസ്ഥാനത്തിനാകെ നാണക്കേടുമായി.

വിദ്യാഭ്യാസ രംഗം താറുമാറായിക്കിടക്കുന്നു. വിദ്യാർത്ഥികൾ സംസ്ഥാനം വിട്ടു വിദേശരാജ്യങ്ങളിലേക്കും അന്യസംസ്ഥാനങ്ങളിലേക്കും ഒഴുകുന്ന കാഴ്ചയാണ് കേരളത്തിൽ. സർക്കാർ– ഗവർണർ പോരിൽ സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാർ ഇല്ലാതായതും കോളേജുകളിൽ പ്രിൻസിപ്പൽമാരുടെ അഭാവവും ഉന്നതവിദ്യാഭ്യാസ മേഖലയുടെ താളം തെറ്റിച്ചു. ഇടതു വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ ക്യാമ്പസുകളുടെ അമിത രാഷ്ട്രീയവത്കരണത്തിനൊപ്പം, റാഗിങ് പോലെയുള്ള ക്രൂരതകൾ കൂടിയായപ്പോൾ വിദ്യാർത്ഥികൾ സംസ്ഥാനത്തുനിന്ന് അകന്നു. ക്ലാസ് മുറികൾ ഒഴിഞ്ഞു കിടക്കുന്ന പുതിയ കാലമുണ്ടായി.

വിലക്കയറ്റം മൂലം ജനങ്ങൾ നട്ടം തിരയുകയാണ്. അവരുടെ വരുമാനം വർധിക്കുന്നില്ല. പക്ഷേ വിലക്കയറ്റത്തോത് 10 ശതമാനത്തിലേക്ക് എത്താറായി. കഴിഞ്ഞ പന്ത്രണ്ടു മാസമായി വിലക്കയറ്റ സൂചികയിൽ രാജ്യത്ത് ഒന്നാം സ്ഥാനമെന്ന നാണക്കേട് പേറുകയാണ് കേരളം.

കാർഷിക മേഖല വറുതിയിലാണ്. കർഷകർ കൃഷി വിട്ടോടുന്നു. കൃഷിഭൂമികളുടെ വില ചരിത്രത്തിലാദ്യമായി ഇടിഞ്ഞിരിക്കുന്നു. കാർഷിക ഉത്പന്നങ്ങൾ ശേഖരിക്കാൻ സർക്കാരിന് പരിപാടികളില്ല. വന്യജീവി ആക്രമണം മൂലം കഴിഞ്ഞ പത്തു വർഷത്തിൽ ആയിരത്തോളം പേർ മരിച്ചപ്പോൾ സർക്കാർ നോക്കുകുത്തിയായി നിൽക്കുകയായിരുന്നു. റബറിന്റെ

താങ്ങുവില 250 രൂപയാക്കും എന്നത് പാഴ്‌വാക്കായി. നെല്ല് സംഭരണം പൂർണ്ണമായും പാളി. ആറുമാസം കഴിഞ്ഞാലും സർക്കാരിനു വിറ്റ നെല്ലിന്റെ വില കർഷകന് കിട്ടുന്നില്ല. നാളികേര സംഭരണം നടക്കാത്തതിനാൽ നാളികേര കർഷകരും പ്രതിസന്ധിയിലാണ്.

പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും ഫണ്ടുകളിൽ വ്യാപക വെട്ടിക്കുറവാണ് ഈ സർക്കാർ നടത്തിയത്. പട്ടികജാതി ഫണ്ടിൽ 500 കോടിയും പട്ടിക വർഗ ഫണ്ടിൽ 112 കോടിയുമാണ് 2024-25 സാമ്പത്തിക വർഷം മാത്രം സർക്കാർ വെട്ടിച്ചുരുക്കിയത്. മത്സ്യത്തൊഴിലാളി മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജുകൾ കടലാസിൽ മാത്രം ഒതുങ്ങി.

ഉമ്മൻചാണ്ടി സർക്കാർ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടക്കമുള്ള നിരവധി വൻകിട പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയപ്പോൾ ഒരു വൻകിട വികസന പദ്ധതിപോലും പത്തു വർഷത്തെ എൽ.ഡി.എഫ് ഭരണത്തിൽ ചൂണ്ടികാണിക്കാനില്ല.

ഇടതുഭരണകാലത്ത് അക്രമങ്ങളും അഴിമതിയും സർവകാല റെക്കോഡിട്ടു. കൊലപാതകങ്ങളുടെ ചോരക്കറകൾ എവിടെയും. യുവാക്കൾക്കിടയിൽ ലഹരി മരുന്നുകളുടെ വ്യാപനം രൂക്ഷമായി. കുറ്റകൃത്യങ്ങളുടെ രീതി തന്നെ മാറി. ലഹരിക്കടിമയായി മാറിയ മകൻ, പ്രസവിച്ച കുറ്റത്തിന് അമ്മയെ കൊന്നത് നവകേരളമെന്ന് വാഴ്ത്തുന്ന നാട്ടിലാണ്. മയക്കുമരുന്ന് ഉപയോഗിച്ച് മനസിന്റെ താളംതെറ്റിപ്പോയ യുവാവ് വീട്ടിലെ എല്ലാവരെയും കൊലപ്പെടുത്തിയതടക്കമുള്ള സംഭവങ്ങൾ കേരളത്തിന്റെ മന:സാക്ഷി ഞെട്ടലോടെയാണ് കണ്ടത്. മദ്യത്തിനായി സർക്കാർ എല്ലാ ചട്ടങ്ങളും മാറ്റിയെഴുതിയപ്പോൾ ഗാർഹിക സമാധാനം നഷ്ടപ്പെട്ടു. മക്കളുടെ കൈ കൊണ്ട് മരിക്കുന്ന അച്ഛനും അമ്മയും കേരളത്തിൽ നാട്ടുനടപ്പായത് മയക്കു മരുന്നൊഴുകുന്ന പിണറായിക്കാലത്താണ്.

അഴിമതിയുടെ ദുർഗന്ധവും പേറിയാണ് ഈ സർക്കാർ ഒഴിയുന്നത്. അയ്യപ്പ സ്വാമിയുടെ സ്വർണ്ണം വരെ മോഷ്ടിച്ച സംഘമായി ചരിത്രം ഈ സർക്കാരിനെ രേഖപ്പെടുത്തും. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കൊള്ള സകല അതിരുകളും ലംഘിച്ച് കേരളത്തെ നാണംകെടുത്തി. കേരളം ഇന്നേവരെ കേട്ടിട്ടില്ലാത്ത വിധം, അന്താരാഷ്ട്ര കള്ളക്കടത്ത് സംഘത്തെപ്പോലും നാണിപ്പിക്കുന്ന രീതിയിലാണ് സർക്കാർ വിലാസം കൊള്ള സംഘം പ്രവർത്തിക്കുന്നത്. ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ മൂന്ന് സി.പി.എം.നേതാക്കൾ ജയിലിലായി. കോവിഡ് കൊള്ളയും, മുഖ്യമന്ത്രിയുടെ മകൾ ഉൾപ്പെട്ട മാസപ്പടി കേസും ഫിനാൻഷ്യൽ കോർപ്പറേഷൻ, കെ-ഫോൺ അഴിമതികളും അടക്കം നിരവധി തട്ടിപ്പുകളുടെ ചെളി ഈ സർക്കാരിനുമേൽ പുരണ്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ മന:സാക്ഷി സൂക്ഷിപ്പുകാരായ ഐ.എ.എസ് ഉദ്യോഗസ്ഥർ കള്ളക്കടത്തിന്റെ പേരിലാണ് ജയിൽ വാസം അനുഭവിച്ചത്. അഴിമതിയും സ്വജനപക്ഷപാതവും മൂലം തകർന്നുപോയ ഭരണ സംവിധാനങ്ങളെ പുതുക്കിപ്പണിയാനും കേരളത്തിന്റെ കീർത്തി തിരിച്ചുപിടിക്കാനുമുള്ള ഉത്തരവാദിത്തം ഐക്യ ജനാധിപത്യ മുന്നണി സവിനയം ഏറ്റെടുക്കുകയാണ്.

ഇഷ്ടക്കാർക്കുള്ള വിട്ടുവീഴ്ചകളുടെയും ബന്ധു നിയമനത്തിന്റെയും പേരിൽ ഒരുവശത്ത് പിൻവാതിൽ നിയമനം തകൃതിയായി നടക്കുമ്പോൾ മറുഭാഗത്ത് പി.എസ്.സി. ഒന്നാം റാങ്കുകാർക്ക് പോലും ജോലിയില്ല എന്നതാണ് അവസ്ഥ. തൊഴിൽ രഹിതർ അക്ഷരാർത്ഥത്തിൽ മുട്ടിലിഴഞ്ഞിട്ടും കണ്ണുതുറക്കാത്ത ഭരണത്തലവന്റെ

ധാർഷ്ട്യത്തിനുള്ള ജനത്തിന്റെ മറുപടി അധികം വൈകില്ല. പി.എസ്.സിയെ നോക്കുകുത്തിയാക്കിക്കൊണ്ട് പിൻവാതിൽ നിയമനങ്ങൾ നടത്തിയവർ കെടുത്തിക്കളഞ്ഞത് ഒരുപാട് കുടുംബങ്ങളുടെ പ്രതീക്ഷകളാണ്; അച്ഛനമ്മമാരുടെ പ്രകാശങ്ങളാണ്. അത് വീണ്ടും കൊളുത്തിവയ്ക്കുമെന്നും യുവജനങ്ങളുടെ സ്വപ്നങ്ങൾക്ക് കൈപിടിക്കുമെന്നും ഐക്യ ജനാധിപത്യ മുന്നണി ഈ പ്രകടനപത്രികയിലൂടെ പ്രഖ്യാപിക്കുന്നു.

ഖജനാവിൽ പൂച്ച പെറ്റു കിടക്കുന്നുവെന്നത് അതിശയോക്തിയല്ല; അതാണ് സത്യം. ശമ്പളവും പെൻഷനും നൽകാൻ പോലും കടമെടുക്കേണ്ട അവസ്ഥയിലേക്ക് സംസ്ഥാനം കൂപ്പുകുത്തി. കിഫ്ബിയുടെയും, പെൻഷൻ കമ്പനിയുടെയും കൂടി ബാധ്യത കൂട്ടിയാൽ സംസ്ഥാനത്തെ ആകെ കടം 6 ലക്ഷം കോടിയിലേക്ക് അടുക്കുകയാണ്. വരവറിയാതെ ചെലവിടുന്ന ധനകാര്യസിദ്ധാന്തത്തിന്റെയും പുച്ഛം കലർന്ന ധാരാളിത്തത്തിന്റെയും ഭാരം പേറേണ്ടിവരുന്നത് പിറന്നുവീഴാനിരിക്കുന്ന കുഞ്ഞുങ്ങൾ പോലുമാണ്. കടമെടുത്ത് കടമെടുത്ത് കേരളം മുടിഞ്ഞു. അതിനൊപ്പമാണ് കോടികളുടെ മാമാങ്കങ്ങൾ. പ്ലാൻഫണ്ട് വർദ്ധന നാമമാത്രമാക്കി. കൂടാതെ സർക്കാർ ഉത്തരവിലൂടെ അത് വെട്ടിക്കുറക്കുകയും ചെയ്തു. അവകാശപ്പെട്ട ഫണ്ട് യഥാസമയം നൽകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കഴുത്തു ഞെരിച്ചു കൊല്ലുന്ന നടപടിയാണ് പിണറായി സർക്കാർ സ്വീകരിച്ചത്.

ഭരണ പരാജയം മറച്ചുകൊണ്ട് കേരളത്തിൽ വർഗീയ ധ്രുവീകരണത്തിലൂടെ അധികാരം നിലനിർത്താം എന്ന വ്യാമോഹമാണ് എൽ.ഡി.എഫിനെ നയിക്കുന്നത്. ഭരണഘടന തൊട്ടു സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാർ പോലും വർഗീയ വിഷം ചീറ്റുന്ന അവസ്ഥയിലേക്ക് എൽ.ഡി.എഫ് സർക്കാർ അധ:പതിച്ചു. ഇവരോട് 'കടക്ക് പുറത്ത്' എന്ന് പോലും പറയാൻ ചങ്കൂറ്റമില്ലാത്ത ഭരണനേതൃത്വമാണ് കേരളത്തിൽ.

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ഉന്നമനത്തിനൊപ്പം, അവരുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കുക എന്നതിനാണ് ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രഥമ പരിഗണന. ഭാവിതലമുറയ്ക്ക് വേണ്ടി എല്ലാവരും ഒത്തൊരുമയോടെ നിൽക്കുന്ന കേരളം കെട്ടിപ്പടുക്കുമെന്ന് യു.ഡി.എഫ് പ്രതിജ്ഞയെടുക്കുന്നു. ഉന്നതിയുടെ പുതുയുഗത്തിലേക്ക് പറന്നുയരാൻ ആഗ്രഹിക്കുന്ന യുവതലമുറയ്ക്കും, കരുതൽ ആഗ്രഹിക്കുന്ന മുതിർന്നവർക്കും, അധ:സ്ഥിത വിഭാഗങ്ങൾക്കും കൈത്താങ്ങായി ഐക്യ ജനാധിപത്യ മുന്നണി ഉണ്ടാകും എന്ന ഉറപ്പ് നൽകുന്നു.

**വരൂ... പുതുയുഗ കേരളത്തിനായി നമുക്ക് കൈകോർക്കാം....**

**ഒത്തൊരുമിച്ച് മുന്നേറാം...**

# ഇന്ദിര ഗ്യാരന്റി

സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ **സൗജന്യ യാത്ര**

---

കോളേജ് വിദ്യാർത്ഥിനികൾക്ക് **₹1,000** പ്രതിമാസ ധനസഹായം

---

ക്ഷേമ പെൻഷനുകൾ **₹3,000** ആയി വർദ്ധിപ്പിക്കും

---

എല്ലാ കുടുംബങ്ങൾക്കും **25,00,000** രൂപവരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്"

---

യുവജനങ്ങൾക്ക് ബിസിനസ് ആരംഭിക്കുന്നതിന് പലിശ രഹിത വായ്പ **₹5,00,000**

---

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി **പ്രത്യേക വകുപ്പ്**

**കേരളം ജയിക്കും UDF നയിക്കും**

# സ്വപ്ന പദ്ധതികൾ

**മിഷൻ സമുദ്ര**

കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, 44 നദികൾ, 34 തടാകങ്ങൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, മലനാട്,ഇടനാട് മേഖലകളിലെ സമഗ്ര സാധ്യതകൾ സംയോജിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ ശക്തമായ സാന്നിധ്യ മായി ഉയർത്തുന്ന സാധ്യതകളുടെ "മിഷൻ സമുദ്ര" നടപ്പിലാക്കും. ഇതിന്റെ ഭാഗമായി വൻകിട ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടംഘട്ടമായി ജലഗതാഗത സംവിധാനം വികസിപ്പിക്കും.ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്ക് ഗതാഗതം, തുടർന്ന് ജനങ്ങൾക്ക് സൗകര്യപ്രദമായ യാത്രാ സേവനങ്ങൾ, അവസാന ഘട്ടത്തിൽ ജലാശയങ്ങളുമായി ബന്ധിപ്പിച്ച് ഏകീകൃത നെറ്റ്‌വർക്ക് സ്ഥാപിക്കും.

**വ്യോമയാന വികസനം**

കേരളത്തിന്റെ സമഗ്ര വ്യോമയാന വികസനത്തിനായി സംസ്ഥാനത്ത് ഫുൾ-ഫ്ലൈറ്റ് സിമുലേറ്ററുകളോടെയുള്ള ആധുനിക പൈലറ്റ് പരിശീലനം, ഏവിയേഷൻ സ്റ്റാഫ് ട്രെയിനിങ് അടക്കം നടത്തുന്ന ഏവിയേഷൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി വിമാനത്താവളത്തിൽ രണ്ടാം ഘട്ട റൺവേ നിർമ്മാണം, എയർപോർട്ട് സാമ്പത്തിക മേഖലകൾ, സ്വതന്ത്ര വ്യാപാര ഗോഡൗൺ മേഖലകൾ, കണ്ണൂർ വിമാനത്താവളത്തിൽ റൺവേ, ടെർമിനൽ, ഏപ്രൺ വികസനം, വിമാന ങ്ങളുടെ പരിപാലനം, അറ്റകുറ്റപ്പണി, സമഗ്രപരിശോധനയ്ക്കായി MRO (Maintenance, Repair, and Operations) കേന്ദ്രങ്ങൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, പുതിയ വിമാന സർവീസുകൾക്ക് പിന്തുണ നൽകാൻ റൂട്ട്ഡെവലപ്മെന്റ് ആൻഡ് കണക്റ്റിവിറ്റി ഫണ്ട് അടക്കമുള്ള ഹ്രസ്വകാല - ദീർഘകാല പദ്ധതികൾക്ക് രൂപം നൽകും.

**എം.എസ്.എം.ഇ സംരംഭങ്ങൾ**

100 കോടിയിലധികം വാർഷിക വരുമാന ശേഷിയുള്ള ആയിരത്തോളം എം.എസ്.എം.ഇ സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുന്നതിന് അവശ്യമായ സഹായം നൽകുന്ന സമഗ്ര പദ്ധതിക്ക് രൂപം നൽകും .സംരംഭകർക്ക് ആവശ്യമായ മൂലധന പിന്തുണ നൽകുന്നതിനായി റിവോൾവിങ് ഫണ്ട്, ടെക്നോളജി ഫണ്ട്, ചാലഞ്ച് ഫണ്ട് എന്നിവ ലഭ്യമാക്കും. സാങ്കേതികവും മാനേജ്മെന്റുമായി ബന്ധപ്പെട്ട മേഖലകളിൽ വിദഗ്ധ മാർഗ്ഗനിർദേശം നൽകുന്നതിനായി ടെക്നോ-മെന്റർ, മാനേജ്-മെന്റർ മാരുടെ സഹായം ഉറപ്പാക്കും.

**ജോബ് വാച്ച് ടവർ**

അന്താരാഷ്ട്ര തൊഴിൽ മാർക്കറ്റിൽ ജോലിയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. മാറുന്ന ജോലിയിലെ സ്വഭാവം പഠിക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ വരുത്താനും വിദഗ്ധർ അടങ്ങുന്ന 'ജോബ് വാച്ച് ടവർ' രൂപീകരിക്കും."

**വയനാട് ട്രൈബൽ യൂണിവേഴ്സിറ്റി**

വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക പുരോഗതിയെ ലക്ഷ്യമാക്കി ആധുനിക സൗകര്യങ്ങളോടുകൂടിയ ‘‘ട്രൈബൽ യൂണിവേഴ്സിറ്റി" സ്ഥാപിക്കും

# II വാഗ്ദാനങ്ങൾ

## 1. സാമൂഹിക സുരക്ഷയും, തുല്യതയും

- **സാമൂഹിക സുരക്ഷാ പെൻഷൻ ഔദാര്യത്തിനു പകരം അവകാശമാക്കാൻ നടപടി സ്വീകരിക്കും. അർഹരായവർക്ക് പെൻഷൻ ഉറപ്പാക്കാൻ നിയമം നടപ്പിലാക്കും. ക്ഷേമ പെൻഷൻ 3000 രൂപയാക്കും. ശമ്പള കമ്മീഷൻ മാതൃകയിൽ ക്ഷേമ പെൻഷൻ കമ്മീഷൻ രൂപീകരിക്കും.**
- **ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി യു.ഡി.എഫ് കാലത്ത് നടപ്പിലാക്കിയതും ഏറെ അംഗീകാരം ലഭിച്ചതുമായ 'ആശ്രയ' പദ്ധതി കാലോചിതമായി പരിഷ്കരിച്ച് അതിന്റെ രണ്ടാംഘട്ടമായ നവ ആശ്രയ ആരംഭിക്കും.**
- **മഞ്ഞ(അന്ത്യോദയ), പിങ്ക് റേഷൻ കാർഡ് ഉടമകളുടെ ദാരിദ്ര്യം നിർമ്മാർജനം ചെയ്യാനും ലഘൂകരിക്കാനും പ്രത്യേക കർമ്മ പദ്ധതിക്ക് രൂപം നൽകും.**
- **വിശപ്പു രഹിത കേരളം ഉറപ്പാക്കാൻ എറണാകുളത്ത് കോർപറേഷൻ ഭരണസമിതി നടപ്പിലാക്കിയതു പോലെ കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്ന ഇന്ദിര കാന്റീൻ ആരംഭിക്കും.**
- **അർഹരായവർക്കെല്ലാം പ്രയോറിറ്റി റേഷൻ കാർഡ് നൽകും. പ്രത്യേക സാഹചര്യങ്ങളിലും പ്രത്യേക മേഖലകളിലും അർഹരായ ജനവിഭാഗങ്ങൾക്ക് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ സൗജന്യ റേഷൻ പുനഃസ്ഥാപിക്കും.**
- കേന്ദ്ര സർക്കാർ തകർക്കാൻ ശ്രമിക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ വേതനവും തൊഴിൽ ദിനങ്ങളും വർധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്നവർക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും. ഇവർക്കായി അടഞ്ഞു കിടക്കുന്ന വീടുകൾ, കാടുപിടിച്ച വസ്തു വകകളും ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പ്രത്യേക നടപടികൾക്ക് രൂപം നൽകും.
- 'യുവ ശക്തി നാടിൻ സമ്പത്ത്' - യുവാക്കൾക്ക് വേണ്ടിയുള്ള വിവിധ പ്രവർത്തന ങ്ങൾക്കായി പദ്ധതി വിഹിതത്തിന്റെ 5 ശതമാനം നീക്കി വയ്ക്കും. യുവാക്കൾക്ക് കുടുംബശ്രീ മോഡൽ 'യുവശ്രീ' സംഘങ്ങൾ ആരംഭിക്കാൻ നടപടി.
- വയോജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കാൻ സർക്കാർ അംഗീകൃത പഞ്ചായത്ത് വോളണ്ടിയർമാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കും. വയോജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായം നൽകും.
- ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന്റെ 25% കൂടുതൽ നൽകണം എന്ന 2016 ലെ അവകാശ നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കും.
- ട്രാൻസ്ജെൻഡർ വിഭാഗത്തോടുള്ള അവഗണന അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കും. ട്രാൻസ്ജെൻഡർ വിഭാഗത്തിന് വേണ്ടി ആരോഗ്യ ഇൻഷുറൻസ്, പി.എസ്.സി സംവരണം, പാർപ്പിട പദ്ധതി അടക്കമുള്ള പ്രത്യേക വികസന പാക്കേജ് നടപ്പിലാക്കും.

- അർഹമായ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ നടപടി സ്വീകരിക്കും.
- തമിഴ്, കന്നഡ അടക്കമുള്ള ഭാഷ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.
- നിർദ്ധനരായ രോഗികൾക്ക് സഹായം എത്തിക്കാൻ യു.ഡി.എഫ്. കാലഘട്ടത്തിൽ കാര്യക്ഷമമായി നടപ്പിലാക്കിയ കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതി, ശ്രുതി തരംഗം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, താലോലം, കാൻസർ സുരക്ഷാ, സ്നേഹ സാന്ത്വനം, പകൽവീട്, വയോമിത്രം, ആശ്വാസകിരണം, സുകൃതം അടക്കമുള്ള പദ്ധതികൾ പുനരാരംഭിക്കും.ഇവ സംയോജിപ്പിച്ച് **ഉമ്മൻ ചാണ്ടി കാരുണ്യ പദ്ധതി** എന്ന പേരിൽ നടപ്പിലാക്കും.

## 2. ക്ഷേമ പദ്ധതികൾ

- **മത്സ്യബന്ധന ബോട്ടുകൾ, കെ.എസ്.ആർ.ടി.സി അടക്കമുള്ള യാത്രാ ബസുകൾ, ഓട്ടോറിക്ഷ തൊഴിലാളികൾ, ഉടമസ്ഥർ ഓടിക്കുന്ന ടാക്സികൾ എന്നിവയ്ക്ക് സംസ്ഥാന നികുതിയിൽ നിന്നും ഇന്ധന സബ്സിഡി ലഭ്യമാക്കും.**
- അച്ഛനമ്മമാർ നഷ്ടപ്പെട്ട കുട്ടികളെ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ ഏറ്റെടുക്കും.
- **ആശാ വർക്കർമാരുടെ ദിവസ വേതനം കുറഞ്ഞത് 700 രൂപയാക്കും.**
- **അംഗനവാടി തൊഴിലാളികൾ, ആശ, സ്കൂൾ പാചക തൊഴിലാളികൾ അടക്കമുള്ള സ്കീം തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കും. ഇവരുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തും. ക്ഷേമനിധി, ഇ.എസ്.ഐ, പെൻഷൻ അനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.**
- പ്രീ പ്രൈമറി അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കും.
- നാഷണൽ സേവിങ്സ് സ്കീം ഏജന്റുമാരുടെയും മഹിളാ പ്രധാൻ ഏജന്റുമാരുടെയും വരുമാന വർധനവിന് ഉചിതമായ നടപടികൾ കൈക്കൊള്ളും.
- തൊഴിലുറപ്പ് തൊഴിലാളികർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും വരുമാന വർധനവിനും നടപടികൾ സ്വീകരിക്കും.
- സെറിബ്രൽ പാൾസി രോഗമുള്ള കുട്ടികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കും.
- സംസ്ഥാനത്ത് ബി.പി.എൽ കുടുംബങ്ങളിലെ രോഗികൾക്കുള്ള ഡയാലിസിസ് സൗജന്യമാക്കും. ഡയാലിസിസ് രോഗികൾക്കുള്ള തുടർചികിത്സ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കും.
- ദേശീയ പാത, റോഡ് വികസനം എന്നിവ മൂലം വ്യാപാരവും തൊഴിലും നഷ്ടപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും
- അന്തർ സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ തൊഴിൽ, ഹെൽത്ത് കാർഡുകൾ നിർബന്ധമാക്കും.
- മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് ഭിന്നശേഷിക്കാർക്ക് പ്രത്യേക ഗ്രാന്റുകളും വായ്പകളും ലഭ്യമാക്കും.

- **അർഹരായ കുട്ടികൾക്ക് ഇന്ത്യയിലും വിദേശത്തും പഠനത്തിന് കെ.ആർ. നാരായണൻ സ്കോളർഷിപ്പ്, ലോൺ സ്കോളർഷിപ്പ് എന്നിവ ലഭ്യമാക്കും.**
- സർക്കസ്, ഗാനമേള, ലൈറ്റ് ആൻഡ് സൗണ്ട് മുതലായ മേഖലകളിലെ തൊഴിലാളി കൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- ക്ഷേത്രങ്ങളിലും മറ്റു ഉത്സവങ്ങളിലും കലാപരിപാടികൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്കും, മൈക്ക് ഓപ്പറേറ്റർമാർക്കും രാത്രി 10 മണിക്ക് ശേഷം മൈക്കുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. പ്രസ്തുത വ്യവസ്ഥയിൽ മാറ്റം വരുത്തി പ്രതിസന്ധി പരിഹരിക്കാൻ നിയമപരമായ ഇടപെടൽ നടത്തും.
- അങ്കണവാടിയിലെ കുട്ടികൾക്ക് ത്രൈമാസികമായി മെഡിക്കൽ ചെക്കപ്പിനുള്ള നടപടി കൾ സ്വീകരിക്കും.
- സംസ്ഥാനത്തെ ഓട്ടോ, ടാക്സി തൊഴിലാളികൾക്ക് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കും.
- അഗതി മന്ദിരങ്ങൾക്ക് പ്രത്യേക ഗ്രാന്റും സൗജന്യ റേഷനും ലഭ്യമാക്കും
- സ്പെഷൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാന്റ് ലഭ്യമാക്കും. ഇവർക്ക് റേഷൻ, പഞ്ചസാര എന്നിവ സൗജന്യമാക്കും.
- എൻഡോസൾഫാൻ ബാധിതർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും. ദുരിത ബാധിതരായ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കും
- വിവാഹ മോചിതരായ പുനർവിവാഹം ചെയ്യാത്ത അർഹരായ സ്ത്രീകൾക്ക് ധനസഹായം ലഭ്യമാക്കും
- മുതിർന്ന പൗരന്മാർക്ക് വിശ്രമിക്കാനും സാമൂഹിക ഇടപെടലുകൾക്കും വെൽനസ് പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി ഹബ്ബുകളായി വിനോദ കേന്ദ്രങ്ങൾ വികസിപ്പിക്കും. മുതിർന്ന പൗരന്മാർക്ക് വയോജന പാർക്കുകളും പകൽ വീടുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കും. സഹകരണ മേഖല/സി.എസ്.ആർ സഹായത്തോടെ ഷെൽട്ടർ ഹോം അടക്കമുള്ള സീനിയർ സിറ്റിസൺ വില്ലേജുകൾ സ്ഥാപിക്കും
- റേഷൻ റീട്ടെയിൽ വ്യാപാരികളുടെയും സെയിൽസ്മാന്മാരുടെയും സേവന വേതന ഘടന കാലോചിതമായി പരിഷ്കരിക്കും.
- ഗിഗ്, ഓൺലൈൻ പ്ലാറ്റ്ഫോം തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.
- കൊച്ചുകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളാൻ പ്രത്യേക ടാസ്ക് ഫോഴ്സും കൂടുതൽ കോടതികളും രൂപീകരിക്കും.
- ഉമ്മൻ ചാണ്ടി ഇൻഷുറൻസ് പദ്ധതിയുടെ ഇൻഷുറൻസ് പരിരക്ഷ അധികരിക്കാൻ സാധ്യതയുള്ള ലിവർ, കിഡ്നി മാറ്റിവയ്ക്കൽ, എസ്.എം.എ. രോഗം (സ്പൈനൽ മസ്ക്കുലാർ അട്രോപ്പി), കൃത്രിമ കൈകാലുകൾ ലഭ്യമാക്കൽ അടക്കമുള്ള ചികിത്സ യ്ക്കും തുടർചികിത്സകൾക്കുമായി വിവിധ സംഘടനകളുമായി ചേർന്ന് പദ്ധതികൾക്ക് രൂപം നൽകും. ഇതിനായി പ്രത്യേക നിധി രൂപീകരിക്കും.
- അപകടത്തിൽപ്പെടുന്നവരെ ആശുപത്രികൾ എത്തിക്കുന്ന സുമനസുകൾക്ക് പ്രോത്സാഹനം നൽകുന്ന “ഗുഡ് സമരിറ്റൻ”നിയമം പൂർണതോതിൽ നടപ്പിലാക്കും.
- കേരളത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ നിലനിൽപ്പും സംരക്ഷണവും ഉറപ്പ് വരുത്തും. അക്ഷയ കേന്ദ്രങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകി സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.

- ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.
- കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ബോർഡിങ് ഗ്രാന്റ് വർധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- സ്പെഷൽ സ്കൂളുകൾക്കുള്ള ഗ്രാന്റുകൾ വർധിപ്പിക്കാനും ഗ്രാന്റുകൾ സമയ ബന്ധിതമായി നൽകാനും നടപടികൾ സ്വീകരിക്കും.
- കേരളത്തിലെ മനസികാരോഗ്യ കേന്ദ്രങ്ങളിലെയും അനാഥ അഗതി വൃദ്ധ മന്ദിരങ്ങളിലെയും അന്തേവാസികൾക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കും.
- അർദ്ധ സൈനിക വിമുക്തഭടന്മാരുടെയും ആശ്രിതരുടേയും സമഗ്ര ക്ഷേമം നടപ്പാക്കാനായി കേന്ദ്രസർക്കാർ 2013ൽ സംസ്ഥാനത്തിന് നൽകിയ നിർദേശങ്ങൾ നടപ്പിലാക്കും.
- സംസ്ഥാനത്തെ കുറി, ചിട്ടി സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാൻ നികുതി കുറയ്ക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.
- അഡ്വക്കേറ്റ്/ക്ലാർക്ക് വെൽഫെയർ ഫണ്ട് ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കും. വെൽഫെയർ ഫണ്ടിൽ നിന്നും വിവാഹം, അസുഖം അടക്കമുള്ള അടിയന്തരഘട്ടങ്ങളിൽ പി.എഫ് മാതൃകയിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.
- ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കുടിശ്ശികകൾ സമയ ബന്ധിതമായി നൽകാനും പെൻഷനും മറ്റ് അനുകൂല്യങ്ങളും സമയബന്ധിതമാക്കാനും നടപടികൾ സ്വീകരിക്കും
- പാലിയേറ്റീവ്, ജെറിയാട്രിക് കെയർ എന്നിവയ്ക്ക് പ്രത്യേക പദ്ധതികളിലൂടെ മുൻഗണന നൽകും.
- കിടപ്പ് രോഗികൾക്ക് പ്രത്യേക സഹായം ലഭ്യമാക്കും.
- കേരളത്തിൽ പാവപ്പെട്ടവർക്ക് കുറഞ്ഞ ചിലവിൽ വിവാഹം നടത്താൻ ആധുനിക സൗകര്യങ്ങളുള്ള "സ്നേഹ സുമംഗലി" വിവാഹ മണ്ഡപങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.
- മാധ്യമ പ്രവർത്തകർക്ക് ആരോഗ്യ പരിരക്ഷ അടക്കം നൽകാൻ ഉതകുന്ന മീഡിയ വെൽഫെയർ ബോർഡ് സ്ഥാപിക്കും.
- സിംഗിൾ മദർ പെൻഷൻ നടപ്പിലാക്കും.
- ലോട്ടറി മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടൽ ഉറപ്പാക്കും; മുൻ യു.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ കാരുണ്യ ലോട്ടറി മാതൃക വിപുലീകരിച്ച് പുതിയ ക്ഷേമ ലോട്ടറികൾ ആരംഭിക്കും.
- ലോട്ടറി കച്ചവടം നടത്തുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും.
- കോടതി വിധി പ്രകാരം അനാഥാലയം, അഗതി മന്ദിരം എന്നിവയിൽ താമസിപ്പിക്കുന്ന 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് ഗ്രാന്റ് ഉറപ്പാക്കും.
- ആന്തരിക അവയവങ്ങൾക്ക് തകരാറുള്ള വ്യക്തികൾ, ടൈപ്പ് 1 ഡയബറ്റിക്സ് ബാധിച്ച കുട്ടികൾ എന്നിവരെ ഭിന്നശേഷി വിഭാഗത്തിൽപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

- തുടർ വിദ്യാഭ്യാസ സാക്ഷരത പ്രേരക്മാരുടെ വേതന വർദ്ധവ് വരുത്തുകയും ജോലി ഭാരം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും. പെൻഷൻ, ഇൻഷുറൻസ് അനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കും. ബ്ലോക്ക്, പഞ്ചായത്ത് പ്രേരക്മാരുടെ വേതനം ഏകീകരിക്കും.
- കമ്മ്യൂണിറ്റി കിച്ചൺ വിപുലീകരിക്കും.
- സ്വകാര്യ ബസ് മേഖലയെ ഒരു വ്യവസായമായി അംഗീകരിച്ചുകൊണ്ട് മറ്റു വ്യവസായങ്ങൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്തെ പ്രൈവറ്റ് ബസ് ഉടമകൾക്കും നൽകാനും ത്രൈമാസ നികുതി ഇനത്തിൽ ഇളവ് നൽകാനും നടപടി കൾ സ്വീകരിക്കും.
- ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ  കുട്ടികൾക്ക് ഗുണമേന്മയുള്ള ഇൻസുലിനുകൾ നൽകാനും, ബ്രെട്ടിൽ ഡയബറ്റിക്കായ കുട്ടികൾക്ക് ഇൻസുലിൻ പമ്പ് നൽകുവാനും, കൂടുതൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കണ്ടിന്വസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ നൽകുവാനും നടപടി സ്വീകരിക്കും.
- മിഠായി പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനും പദ്ധതിക്കായി വകയിരുത്തിയ തുക വക മാറ്റി ചെലവഴി ക്കുന്നത് തടയാനും, എല്ലാ ജില്ലകളിലും മിഠായി സാറ്റലൈറ്റ് സെന്ററുകളിൽ എൻഡോ ക്രൈൻ ഡോക്ടർമാരുടെ സേവനം നൽകുവാനുള്ള ക്രമീകരണങ്ങൾ നടത്തും.
- ഓൺലൈൻ ടാക്സി സംവിധാനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര നടപടി സ്വീകരിക്കും. ഓൺലൈൻ ടാക്സി കസ്റ്റമർ കെയർ 24/7 ആക്കാൻ നടപടി സ്വീകരിക്കും.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കും.
- ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ട Material collection facilityകൾ കൂടുതൽ ശാസ്ത്രീയമാക്കാനും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹന സൗകര്യം ഏർപ്പെടു ത്താനും നടപടി സ്വീകരിക്കും.
- തൊഴിലുറപ്പ് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഫോട്ടോ എടുക്കുന്ന രീതി മൂലം അവർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ഹാജർ പ്രക്രിയ ലഘൂകരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
- പാചക/കാറ്ററിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ചു പരിഹരിക്കാൻ നടപടി സ്വീകരിക്കും.
- പ്രതിസന്ധി നേരിടുന്ന സർക്കാർ കരാറുകാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും.
- അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതാണ്. മാർഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.
- ഗുരുതരമായ രോഗബാധിതർക്ക് രോഗത്തിന്റെ ലക്ഷണങ്ങളിൽ നിന്നും, വേദനയിൽ നിന്നും, സമ്മർദ്ദത്തിൽ നിന്നും ആശ്വാസം നൽകുന്നതിനുള്ള  പാലിയേറ്റിവ് കെയർ പരിചരണത്തിന് കൂടുതൽ ഊന്നൽ നൽകും .
- രോഗിയുടെയും കുടുംബത്തിന്റെയും ജീവിത നിലവാരം മെച്ചപ്പെടുത്തകയെന്ന ലക്ഷ്യ ത്തോടെ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സംവിധാനങ്ങളെ ഗ്രേഡ് ചെയ്യുകയും ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.
- **ഭിന്നശേഷി നിയമനത്തിനായി നിശ്ചിത തസ്തികകൾ മാറ്റിവെച്ചിട്ടുള്ള എല്ലാ മാനേജ് മെന്റുകൾക്കും കീഴിലുള്ള എയ്ഡഡ് സ്കൂൾ  അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം  നൽകാൻ നടപടി സ്വീകരിക്കും.**

- സർക്കാർ സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അർഹരായ സ്പെഷ്യൽ എജുക്കേറ്റർമാരുടെ നിയമനം കോടതി വിധികൾക്ക് അനുസൃതമായി സ്ഥിരപ്പെടുത്തുകയും, പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യും.
- ഭയാനകമായ രീതിയിൽ വർധിക്കുന്ന ഗാർഹിക കൊലപാതങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്നായ മാനസികാരോഗ്യ തകർച്ച പരിഹരിക്കാൻ ഉചിതമായ സോഷ്യൽ വർക്ക് പ്രൊഫഷണലുകളുടെ നേതൃത്വത്തിൽ പരിഹാര നടപടികൾ ആരംഭിക്കും. മാനസിക ഉല്ലാസത്തിന് പ്രത്യേക പരിപാടികൾ നടപ്പിലാക്കും.
- കിടപ്പിലായ രോഗികൾക്കും, ചലന ശേഷി ഇല്ലാത്ത ഭിന്നശേഷിക്കാർക്കും റേഷൻ വീട്ടിലെത്തിച്ചു നൽകും
- 24X7 സീനിയർ സിറ്റിസൺ ഹെൽപ്പ്ലൈൻ എല്ലാ ജില്ലകളിലും ആരംഭിക്കും. ഇതുവഴി ആംബുലൻസ്, പോലീസ്, സോഷ്യൽ വർക്കർ സേവനങ്ങൾ 30 മിനിറ്റിനകം ലഭ്യമാക്കും.
- കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന പാലിയേറ്റീവ് നേഴ്സുമാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

## 3. ആരോഗ്യ പരിപാലനം

- ആരോഗ്യമേഖലയ്ക്ക് പ്രഥമ പരിഗണന നൽകും. ആരോഗ്യത്തിനുള്ള സംസ്ഥാന ബജറ്റ് വിഹിതം വർദ്ധിപ്പിക്കും. മരുന്നുകൾക്കും രോഗ പരിശോധനകൾക്കുമായി കൃത്യമായ ബജറ്റ് വിഹിതം നീക്കിവയ്ക്കാൻ നടപടിസ്വീകരിക്കും.
- **സർക്കാർ ആശുപത്രികളിൽ രോഗികൾ നിലത്തു കിടക്കേണ്ട അവസ്ഥയുണ്ടാകില്ല. ഇതിനായി സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ബെഡ് അവരുടെ അവകാശമാക്കും.**
- രാജ്യത്ത് ആരോഗ്യമേഖലയിൽ ഏറ്റവും കൂടുതൽ "ഔട്ട് ഓഫ് പോക്കറ്റ്" ചിലവ് വഹിക്കുന്ന സംസ്ഥാനമാണ് കേരളം. ആശുപത്രികളിൽ ഔട്ട് ഓഫ് പോക്കറ്റ് ചിലവ് കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കും.
- അമിതമായ "ഔട്ട് ഓഫ് പോക്കറ്റ്" ചെലവുമൂലം മനുഷ്യരെ ഭാരിദ്ര്യത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്ന കാൻസർ, ഹൃദ്രോഗം, സ്ട്രോക്ക്, വൃക്ക രോഗം, തുടങ്ങിയ രോഗങ്ങൾക്ക് പൊതുമേഖലയിൽ ഏറ്റവും ഉയർന്ന നിലവാരമുള്ള ചികിത്സ ഉറപ്പാക്കും.
- കേരളത്തെ ഒരു ലോകോത്തര ഹെൽത്ത് ഡെസ്റ്റിനേഷൻ ആക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും.
- **അലോപ്പതി, ആയുർവേദം അടക്കമുള്ള വൈദ്യശാസ്ത്ര ശാഖകളെ സംയോജിപ്പിച്ചുകൊണ്ട് വിദേശ രാജ്യങ്ങളിൽ നിന്നടക്കം രോഗികളെ ആകർഷിക്കാൻ പദ്ധതികൾ ആരംഭിക്കും.**
- ആരോഗ്യമേഖലയ്ക്കായി ബജറ്റ് വിഹിതത്തിനു പുറമെ ഗ്രാന്റുകൾ, സ്വകാര്യ നിക്ഷേപങ്ങൾ, സി.എസ്.ആർ. എന്നിവ വഴി ധനസമാഹരണം നടത്തി പുതിയ "ആരോഗ്യഫണ്ട്" രൂപീകരിക്കും.

- ആരോഗ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട് വർധിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും, അനുവദിക്കുന്ന കേന്ദ്ര ഫണ്ട് ലാപ്സ് ആകില്ലെന്ന് ഉറപ്പാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുകയും ചെയ്യും.
- മരുന്നില്ലാത്തത് മൂലമോ, ഉപകരണങ്ങളുടെ അപര്യാപ്തത മൂലമോ മതിയായ ചികിത്സാ ലഭിക്കാത്ത കാരണത്താലോ, ചികിത്സാ പിഴവ് മൂലമോ ഒരു രോഗിയും ബുദ്ധിമുട്ടില്ല എന്ന് ഉറപ്പ് വരുത്താൻ കർശന നടപടി സ്വീകരിക്കും.
- മരുന്നുകളുടെ ഗുണനിലവാരം കർശനമായി ഉറപ്പുവരുത്തും. ഗുണനിലവാരമില്ലാത്ത ഒരു മരുന്നും കേരളത്തിൽ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കും. സർക്കാർ ആശുപ്രതികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും മരുന്ന് സംഭരണം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കും.
- ആശുപത്രികളിലെ വിലപിടിപ്പുള്ള ഉപകരണങ്ങൾ കേടായിക്കിടക്കുന്നത് മൂലം രോഗ പരിശോധനകൾ നടക്കാത്ത സാഹചര്യം ഒഴിവാക്കും. ഉപകരണങ്ങൾ കൃത്യമായി മെയ്ന്റെനൻസ് നടത്താൻ സംസ്ഥാന തലത്തിൽ സർക്കാർ ഏജൻസി സ്ഥാപിക്കും.
- സമഗ്രമായ റിസോഴ്സ് പ്ലാനിംഗിലൂടെ ആരോഗ്യ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പുനക്രമീകരണങ്ങൾ നടത്തും. ഇതുവഴി റിസോഴ്സസ് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കും എന്ന് ഉറപ്പുവരുത്തും.
- സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കും. ഘട്ടംഘട്ടമായി ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ, ഫാർമസിസ്റ്റുകൾ, അനുബന്ധ ആരോഗ്യ ഉദ്യോഗസ്ഥർ എന്നിവരെ നിയമിച്ച് ജീവനക്കാരുടെ കുറവ് പരിഹരിക്കും.
- ഏതു അടിയന്തര രോഗത്തിനും "ഗോൾഡൻ അവറിൽ"ചികിത്സ ഉറപ്പാക്കാൻ എല്ലാ ജില്ലയിലും 24X7 പ്രവർത്തിക്കുന്ന സ്പെഷാലിറ്റിയും സൂപ്പർ സ്പെഷാലിറ്റിയും ഉള്ള സർക്കാർ ആശുപത്രികൾ ഉറപ്പാക്കും. സെക്കൻഡറി ലവൽ ആശുപത്രികളിൽ ശക്തമായ അടിയന്തിര ചികിത്സ/ട്രോമ കെയർ ഉറപ്പാക്കും.
- അടിയന്തിര ചികിത്സ സ്വകാര്യാശുപത്രികളിലും കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പാക്കാൻ നിലവിലുള്ള പദ്ധതികൾ പരിഷ്ക്കരിക്കുകയും അതിനായി റിസോഴ്സസ് കണ്ടെത്തുകയു ചെയ്യും.
- എല്ലാ പഞ്ചായത്തിലും അടിയന്തിര ചികിത്സാ സൗകര്യമുള്ള ആംബുലൻസ് എത്തുന്ന രീതിയിൽ ആംബുലൻസ് വിന്യാസം നടത്തും.
- പബ്ലിക് ഹെൽത്ത് കേഡർ സമ്പൂർണമായി നടപ്പാക്കും.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂന്നിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കും.
- സർക്കാർ ആശുപത്രികളിൽ കാര്യശേഷി വർധിപ്പിക്കാനും സേവന സംവിധാനം ആധുനികവൽക്കരിക്കുന്നതിനും കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിനും രോഗികളുടെ ഡാറ്റ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഭരണപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.
- നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് സമ്പൂർണ ഇ-ഹെൽത്ത് കോർഡിനേഷൻ നടപ്പാക്കും. വ്യത്യസ്ത ആശുപത്രികൾക്കിടയിൽ രോഗികളുടെ മാറ്റം സുഗമമാക്കാൻ ഇത് സഹായിക്കും
- സ്വകാര്യാശുപത്രികളെക്കൂടി ഉൾപ്പെടുത്തി ഡിജിറ്റൽ ഇൻറഗ്രേഷൻ നടപ്പാക്കും.
- മുടങ്ങിക്കിടക്കുന്ന ടെലികൺസൽട്ടേഷൻ ശക്തിപ്പെടുത്തും.

- രോഗികൾക്ക് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ വിദഗ്ധരുടെ സേവനം ലഭിക്കുന്നതിന് നിലവിലെ സാങ്കേതിക നൂലാമാലകൾ ഒഴിവാക്കി പുതുക്കിയ സമഗ്ര ഹെൽത്ത് ഹ്യൂമൻ റിസോഴ്സ് പോളിസി കൊണ്ടുവരും.
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പരിഷ്കാരങ്ങൾ നടപ്പിലാക്കും. സർക്കാർ ആശുപത്രികളുടെ നടത്തിപ്പിൽ അമിത രാഷ്ട്രീയ ഇടപെടൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കും.
- ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവ പിരിക്കുന്ന പണം കൃത്യമായ രീതിയിൽ രോഗികൾക്ക് വേണ്ടി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫണ്ട് പിരിവിന്റെയും ഉപയോഗ ത്തിന്റെയും മാനദണ്ഡങ്ങൾ പുനരാവിഷ്ക്കരിക്കും. ഫണ്ട് ഉപയോഗം നിരീക്ഷിക്കാ നുള്ള സംവിധാനങ്ങൾ ഉണ്ടാക്കും.
- **കേരളത്തിലെ സർക്കാർ ആശുപത്രികളിൽ അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രി ഉപകരണങ്ങളുടെയും അവശ്യ മരുന്നുകളുടെയും സംഭരണത്തെ നിയന്ത്രിക്കുന്ന നിലവിലെ ചട്ടങ്ങളും മാനദണ്ഡങ്ങളും പരിഷ്കരിക്കും.**
- **നിർണായക സാഹചര്യങ്ങളിൽ അടിയന്തര തീരുമാനമെടുക്കുവാൻ മെഡിക്കൽ കോളേജുകളുടെ സൂപ്രണ്ടുമാർ, പ്രിൻസിപ്പൽമാർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുൾപ്പെടെയുള്ള സ്ഥാപന മേധാവികൾക്ക് ഏർപ്പെടുത്തിയി രിക്കുന്ന നിലവിലെ സാമ്പത്തിക നിയന്ത്രണങ്ങളിൽ ഇളവ് നൽകും.**
- തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളജിനായി ജനറൽ ആശുപത്രിയിൽ നിർമ്മിച്ച ബഹുനില കെട്ടിടം രോഗികൾക്കായി തുറന്നു കൊടുക്കും.
- വൻകിട അന്തർദേശീയ കമ്പനികൾ കേരളത്തിലെ സ്വകാര്യാശുപത്രികൾ വാങ്ങുന്ന തിലൂടെ ഉളവാകുന്ന സാഹചര്യം സമഗ്രമായി പഠിച്ച് ആവശ്യമുള്ള നടപടികൾ സ്വീകരിക്കും.
- സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലന സംവിധാനങ്ങളുടെ പോരായ്മകൾ സംബന്ധിച്ച പഠനങ്ങൾ നടത്തി അവ പരിഹരിക്കാൻ നടപടി സ്വീകരിക്കും. സെക്കൻഡറി ലെവലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി ശക്തമായ സംവിധാനങ്ങൾ ഏർപ്പെടുത്തും. ഇതിന്റെ ഭാഗമായി "ഷീ ഹോസ്പ്പിറ്റൽസ്" ആരംഭിക്കും.
- മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, ലബോറട്ടറി ടെക്നോളജി, തുടങ്ങിയ വിവിധ രംഗങ്ങളിലെ പ്രശ്നങ്ങൾ സമഗ്ര പഠനത്തിന് വിധേയമാക്കാൻ കമ്മിഷനുകളെ നിയമിക്കും.
- മെഡിക്കൽ കോളജുകൾക്ക് സ്വയംഭരണം നൽകി ദേശീയ നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റും.
- ആയുഷ് രംഗത്തെ ന്യൂനതകൾ പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും കമ്മിഷനെ നിയമിക്കും. പ്രശ്നങ്ങൾ കൃത്യമായും സമയബന്ധിതമായും പരിഹരിക്കും.
- നിപ്പ, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയാൻ മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം സമഗ്രമായി പരിഗണിക്കുന്ന 'വൺ ഹെൽത്ത്' പ്ലാറ്റ്ഫോം നടപ്പിലാക്കും.

- മാനസികാരോഗ്യ സേവനങ്ങളെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഭാഗമാക്കി മാറ്റുകയും സ്ട്രോക്ക്, ഹൃദ്രോഗം തുടങ്ങിയവയ്ക്ക് പൊതുമേഖലയിൽ തന്നെ മികച്ച ചികിത്സ ഉറപ്പാക്കുകയും ചെയ്യും.
- വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും മരുന്നുകൾ വീട്ടിലെത്തിക്കുന്ന 'ഡോർസ്റ്റെപ്പ് ഔട്ട്റീച്ച്' പദ്ധതിക്ക് മുൻഗണന നൽകും. വൃദ്ധവനിതകൾക്ക് അംഗൻവാടിക്ക് സമാനമായി **അമ്മവാടി പദ്ധതി** ആരംഭിക്കും.
- ആദിവാസി മേഖലയിലെജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി 'ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകളും' ആരംഭിക്കും.
- തീരദേശ മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പ്രത്യേക ' കോസ്റ്റൽ കെയർ യൂണിറ്റുകൾ' സ്ഥാപിച്ച് ചികിത്സ ഉറപ്പാക്കും.
- ട്രാൻസ്ജന്റർ വ്യക്തികൾ അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ കൃത്യമായ ഇടപെടലുകൾ നടത്തും.
- **പോണ്ടിച്ചേരിയിലെ ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് റിസർച്ച് (ജിപ്മർ) മാതൃകയിൽ നോ ബിൽ (ബിൽ രഹിത) ആശുപത്രികൾ സ്ഥാപിക്കും.**
- മുൻ യു.ഡി.എഫ് സർക്കാർ ആരംഭിച്ച വയനാട്, തിരുവനന്തപുരം, കോന്നി, മഞ്ചേരി, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കൊല്ലം (പാരിപ്പള്ളി) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും. അടിസ്ഥാന സൗകര്യം, സ്റ്റാഫ്, ഉപകരണങ്ങൾ എല്ലാം ഉറപ്പ് വരുത്തും.
- പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. അമീബിക് മസ്തിഷ്കജ്വരം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, കോളറ എന്നിവ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പ്രത്യേക പദ്ധതികളും സ്ക്വാഡും രൂപീകരിക്കും. മഴക്കാല പൂർവ്വ ശുചീകരണം ഉറപ്പു വരുത്തും.
- കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകും. ഇതിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.
- സംസ്ഥാനത്ത് കാൻസർ രോഗികളുടെ ക്രമാതീതമായ വർധനവിനെ കുറിച്ച് പഠിച്ച്, പ രിഹാരം നിർദ്ദേശിക്കുവാൻ ശാസ്ത്രജ്ഞരും, വൈദ്യശാസ്ത്ര വിദഗ്ദരും ഉൾപ്പെടുന്ന ഒരു ഉന്നതതല വിദഗ്ധ സമിതി രൂപീകരിക്കും.
- കേരളത്തിൽ മൊബൈൽ കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കും.
- നിർദ്ധനരായ കുടുംബത്തിലെ സ്ത്രീകൾക്ക് മാമ്മോഗ്രാം സൗജന്യമാക്കും.
- ഉയർന്ന നിലവാരത്തിലുള്ള വിവിധ ചികിത്സാ സൗകര്യം ലഭ്യമാക്കാനും, മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാനും വിവിധ സ്പെഷ്യാലിറ്റി ആശുപത്രികൾ, ഗവേഷണ കേന്ദ്രങ്ങൾ, രോഗനിർണയ ലബോറട്ടറികൾ എന്നിവ ഒരേ പ്രദേശത്ത് സംയോജിപ്പിച്ചു കൊണ്ട് ഹെൽത്ത് ടെക് സിറ്റി ആരംഭിക്കും.
- കേരളത്തിൽ എം.ആർ.ഐ, സി.ടി സ്കാൻ, എക്സ് റേ, ഡയലിസിസ് എന്നിവ കുറഞ്ഞ നിരക്കിൽ നടത്തുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കും.
- ഗർഭസ്ഥശിശുവിന് ജനിതക വൈകല്യങ്ങളോ ജനന വൈകല്യങ്ങളോ ഉണ്ടോ എന്ന് പരിശോധിക്കാൻ ഗർഭകാലത്ത് നടത്തുന്ന ടെസ്റ്റുകളും സ്കാനുകളും സർക്കാർ ആശുപത്രികളിൽ സൗജന്യമാക്കും.

- **സർക്കാർ ആശുപത്രികളിൽ വയോജനങ്ങൾക്കും, ആവശ്യമുള്ളവർക്കും മികച്ച സേവനം ലഭ്യമാക്കാൻ എം.എസ്.ഡബ്ല്യു. കഴിഞ്ഞവരെ ഉൾപ്പെടുത്തി ഒരു കർമ്മ സേന രൂപീകരിക്കും.**
- രോഗ പ്രതിരോധത്തിനും, മുൻകൂട്ടിയുള്ള രോഗനിർണ്ണയത്തിനും ഊന്നൽ.
- മൂന്ന് മെഡിക്കൽ കോളജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്തും.
- പൊതുജനാരോഗ്യം ശക്തിപ്പെടുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തും.
- എല്ലാ പി.എച്ച്.സി.യിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കും.
- ജീവിതശൈലീ രോഗ പ്രതിരോധ കേന്ദ്രങ്ങൾ ആരംഭിക്കും.
- രോഗപ്രതിരോധ പ്രവർത്തനങ്ങളെ മുൻനിർത്തി സ്കൂൾ – കോളേജ് – സർവകലാ ശാല വിദ്യാർത്ഥികൾക്കായി സമഗ്രമായ 'സ്റ്റുഡൻറ് ഹെൽത്ത് പ്രോഗ്രാം' നടപ്പാക്കും. ഇതുമായി ബന്ധപ്പെട്ടുള്ള പരിശോധനയുടെ ഫലമായിട്ടുള്ള തുടർചികിത്സ പൂർണ്ണമായും സൗജന്യമാക്കും.
- ഉൾപ്രദേശങ്ങളിൽ അടക്കം ആരോഗ്യ സംരക്ഷണം ലഭ്യമാക്കാൻ ടെലിമെഡിസിൻ സൗകര്യം വിപുലപ്പെടുത്തും.
- എല്ലാ താലൂക്ക് ആശുപത്രിയിലും ടെലി മെഡിസിൻ സൗകര്യങ്ങൾ ഏർപ്പെടുത്തും.
- റീമോർട്ട് സെൻസിംഗ് സാധ്യതകളെ പ്രയോജനപ്പെടുത്തി വിദൂര കൺസൾട്ടിംഗ് സമ്പ്രദായം ആർ.സി.സിയിൽ നടപ്പിലാക്കും
- അത്യാധുനിക സ്ക്രീനിംഗിലൂടെയും എ.ഐ പവേർഡ് സൊല്യൂഷനുകളിലൂ ടെയും (നിർമ്മിത ബുദ്ധി) രോഗനിർണയം നടത്താനുള്ള പദ്ധതികൾ ആരംഭിക്കും.
- എല്ലാ പി.എച്ച്.സികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കും.
- എല്ലാ ജില്ലാ ആശുപത്രിയിലും മുലപ്പാൽ ബാങ്ക് ആരംഭിക്കും.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വൈറോളജി ആൻഡ് എപ്പിഡെമോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കും.
- ഹെൽത്ത് കെയർ സ്റ്റാർട്ടപ്പുകൾക്കായി ടെക്നോളജി പാർക്ക് നിർമ്മിക്കും
- മെഡിക്കൽ കോളജുകളെ പ്രത്യേക സ്പെഷലൈസേഷനിൽ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതികൾ നടപ്പിലാക്കും
- കേരളത്തിൽ സ്പോർട്സ് മെഡിസിൻ സൂപ്പർ സ്പെഷാലിറ്റി ആശുപത്രികൾ സ്ഥാപിക്കും. ആധുനികവും പരമ്പരാഗതവുമായ രീതികൾ ഉപയോഗപ്പെടുത്തുന്ന സ്പോർട്സ് മെഡിസിൻ സംവിധാനങ്ങൾ വിപുലീകരിക്കും.
- പാരാപ്ലജിക് കുട്ടികൾക്കായി നന്നായി പരിശീലനം ലഭിച്ച സ്റ്റാഫുകളുള്ള ശാരീരിക പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- എല്ലാ താലൂക്കുകളിലും ജെറിയാട്രിക് കെയർ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കും.
- മൊബൈൽ ക്രയോ ശസ്ത്രക്രിയാ യൂണിറ്റുകൾ നടപ്പിലാക്കും.
- നാട്ടുവൈദ്യം, പാരമ്പര്യ വൈദ്യം എന്നിവ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ നടപ്പിലാക്കും.
- വയനാട്ടിലെ അരിവാൾ രോഗികൾക്ക് സഹായം നൽകും.

- ബ്ലോക്ക് തലത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന രീതിയിൽ ആദ്യ ഘട്ടത്തിൽ സമഗ്ര സാമൂഹികാരോഗ്യ കേന്ദ്രമായി വികസിപ്പിക്കും. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ (സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ) ശാക്തീകരിക്കും.
- ഫാമിലി മെഡിസിനിൽ ബിരുദാനന്തര ബിരുദമുള്ളവരെയും പബ്ലിക് ഹെൽത്ത് ബിരുദമുള്ളവരെയും ഉപയോഗപ്പെടുത്തി സേവനങ്ങൾ ശാക്തീകരിക്കും.
- മാനസികാരോഗ്യത്തിനും ആത്മഹത്യ തടയുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കും. ആശുപത്രികളിലും വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും പരിശീലനം ലഭിച്ച മാനസികാരോഗ്യ ഉപദേഷ്ടാക്കളെ നിയമിക്കും.
- വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവാക്കൾ ഉൾപ്പെടെ വലിയൊരു വിഭാഗം ആത്മഹത്യയിൽ അഭയം തേടുന്ന സാഹചര്യങ്ങൾ വർദ്ധിച്ചു വരുന്നത് പ്രതിരോധി ക്കാനും മാനസികാരോഗ്യവും ആത്മവിശ്വാസവും അവർക്ക് ഉറപ്പു വരുത്തുന്നതിനുമായി *'മനോഹരമെന്റെ ജീവിതം'* പദ്ധതി നടപ്പിലാക്കും.
- സംസ്ഥാനത്ത് നഴ്സിംഗ് യൂണിവേഴ്സിറ്റി സ്ഥാപിക്കും. കേന്ദ്ര നഴ്സിംഗ് നിയമത്തിനു അനുസൃതമായി ചട്ടങ്ങൾ നിർമിക്കാൻ നടപടി സ്വീകരിക്കും.
- പാരാ മെഡിക്കൽ കോഴ്സുകൾക്ക് പ്രോത്സാഹനം നൽകും.
- **ഓരോ വീട്ടിലും ഓരോ ജീവൻരക്ഷാ പ്രവർത്തകൻ; സന്നദ്ധ സംഘടനകളുടെയും മെഡിക്കൽ പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ജീവൻ രക്ഷാപ്രവർത്തനത്തിലും പ്രഥമ ശുശ്രൂഷ യിലും ഒരു വീട്ടിലെ ഒരാൾക്കെങ്കിലും പരിശീലനം നൽകി സന്നദ്ധമാക്കും.**
- സർക്കാർ ആശുപത്രികളിൽ കിഡ്നി, ലിവർ മാറ്റിവെക്കൽ ഉൾപ്പെടെയുള്ള അവയവ മാറ്റ ശസ്ത്രക്രിയ സൗകര്യം വിപുലീകരിക്കും.
- എല്ലാ ജില്ലാ/ജനറൽ ആശുപത്രികളോടനുബന്ധിച്ചും സൂപ്പർ സ്പെഷാലിറ്റി ചികിത്സ സൗകര്യം ലഭ്യമാക്കും.
- പബ്ലിക് ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും പബ്ലിക് ഹെൽത്തിൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യും.
- പാലിയേറ്റീവ് കെയർ സേവനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് വിപുല പ്പെടുത്തും. പെയിൻ ആൻഡ് പാലിയേറ്റീവ് വികസിപ്പിക്കുകയും അവർക്ക് അർഹമായ സഹായം ലഭ്യമാക്കുകയും ചെയ്യും.
- ആശാ പ്രവർത്തകർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ സാമൂഹികാധിഷ്ഠിത രോഗ നിർണയ പ്രതിരോധ ആരോഗ്യ ശീലങ്ങൾ പ്രോത്സാഹിപ്പിക്കാൻ കാര്യക്ഷമമായ കർമ്മ പദ്ധതി ആവിഷ്ക്കരിക്കും
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ ആക്റ്റിലൂടെ ചികിത്സാ പ്രോട്ടോക്കോളുകൾ, ചികിത്സാ ചെലവുകൾ എന്നിവക്ക് മാനദണ്ഡങ്ങളും സുതാര്യതയും ഉറപ്പാക്കും.
- രോഗികളുടെ പരാതി പരിഹാര സംവിധാനം കാര്യക്ഷമമാക്കാൻ സംസ്ഥാനതല നിയന്ത്രണ അതോറിറ്റിയോ മേൽനോട്ട സമിതിയോ രൂപീകരിക്കും.
- അങ്കണവാടികൾക്ക് നിശ്ചിത സ്റ്റാൻഡേർഡ് നിശ്ചയിച്ച് അതുപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തും. എല്ലാ അങ്കണവാടികളും സ്മാർട്ട് അങ്കണവാടികളാക്കു ന്നതിന് നടപടി സ്വീകരിക്കും.

- ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്ന മെഡിക്കൽ ടെക്നീഷ്യൻമാരെ പാരാമെഡിക്കൽ കൗൺസിൽ നിയമം നടപ്പിലാക്കി സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.
- ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടർ ഇൻജെക്ഷൻ സൗജന്യമാക്കാനും കൂടുതൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കും.
- കോവിഡിന് ശേഷമുള്ള വിവിധ ആരോഗ്യ പ്രശ്നങ്ങൾ പഠനവിധേയമാക്കി നടപടി സ്വീകരിക്കും.
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കാലോചിതമായി പരിഷ്കരിക്കും
- ചെറുകിട ആശുപത്രികൾക്ക് സർക്കാർ സഹായം ലഭ്യമാക്കും. 15 ബെഡ് വരെയുള്ള ആശുപത്രികൾക്ക് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഇളവ് നൽകുന്നതിനെ കുറിച്ച് പഠിച്ച് സർക്കാർ നടപടി സ്വീകരിക്കും.
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ നടത്തിപ്പിൽ സ്വകാര്യ ഡോക്ടർമാരുടെ പ്രതിനിധ്യം ഉറപ്പാക്കും.
- നഴ്സുമാരുടെ മിനിമം വേതനം വർധിപ്പിക്കാൻ നടപടി സ്വീകരിക്കും. ശമ്പള പരിഷ്ക്കരണ കമ്മീഷൻ മാതൃകയിൽ കമ്മീഷൻ രൂപീകരിച്ച് നടപ്പിലാക്കും.
- കാരുണ്യ ഫാർമസിയുടെ പ്രവർത്തനം മെച്ചപ്പെടുത്തും. കിഡ്നി രോഗം അടക്കമുള്ള വയുടെ മരുന്ന് ലഭ്യമാക്കും.
- **കാൻസർ രോഗത്തിനുള്ള മരുന്നുകൾക്ക് നികുതി ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കും.**
- മഞ്ചേരി മെഡിക്കൽ കോളജ് പുതിയ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് ദേശീയ നിലവാര മുള്ള സ്ഥാപനമാക്കി ഉയർത്തും.
- ആധുനിക സൗകര്യങ്ങളോടെ ഒരു കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം സ്ഥാപിക്കും.
- ഫാർമ മേഖലയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (NIPER) സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കും .
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശുപത്രികളിൽ ഭക്ഷണം വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകും.
- കുട്ടികളിലും യുവാക്കളിലും വലിയ ആരോഗ്യപ്രശ്നമായി മാറിയ പൊണ്ണത്തടി നിയന്ത്രിക്കുന്നതിന് ഇടപെടൽ നടത്തും.
- അട്ടപ്പാടി അടക്കമുള്ള പിന്നോക്ക മേഖലയിലെ ബി പി എൽ കുടുംബങ്ങളിലെ ഗർഭിണികൾക്ക് പോഷകാഹാര കിറ്റുകൾ നൽകാൻ നടപടി സ്വീകരിക്കും.

## 4. വിദ്യാഭ്യാസം

**ഉന്നത വിദ്യാഭ്യാസം**

- അന്താരാഷ്ട്ര തൊഴിൽ മാർക്കറ്റിൽ ജോലിയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. മാറുന്ന ജോലിയുടെ സ്വഭാവം പഠിക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ വരുത്താനും വിദഗ്ധർ അടങ്ങുന്ന "ജോബ് വാച്ച് ടവർ"രൂപീകരിക്കും.

- കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി പാഠ്യപദ്ധതിയിലും നൈപുണ്യ വികസനത്തിൽ അടക്കം മാറ്റം വരുത്തേണ്ട തുണ്ട്. ഇതിനായി പുതിയ ഡിഗ്രി പ്രോഗ്രാമുകൾ ആരംഭിക്കും.
- വിദ്യാഭ്യാസത്തെ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായി മാറ്റും. ഗവേഷണത്തിനും പുതുമ കാഴ്ചവെക്കുന്ന ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു വിദ്യാ ഭ്യാസ പരിസരം രൂപപ്പെടുത്തും.
- കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പുറത്തേക്കുള്ള കുടിയേറ്റം കുറയ്ക്കാൻ ലോകോത്തര പഠന സൗകര്യങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ ഒരുക്കും.
- വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ-അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും.
- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ വർധിച്ചുവരികയാണ്. കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിലുള്ള ആത്മഹത്യാ നിരക്ക് പരിശോധിച്ചാൽ ഇത് മനസിലാക്കാം. അതുകൊണ്ടു തന്നെ വിദ്യാർത്ഥികളുടെ മാനസിക ഉല്ലാസം ഉറപ്പുവരുത്താൻ വെൽനെസ് സെന്ററുകൾ, കൗൺസലിംഗ്, മൈൻഡ് ഫുൾനെസ് അടക്കമുള്ള പരിപാടികൾ നടപ്പാക്കും. ഇത്തരം പരിപാടികൾ കാര്യക്ഷമ മായി ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് "വെൽനെസ് ക്രെഡിറ്റുകൾ" നൽകും.
- ലോകം ഇന്ന് നിർമ്മിത ബുദ്ധിയുടെ പുതുയുഗത്തിലേക്ക് കാലെടുത്തു വച്ചിരിക്കുകയാണ്. നിർമ്മിത ബുദ്ധി മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ സാങ്കേതിക വിപ്ലവത്തിന്റെ പുതിയ അധ്യായമാണ്. കൃത്രിമ ബുദ്ധിയും നവ സാങ്കേതികവിദ്യകളുടെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കേരള എ.ഐ. ഗവേഷണ സ്ഥാപനം (KAIR) സ്ഥാപിക്കും.
- കൃത്രിമ ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളെ മുൻകൂട്ടി മനസിലാക്കി ഉപയോഗപ്പെടുത്താൻ Future Readiness Think Tank രൂപീകരിക്കും.
- വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കാൻ ജവഹർലാൽ നെഹ്റു ശാസ്ത്രബോധ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ വന്നു പഠിക്കാൻ അവസരം ഒരുക്കുന്ന "സെമസ്റ്റർ ഇൻ കേരള"പദ്ധതി പുനരാരംഭിച്ച് അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും. ഇതിനായി മിടുക്കരായ വിദ്യാർത്ഥികൾക്കായി സർവ്വകലാശാലകളുമായി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടപ്പാക്കും. വിദേശ വിദ്യാർത്ഥികൾക്കായി സിംഗിൾ വിൻഡോ പ്രവേശന സംവിധാനം നടപ്പാക്കും.
- സംസ്ഥാന സർവകലാശാലകൾക്കിടയിൽ ക്രെഡിറ്റ് ട്രാൻസ്ഫർ നടപ്പാക്കും. ഇത് 'Student mobility' ഉറപ്പുവരുത്താൻ സഹായിക്കും. അന്താരാഷ്ട്ര അടിസ്ഥാനത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോകത്തിനു പരിചയപ്പെടുത്താൻ എജ്യൂക്കേഷൻ ഫെയറുകൾ സംഘടിപ്പിക്കും.
- ലോകത്തിലെ എല്ലാ പ്രമുഖ സർവകലാശാലകളും 'Student diversity'ക്ക് പ്രധാന പരിഗണന നൽകുന്നവയാണ്. ഉദാഹരത്തിനു ഹാർവാർഡിൽ നൂറോളം രാജ്യങ്ങളിലെ വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ജെ.എൻ.യു. ഇന്ത്യയുടെ പരിച്ഛേദമാണ്. കേരളത്തിലെ ക്യാമ്പസുകളിൽ 'Student diversity' ക്ക് പ്രധാന പരിഗണന നൽകും.

- വിദ്യാർത്ഥികളുടെ സ്വകാര്യ വിവരങ്ങൾ അടക്കം വിവിധ വെബ്സൈറ്റുകളിൽ ലഭിക്കുന്ന 'data breach' ന്റെ നിരവധി സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ഇത് തടയാൻ വിദ്യാർത്ഥി ഡാറ്റ സ്വകാര്യത നിയമപരമായി ഉറപ്പാക്കും.
- സംസ്ഥാനത്തെ കോളേജുകളിൽ റാഗിങ്ങും ആക്രമണങ്ങളും ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികൾ അഡ്മിഷൻ നേടുന്നതിന് ഒരു വിലങ്ങുതടിയായി ഇത് നിൽക്കുകയാണ്. കേരളത്തിലെ ക്യാമ്പസുകളിൽ റാഗിങ്ങ് തടയാൻ 'Sidharthan Student Distress App' ഉം, റാഗിംഗ് തടയാനും വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പുവരുത്താനും 'Sidharthan Anti ragging & Student Welfare Act' നടപ്പാക്കും.
- അക്കാദമിക് ഇലക്ഷൻ കമ്മീഷൻ സ്ഥാപിച്ച് വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുകളിൽ ക്രിയാത്മകമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും. ക്യാമ്പസുകളിലെ ജനാധിപത്യം ശക്തിപ്പെടുത്താൻ പ്രതിപക്ഷ നേതൃസ്ഥാനം കൊണ്ടുവരും.
- മൂല്യനിർണയം, ചോദ്യപേപ്പർ തയ്യാറാക്കൽ, പരീക്ഷാ ഇൻവിജിലേഷൻ എന്നിവയിൽ നിർമ്മിത ബുദ്ധിയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തും.
- എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും എ.ഐ. വകുപ്പുകൾ സ്ഥാപിക്കും. ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ എ.ഐ. ലിറ്ററസി നിർബന്ധിതമാക്കും; STEM(Science, Technology, Engineering, and Mathematics) / Non-STEM വിദ്യാർത്ഥികൾക്കായി പ്രത്യേകം മോഡ്യൂളുകൾ രൂപീകരിക്കും.
- കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ കീഴിൽ കേരള ഹയർ എഡ്യുക്കേഷൻ ഡാഷ് ബോർഡ് രൂപീകരിക്കും. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെയും പുരോഗതിയെയും ഒരു റൂമിൽ ഇരുന്നുകൊണ്ട് മനസിലാക്കാൻ സാധിക്കുന്ന രീതിയിൽ ഡാഷ് ബോർഡ് വിപുലീകരിക്കും.
- സർവകലാശാലകളിലെ താത്കാലിക അധ്യാപക നിയമനത്തിലെ അഴിമതിയും സ്വജന പക്ഷപാതവും ഒഴിവാക്കാൻ അധ്യാപക നിയമനത്തിനായി സ്വതന്ത്ര കമ്മീഷൻ സ്ഥാപിക്കും.
- ഭരണപരമായ ഉത്തരവാദിത്വങ്ങളും ഗവേഷണ മാർഗനിർദേശവും ജോലിയുടെ ഭാഗമായി ഉൾപ്പെടുത്തി അധ്യാപക ജോലിഭാരം പുനർനിർവചിക്കും; ഇതുവഴി അധ്യാപക ജോലി ഭാരം കുറയ്ക്കാൻ സാധിക്കും. ബിരുദാനന്തര പഠനത്തിന്റെ വെയിറ്റേജ് പുനഃപരിശോധിക്കും.
- വിവരം എല്ലാവർക്കും ലഭ്യമാക്കാൻ Kerala Open Access Journal Platform വികസിപ്പിക്കും.
- കേരളത്തിൽ മികച്ച അധ്യാപകരെ കണ്ടെത്തി വിദ്യാർത്ഥികളെ മെന്റർ ചെയ്യാൻ പദ്ധതി നടപ്പിലാക്കും.
- കേരളത്തിൽ സ്വകാര്യ സർവകലാശാല നിയമത്തിൽ കാര്യക്ഷമമായ മാറ്റങ്ങൾ കൊണ്ടു വരും.
- സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളെ കേന്ദ്രീകരിച്ച് മുഖ്യമന്ത്രിയുടെ റിസർച്ച് ചാലഞ്ച് സംഘടിപ്പിക്കും.
- കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രതിസന്ധികളുടെ ഒരു പ്രധാന കാരണം ഭരണനിർവഹണത്തിൽ അമിത രാഷ്ട്രീയ ഇടപെടലാണ്. ഇത് ഒഴിവാക്കാൻ അക്കാദമിക് വിഷയങ്ങൾ അമിത രാഷ്ട്രീയവൽക്കരണത്തിൽ നിന്ന് മോചിപ്പിക്കാൻ അക്കാദമിക് കൗൺസിലിന്റെ എക്സിക്യൂട്ടീവ് ബോഡിയായി

അക്കാദമിക് സിൻഡിക്കേറ്റ് രൂപീകരിക്കും - അധ്യാപക നിയമനം, ബോർഡ് ഓഫ് സ്റ്റഡീസ്, ഗവേഷണ രജിസ്ട്രേഷൻ, പി.എച്ച്.ഡി അനുവദിക്കൽ എന്നിവയ്ക്കുള്ള അധികാരം ഈ ബോർഡിൽ നിക്ഷി പ്തമായിരിക്കും.

- വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വിദേശ സർവകലാശാലകളുമായും മെന്ററിംഗ് സ്ഥാപനങ്ങളുമായും പങ്കാളിത്തം.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സൗകര്യങ്ങൾ, വിജ്ഞാന വ്യവസായ യൂണിറ്റുകൾ, ഇൻകുബേറ്ററുകൾ എന്നിവ ഉൾപ്പെടുന്ന വിജ്ഞാന നഗരങ്ങൾ സ്ഥാപിക്കും.
- മെച്ചപ്പെട്ട പഠനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇന്റേൺഷിപ്പുകൾ.
- വിദേശ സർവകലാശാലകളുമായും, നോബൽ സമ്മാന ജേതാക്കൾ, വിവിധ മേഖലകളിൽ ലോകപ്രശസ്തരായ വ്യക്തികൾ എന്നിവരുമായും വിദ്യാർത്ഥികൾക്ക് കൂടുതൽ ഇടപഴകാനുള്ള അവസരങ്ങൾ ലഭ്യമാക്കും.
- പി.എച്ച്. ഡി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വർധിപ്പിക്കും.
- പി.എച്ച്.ഡി. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിനികൾക്ക് തൊഴിൽ ലഭിക്കുന്നത് വരെ മാസം ആയിരം രൂപ സഹായം ലഭ്യമാക്കും.
- സംസ്ഥാനത്ത് എല്ലാ യൂണിവേഴ്സിറ്റികളിലും സ്ഥിരം വി.സിമാരെയും എല്ലാ കോളജുകളിലും സ്ഥിരം പ്രിൻസിപ്പൽമാരെയും നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സ്വതന്ത്ര ഓഡിറ്റ് നടപ്പിലാക്കും.
- നാലുവർഷം ബിരുദ കോഴ്സുകളുടെ ന്യൂനതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും. എം.എ കോഴ്സുകൾ തുടരാനും ഇന്റേൺഷിപ്പ് പ്രോത്സാഹിപ്പിക്കാനും നടപടികൾ സ്വീകരിക്കും.
- വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ സൗകര്യം ലഭ്യമാക്കാൻ എജ്യൂക്കേഷണൽ ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കും.
- സാങ്കേതിക സർവകലാശാലയെ ഇന്നൊവേഷൻ കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കും. വിദ്യാർത്ഥികളിൽ ഇന്നോവേഷൻ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.
- **സർവകലാശാലകളിലെയും കോളജുകളിലെയും സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കെതിരായ ജാതീയമായ വിവേചനങ്ങളും പക്ഷപാതവും അവസാനിപ്പിക്കാൻ രോഹിത് വെമുല നിയമം നടപ്പിലാക്കും.**
- നാഷണൽ ലോ സ്കൂൾ നിലവാരത്തിൽ Dr.Ambedkar യൂണിവേഴ്സിറ്റി ഫോർ ലീഗൽ സ്റ്റഡീസ് & സൈബർ ലോ സ്ഥാപിക്കും.
- സർവകലാശാലകൾ സമയബന്ധിതമായി പരീക്ഷയും, ഫല പ്രഖ്യാപനവും നടത്താൻ ഉറപ്പുവരുത്തുന്ന നയരൂപീകരണം നടത്തും.
- സപ്ലിമെന്ററി / അഡ്വാൻസ്ഡ് പഠനത്തിനായി പ്രശസ്ത സർവകലാശാലകളുടെ MOOC (Massive Open Online Course) കോഴ്സുകൾ ആരംഭിക്കും.
- ഇന്റർവ്യൂ നേരിടേണ്ട രീതികളും, 'സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ്' കോഴ്സ് കോളജ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.
- കേരളത്തിൽ ഐ.ഐ.ടി നിലവാരത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആരംഭിക്കും.

- കീം പരീക്ഷയിലെ സമീകരണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീക രിക്കും
- ഗവേഷണങ്ങളെ പേറ്റന്റുകളായും ഉത്പ്പന്നങ്ങളായും മാറ്റുന്നതിന് പേറ്റന്റ് സപ്പോർട്ട് സ്കീം രൂപീകരിക്കും.
- കേരളത്തിലെ എല്ലാ സർവകലാശാലകളുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി സമഗ്രമായി അവലോകനം ചെയ്യുകയും ഏകീകൃതമായി ഭേദഗതി വരുത്തുകയും ചെയ്യും.
- ഓരോ സർവകലാശാലയിലെയും പരമോന്നത അക്കാദമിക് സമിതിയായി അക്കാദമിക് കൗൺസിലിനെ ശാക്തീകരിക്കും.
- ഭയരഹിതമായ വിജ്ഞാന സമ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിലെ ക്യാമ്പ സുകളെ 'വയലൻസ് ഫ്രീ കാമ്പസുകൾ' ആക്കാൻ നടപടി സ്വീകരിക്കും.
- കേരളത്തിലെ സർവകലാശാലകളിലെ ഗവേഷണങ്ങൾ കൂടുതൽ ഗൗരവമേറിയതും ലക്ഷ്യാധിഷ്ഠിതവും വിശ്വാസയോഗ്യവും സാമൂഹിക പ്രസക്തവുമാക്കുന്നതിനു ഗവേ ഷണ ഗുണനിലവാര മാനദണ്ഡങ്ങൾ ശക്തിപ്പെടുത്തും.
- അക്കാദമിക് നൈതികതയും ആന്റി-പ്ലെജറിസം നിയമങ്ങളും കർശനമായി നടപ്പിലാക്കും. പിഎച്ച്.ഡി ഗവേഷണങ്ങൾക്ക് കൃത്യമായ മേൽനോട്ട സംവിധാനം ഏർപ്പെടുത്തും. ഗവേഷണ ഫലങ്ങൾ അളക്കാവുന്നതും ലക്ഷ്യാധിഷ്ഠിതവുമാക്കും. പിഎച്ച്.ഡി ബിരുദങ്ങളെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കാൻ പ്രമുഖ പണ്ഡിതന്മാർ അടങ്ങുന്ന ഒരു 'ഉന്നതാധികാര അക്കാദമിക് കമ്മിറ്റി' രൂപീകരിക്കും.
- ഗവേഷകർക്ക് കൃത്യമായ സാമ്പത്തിക സഹായം ഉറപ്പാക്കും. വർദ്ധിപ്പിച്ച ഫെലോഷിപ്പുകൾ കൃത്യസമയത്ത് ലഭ്യമാക്കും. ഗവേഷണ കണ്ടിൻജൻസി ഗ്രാന്റുകൾ നൽകും. ഗവേഷകർക്കായി കുറഞ്ഞ പലിശ നിരക്കിൽ ലളിതമായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കും.
- ഗ്രാന്റ് ലഭിക്കാതെ ഗവേഷണം ഉൾപ്പടെയുള്ള പഠനം ഉപേക്ഷിക്കേണ്ടിവന്ന എസ് സി, എസ് ടി വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തും.
- സംസ്ഥാന സർവകലാശാലകളെ സാമ്പത്തികമായി ശക്തിപ്പെടുത്താൻ കൃത്യമായ സർക്കാർ ധനസഹായം ഉറപ്പാക്കും. ഫലപ്രദമായ ഗവേഷണങ്ങൾക്ക് പ്രത്യേക ഗ്രാന്റുകൾ നൽകും. എൻഡോവ്മെന്റുകളെയും പൂർവ വിദ്യാർത്ഥികളുടെ സഹായത്തെയും പ്രോത്സാഹിപ്പിക്കും.
- ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ സവിശേഷമായ വളർച്ച ലക്ഷ്യമിട്ട് കേരള ആരോഗ്യ സർവകലാശാലയെ (KUHS) വിഭജിക്കും. ആയുഷ് (AYUSH) ചികിത്സാ വിഭാഗങ്ങൾ ക്കായി മാത്രമായി ഒരു പുതിയ സർവകലാശാല സ്ഥാപിക്കും.
- പ്രാദേശിക അടിസ്ഥാനത്തിൽ കോളജ് വിദ്യാർത്ഥികൾക്ക് പാർട്ട് - ടൈം ജോലിക്കുള്ള അവസരം നൽകും - പാർട്ട് ടൈം ജോലി എടുക്കുന്നവർക്ക് വെയിറ്റേജ്/ക്രെഡിറ്റ് നൽ കാൻ നടപടികൾ സ്വീകരിക്കും.
- **ബിരുദധാരികൾക്ക് വേഗത്തിൽ ജോലി ലഭിക്കാൻ സഹായിക്കുന്ന ബ്രിഡ്ജ് പ്രോഗ്രാ മുകളും കോഴ്സുകളും നടപ്പിലാക്കും.**
- അധ്യാപനത്തിന്റെയും പഠനത്തിന്റെയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി അധ്യാപ കർക്കായുള്ള സർവകലാശാല സ്ഥാപിക്കും.

- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ കോളജുകളിലും സ്റ്റുഡന്റ് ഇൻകുബേറ്ററുകൾ സ്ഥാപിക്കും.
- നൂതന ആശയങ്ങൾക്ക് പിന്തുണ ഉറപ്പാക്കാൻ അക്കാദമിക-നിക്ഷേപക-സംരംഭക ഇക്കോ സിസ്റ്റം പ്രവർത്തികമാക്കും.
- അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അന്തർദ്ദേശീയമായി പ്രശസ്തമായ ജേണൽ പോർട്ടലുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാൻ പദ്ധതികൾ ആരംഭിക്കും.
- പ്രമുഖ ഡിജിറ്റൽ ബുക്ക് ഹൗസുകളുമായി സഹകരിച്ച് കേരളത്തിൽ ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കും.
- എല്ലാ യു.ജി.സി അംഗീകൃത ബിരുദങ്ങളും കേരളത്തിൽ അംഗീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കും.
- **വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അന്വേഷിക്കാനും പരിഹരിക്കാനും കോളജുകളിൽ ഓംബുഡ്സ്മാൻ സംവിധാനം നടപ്പിലാക്കും.**
- റിസർച്ച് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ സമൂഹത്തിനു പ്രയോജനകരമായി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കും.
- സർവകലാശാല കലോത്സവങ്ങൾ സ്കൂൾ കലോത്സവ മാതൃകയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കും.
- പി.ജി വിദ്യാർത്ഥികളുടെ ബി എഡ് കോഴ്സുകൾ 1 വർഷമാക്കുന്നത് പഠന വിധേയമാക്കി നടപടി സ്വീകരിക്കും.
- അൺ എയ്ഡഡ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകളിൽ പരിഷ് ക്കരണം, സംരക്ഷണം എന്നിവ നിയമ പരിരക്ഷയിലൂടെ ഉറപ്പാക്കും.
- ഓരോ രണ്ട് വർഷത്തിലും എ.ഐയും ഇൻഡസ്ട്രി ടാലന്റും അടിസ്ഥാനമാക്കി സിലബസ് പരിഷ്കരിക്കുന്ന കരിക്കുലം റിവ്യൂ സൈക്കിൾ നടപ്പാക്കും
- സർവകലാശാലകളുടെ അക്കാദമിക് പെർഫോർമൻസ് ഓഡിറ്റ് നടപ്പാക്കും.
- എല്ലാ ഡിഗ്രികൾക്കും മാൻഡേറ്ററി ഇന്റേൺഷിപ്പ് /അപ്രന്റിസ്ഷിപ്പ് നിർബന്ധമാക്കുകയും, ഓരോ കോഴ്സിലും ഇൻഡസ്ട്രി പ്രൊജക്റ്റ് ഉൾപ്പെടുത്തുകയും ചെയ്യും.
- വിദ്യാർത്ഥികൾക്കും കമ്പനികൾക്കും തമ്മിൽ ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് വൈഡ് അപ്രന്റൻസ് ഷിപ്പ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം രൂപപ്പെടുത്തും. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) പുനഃസംഘടിപ്പിക്കും.
- വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കമ്പനികൾക്ക് ടാക്സ് ഇൻസന്റീവ്സ് നൽകാൻ നടപടി സ്വീകരിക്കും .
- കോളജുകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ഐ ഐ ടി മദ്രാസ് റിസർച്ച് പാർക്ക് മാതൃകയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശയങ്ങൾ സംരംഭം ആക്കുന്നതിന് സഹായകമായ നയ രൂപീകരണം ഉണ്ടാക്കും.

**പൊതുവിദ്യാഭ്യാസം**

- സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിക്കും. നിലവിലുള്ള സ്കൂളുകളുടെയും കോളേജുകളുടെയും അധ്യയന നിലവാരം ഉയർത്തും.
- പൊതു വിദ്യാഭ്യാസത്തെ പ്രായോഗികവും, യഥാർത്ഥ്യജീവിതവുമായി ബന്ധപ്പെട്ട കഴിവുകൾക്ക് പ്രാധാന്യം നൽകുന്ന, വിമർശനാത്മക ചിന്ത വളർത്തുന്ന, ഓരോ

വിദ്യാർത്ഥിയുടെയും പഠന വേഗതയ്ക്ക് അനുസരിച്ച് മുന്നേറാൻ അവസരം നൽകുന്ന വിദ്യാർത്ഥി കേന്ദ്രികൃതവും (Student-centric) ഫലാധിഷ്ഠിതവുമായ (Outcome-based) സംവിധാനവുമായി മാറ്റുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കും.

- പരീക്ഷാകേന്ദ്രീകൃത പരിശീലനത്തിന് പകരം കഴിവ്, വിമർശനാത്മക ചിന്ത, ആത്മവിശ്വാസം എന്നിവ വളർത്തുന്ന വിദ്യാഭ്യാസ മാതൃക പ്രോത്സാഹിപ്പിക്കും.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്തമാക്കുന്ന രീതിയിൽ ഫീസ് നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തും; പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം ഉറപ്പാക്കും.
- പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കണ്ടെത്തും. അക്കാദമിക് നിലവാരം പാലിച്ചുള്ള പ്ലസ് വൺ സീറ്റ് പുനർവിതരണം നടപ്പാക്കി മേഖലാ അസമത്വം അവസാനിപ്പിക്കും. ആവശ്യമുള്ള ജില്ലകളിൽ സ്ഥിരമായ അധിക പ്ലസ് വൺ ബാച്ചുകൾ അനുവ ദിക്കും.
- നിലവിലുള്ള സർക്കാർ കോച്ചിംഗ് സെന്ററുകൾ ആധുനികവൽക്കരിക്കുകയും വിദഗ്ധരായ അധ്യാപകരെ നിയമിക്കുകയും ചെയ്യും. പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നിലവിലെ സർക്കാർ സ്കോളർഷിപ്പുകൾക്കൊപ്പം സർക്കാർ ചെലവിൽ പരിശീലന അവസരം ഉറപ്പാക്കും.
- സ്കൂൾ പഠനത്തിനൊപ്പം തന്നെ മത്സര പരീക്ഷകൾക്കായുള്ള Foundation Course സർക്കാർ സ്കൂളുകളിൽ സജ്ജമാക്കും. NEET, JEE, PSC, ബാങ്കിംഗ്, UPSC തുടങ്ങിയ മത്സര പരീക്ഷകൾക്ക് പൊതുവിദ്യാഭ്യാസ സംവിധാനത്തിനകത്ത് തന്നെ ഗുണമേന്മ യുള്ള തയാറെടുപ്പ് ഉറപ്പാക്കും.
- ഓൺലൈൻ കോച്ചിംഗ് മേഖലയിലെ അസമത്വങ്ങൾ പരിഹരിക്കാൻ ഡിജിറ്റൽ ലേണിംഗ് ഹബ്ബുകൾ സംസ്ഥാനത്ത് ഉടനീളം സ്ഥാപിക്കും.
- പത്താംതരം പഠിച്ചിറങ്ങുന്ന കുട്ടികളിൽ മിനിമം ലേണിംഗ് ലെവൽ ഉറപ്പുവരുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- കുട്ടികളിൽ മിനിമം കായിക ക്ഷമത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും.
- നിലവിലെ പാഠ്യപദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് പഠിക്കുന്നതിനും വിദ്യാ ഭ്യാസത്തിന്റെ ഗുണനിലവാരം ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കും.
- എല്ലാ ജില്ലയിലും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ സഹായിക്കുന്നതിന് ഉയ ർന്ന പരിശീലനം ലഭിച്ച അധ്യാപകരെയും പുതിയ സ്പെഷൽ സ്കൂളുകളും ആരംഭിക്കും.
- പഠന ബുദ്ധിമുട്ടുള്ള കുട്ടികളെ സഹായിക്കാൻ സ്കൂളുകളിൽ വിദഗ്ധരെ നിയമിക്കും.
- കുട്ടികളെ മാനസിക സമ്മർദ്ദത്തിൽ നിന്നും, ആത്മഹത്യാ ചിന്തകളിൽ നിന്ന് പിന്തിരിപ്പി ക്കാൻ സ്കൂളുകളിലെ മുഴുവൻ സമയ കൗൺസിലർമാരെ നിയമിക്കും.
- കുട്ടികളെ ഹിന്ദി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ സ്കൂളുകളിൽ ഇംഗ്ലീഷ്, ഹിന്ദി വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകും

- **സ്കൂൾതലം മുതൽ കുട്ടികളിൽ ലിംഗസമത്വം, മതേതരത്വം, സാഹോദര്യം, നീതി ബോധം എന്നിവ മനസിലാക്കാനും പ്രോത്സാഹിപ്പിക്കാനും വിദ്യാർത്ഥിയെ സഹായിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പാഠ്യപദ്ധതി നവീകരിക്കും.**
- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമാക്കും.
- വിദ്യാർത്ഥികൾക്കിടയിൽ ഡിജിറ്റൽ ഡിവൈഡ് കുറയ്ക്കുന്നതിനു സബ്സിഡി നിരക്കിൽ ഉപകരണങ്ങൾ ലഭ്യമാക്കും. എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനം ഉറപ്പാക്കും.
- എല്ലാവർക്കും ഡിജിറ്റൽ അവബോധവും സന്നദ്ധതയും ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ സാക്ഷരതാ ദൗത്യം നടപ്പിലാക്കും.
- വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാനുള്ള കൂപ്പണുകൾ ലഭ്യമാക്കും.
- എല്ലാ സ്കൂളിലും കോളേജിലും നിർബന്ധിത 'സിക്ക് റൂമുകൾ' സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കും
- **സംസ്ഥാനത്ത് സ്കൂൾ തലത്തിൽ നൃത്ത, സംഗീത വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കും.**
- **സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ നിർബ ന്ധിതമാക്കും. കായിക അധ്യാപനത്തിനായി ആവശ്യമായ ട്രെയിനർമാരെ ഉറപ്പു വരുത്തും**
- **സംസ്ഥാനത്തെ സ്കൂളുകളിൽ ഗാന്ധിയൻ ഫിലോസഫി പഠനവിഷയമാക്കും.**
- വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്താൻ നാഷണൽ അച്ചീവ്മെന്റ് സർവേ മാതൃകയിൽ സ്റ്റേറ്റ് അച്ചിവ്മെന്റ് സർവെ നടപ്പിലാക്കും.
- ഗോത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും സ്പെഷൽ എജുക്കേറ്റർമാരെ നിയമി ക്കാനും നടപടി സ്വീകരിക്കും.
- പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നവോദയ മാതൃകയിൽ സ്കൂൾ ഓഫ് എക്സ ലൻസ് ആരംഭിക്കും.
- കേരളത്തിൽ തുടർ വിദ്യാഭ്യാസത്തിനു കൂടുതൽ പദ്ധതികൾ ആരംഭിക്കും. തുടർ വിദ്യാഭ്യാസ പ്രേരക്മാരുടെ ജോലി ഭാരം ലഘുകരിക്കാൻ നടപടി സ്വീകരിക്കും. തുടർ വിദ്യാഭ്യാസ പരീക്ഷകൾ കുറ്റമറ്റതാക്കും.
- ഗണിത ശാസ്ത്ര പ്രോത്സാഹനത്തിനായി രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്കൽ സ്റ്റഡീസ് ആരംഭിക്കും.
- സ്കൂൾ കലോത്സവങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും
- എൽ.പി മുതൽ പ്ലസ് ടു വരെ ശാരീരിക സാക്ഷരത (ഫിറ്റ്നസ്, മൂവ്മെന്റ്, പോസ്ച്ചർ, അടിസ്ഥാന സ്പോർട്ട് സ്കിൽ) കരിക്കുലത്തിന്റെ നിർബന്ധ ഘടകമാക്കും. സ്കൂളു കളിലെ ഫിറ്റ്നസ് അസസ്മെന്റ് സംവിധാനം സ്റ്റാൻഡേർഡ് ആക്കും.
- സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ മത്സരങ്ങൾക്ക് പോകുന്ന വിദ്യാർത്ഥികൾക്കും യുവതാരങ്ങൾക്കും എക്യുപ്മെന്റ് ബാങ്ക്, ട്രാവൽ ഗ്രാന്റ്, കോച്ചിംഗ് സപ്പോർട്ട് ഉറ പ്പാക്കും.
- സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിലടക്കം മികച്ച പ്രകടനം നടത്തുന്ന കലാ പ്രതിഭകൾക്ക് തുടർ പരിശീലനത്തിന് പ്രത്യേക ധനസഹായം.

- സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ ധാർമികവും ഉത്തരവാദിത്തപര വുമായ ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കേരള മീഡിയ ലിറ്ററസി മിഷൻ ആരംഭിക്കും.
- കേരളത്തിലെ എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ ജോലി സ്ഥിരത അടക്കമുള്ള പ്രശ്നങ്ങൾ പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കും
- ഓറിയന്റൽ സ്കൂളുകളിൽ മലയാള പഠനത്തിന് ആവശ്യമായ സാമ്പത്തിക ബാധ്യത കുട്ടികളികൾ നിന്നും ഈടാക്കുന്നത് നിർത്തലാക്കി സർക്കാർ ഏറ്റെടുക്കുന്നത് പഠന വിധേയമാക്കി നടപടി സ്വീകരിക്കും.
- നിലവിൽ അംഗീകാരം ലഭിക്കാത്ത അധ്യാപക നിയമനങ്ങൾ പഠിച്ചു നടപടി സ്വീകരിക്കാനായി ഒരു പാക്കേജ് നടപ്പിലാക്കും.
- സംസ്ഥാനത്തെ സ്കൂളുകളിൽ ഇലക്ട്രിസിറ്റി താരിഫ് സംബന്ധിച്ച പ്രശ്നങ്ങൾ അടക്കം പരിഹരിക്കാൻ നടപടി സ്വീകരിക്കും.
- സ്കൂൾ-പഞ്ചായത്ത് തലത്തിൽ ടാലന്റ് ഐഡന്റിറ്റിഫിക്കേഷൻ ഡവലപ്പ്മെന്റ് പ്രോഗ്രാം നടപ്പാക്കി, കായികം, കല, സാമൂഹ്യനേതൃത്വം, ശാസ്ത്ര- ടെക്നോളജി തുടങ്ങിയ മേഖലകളിലെ കഴിവുകൾ കണ്ടെത്തി മെന്ററിംഗ് നൽകും.
- ഉറുദു ഭാഷ പഠനം വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കും. ഉറുദു അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹിക്കും. ഉറുദു അക്കാദമി സ്ഥാപിക്കും.

## 5. വ്യവസായം

- കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായത് എം.എസ്.എം.ഇ വ്യവസായ ങ്ങളാണ്. നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി എം.എസ്.എം.ഇ.കൾ ആരംഭിക്കാൻ സർക്കാർ സഹായവും പ്രോത്സാഹനവും നൽകും. നൂറു കോടിയി ലേറെ വാർഷിക വരുമാനമുള്ള എം.എസ്.എം.ഇ.കളാണ് സർക്കാരിന്റെ ആദ്യ ലക്ഷ്യം. ഇവർക്ക് ടാക്സ് ഇൻസെന്റീവ് അടക്കം ലഭ്യമാക്കും. തെരഞ്ഞെടുത്ത മേഖലകളിലെ (ക്ലസ്റ്റർ) എം.എസ്.എം.ഇ.കൾക്ക് ആയിരിക്കും ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്.
- മോളിക്യൂലാർ ബയോളജി, സിന്തറ്റിക് ബയോളജി, സോഡിയം അയോൺ ബാറ്ററി, സോളാർ വൈദ്യുതി, ന്യൂട്രാസ്യൂറ്റിക്കൽസ് അടക്കമുള്ള സാങ്കേതിക വിദ്യകളിൽ റിസർച്ച് നടത്തുന്ന സ്ഥാപനങ്ങൾക്കു സർക്കാർ സഹായം ലഭ്യമാക്കും.
- മെഡിക്കൽ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, റോബോട്ടിക്സ്, സ്റ്റെന്റുകൾ, കൃത്രിമ ഹൃദയ വാൽവുകൾ എന്നിവയുടെ ആഭ്യന്തര നിർമ്മാണത്തിന് പ്രത്യേക പ്രോത്സാഹന പാക്കേജും സാമ്പത്തിക സാങ്കേതിക പിന്തുണയും നൽകും.
- പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ, ഗവേഷണ, സാങ്കേതിക സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ പ്രോത്സാഹനവും പ്രത്യേക സൗകര്യങ്ങളും ഉറപ്പാക്കും.

- ഇൽമനൈറ്റ്, മോണോസൈറ്റ് ഉൾപ്പെടെയുള്ള ധാതു വിഭവങ്ങളുടെ ശാസ്ത്രീയവും മൂല്യവർധിതവുമായ വിനിയോഗത്തിനായി നൂതന വ്യവസായങ്ങൾ വികസിപ്പിക്കും.
- **സംരംഭകർക്ക് ഉയർന്ന നിലവാരത്തിലുള്ള മെന്ററിങ് ലഭ്യമാക്കാൻ സംസ്ഥാനത്തെ വിവിധ ഗവേഷകർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധർ എന്നിവരെ ഉപയോ ഗപ്പെടുത്തി 'ടെക്നോ മെന്റർ', 'മാനേജ് മെന്റർ' സഹായം ലഭ്യമാക്കും.**
- എം.എസ്.എം.ഇകൾക്ക് റിവോൾവിങ് ഫണ്ട് ലഭ്യമാക്കും.
- കേരളത്തിൽ കൂടുതൽ അന്താരാഷ്ട്ര തൊഴിലവസരങ്ങൾ സൃഷ്ട്ടിക്കാൻ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾക്ക് പ്രോത്സാഹനം നൽകാൻ നയ രൂപീകരണം നടത്തും.
- ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് രൂപീകരിക്കും. ചെറുതോ വലുതോ ആയ ഏതൊരു വ്യവസായവും കേരളത്തിൽ ആരംഭിക്കാൻ ആവശ്യമായ എല്ലാ അനുമതികളും നേടിക്കൊടുക്കാനുള്ള ഉത്തരവാദിത്വം ഈ ഡിപ്പാർട്ട്മെന്റിനാ യിരിക്കും. നിശ്ചിത കാലയളവിനുള്ളിൽ ഇവർക്കു അനുമതി നേടിക്കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ഡീംഡ് പെർമിഷൻ ലഭിച്ചതായി കണക്കാക്കപ്പെടും. സ്റ്റാർട്ടപ്പുകൾ മുതൽ വലിയ വ്യവസായങ്ങൾ വരെ ഈ ഇൻവെസ്റ്റ്മെന്റ് ഡിപ്പാർട്ട്മെന്റിന് കീഴിൽ ഉണ്ടായിരിക്കും.
- സംസ്ഥാനതലത്തിൽ നിന്നും ഇൻവെസ്റ്റ്മെന്റുകളുടെ ആവശ്യാനുസരണം ജില്ലാ തലത്തിലേക്കും താലൂക്ക് തലങ്ങളിലേക്കും ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വ്യാപിപ്പിക്കും.
- സംസ്ഥാനത്ത് ലോകോത്തര എ.ഐ. ഡാറ്റ സെന്റർ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്ത് ഐടി മേഖലയിൽ വൻ കുതിച്ചുചാട്ടം ലക്ഷ്യമിട്ടുകൊണ്ട് സ്വകാര്യ മേഖലയുമായി ചേർന്ന് ഐ.ടി പാർക്കുകൾ സ്ഥാപിക്കും. ഇതിനായി ഗോൾഡ് റേറ്റഡ് ഗ്രീൻ ഫീൽഡ് നിർമ്മാണങ്ങൾക്ക് പ്രോത്സാഹനം നൽകും. ഐടി പാർക്കുകളിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിത വർഷങ്ങളിലേക്ക് വാടകയിനത്തിൽ സബ്സിഡി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.
- നിർമ്മിത ബുദ്ധി ഉപകരണങ്ങളുടെ ഘടകങ്ങൾ നിർമ്മിക്കാൻ അവശ്യമായ ധാതുക്കൾ ലഭ്യമാക്കാനും റിസർച്ച് അടക്കം നടത്താൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റയർ എർത്ത് ആൻഡ് അലയ്ഡ് റിസർച്ച് ആരംഭിക്കും.
- വിദേശ രാജ്യങ്ങളിൽ ബിസിനസ് നടത്തുന്ന കേരളീയരെ സംസ്ഥാനത്തു നിക്ഷേപം നടത്തുന്നതിനും ബിസിനസ് വ്യാപിപ്പിക്കുന്നതിനും "Back to roots" പദ്ധതി നടപ്പിലാക്കും. നിശ്ചിത ജോലി സാദ്ധ്യതകൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾക്ക് ടാക്സ് ഇൻസെന്റീവ് അടക്കമുള്ള സഹായം ലഭ്യമാക്കും.
- കേരളത്തിന്റെ തനതു വിഭവങ്ങളായ ചക്ക, മാങ്ങ, കശുവണ്ടി പരിപ്പ്, കൊക്കോ പൗഡർ സുഗന്ധ വ്യഞ്ജനങ്ങൾ അടക്കമുള്ള വിഭവങ്ങൾ ആധുനിക സംവിധാന ങ്ങൾ ഉപയോഗിച്ച് പാക്ക് ചെയ്തു വിദേശത്തേക്ക് കയറ്റുമതി ചെയ്യാൻ സർക്കാർ സഹായവും പ്രോത്സാഹനവും നൽകും.
- വ്യാവസായിക പാർക്കുകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്ക് വിപണി പ്രതികരണങ്ങളെ അടിസ്ഥാനമാക്കി ഉൽപ്പന്നങ്ങൾ മാറ്റുന്നതിന് വേഗത്തിൽ അനുമതി നൽകാൻ നടപടികൾ സ്വീകരിക്കും.
- വ്യവസായം ആരംഭിക്കുന്നതിനും സുഗമമായ നടത്തിപ്പിനും അനാവശ്യ നിയന്ത്രണങ്ങൾ ഒഴിവാക്കി ഉദാരമായ നയങ്ങൾ കൊണ്ടുവരും.

- നിലവിലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ പഠിക്കാനും പരിഹാരം നൽകാനും സ്ഥിരം കമ്മിറ്റി രൂപീകരിക്കും.
- തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ അംഗീകാരങ്ങൾ നേടിയെടുക്കാൻ തൊഴിൽ ഫെസിലിറ്റേറ്റർമാരെ സർക്കാർ തലത്തിൽ നിയമിക്കുകയും ചെയ്യും.
- എല്ലാ ജില്ലയിലും അത്യാധുനിക വ്യാവസായിക പാർക്കുകളും, നിലവിലുള്ള പാർക്കുകളുടെ നവീകരണവും നടപ്പിലാക്കും.
- 3ഡി പ്രിന്റിംഗ്, ഹരിത ഊർജ്ജ വ്യവസായങ്ങൾ, ആഭ്യന്തരആഗോള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി റോബോട്ടിക് വ്യവസായങ്ങൾ, ബയോ ടെക് വ്യവസായങ്ങൾ, കളിപ്പാട്ട നിർമ്മാണ യൂണിറ്റുകൾ, ഇലക്ട്രോണിക്സ് പാർട്സ് നിർമാണത്തിനുള്ള വ്യവസായങ്ങൾ, എണ്ണ, വാതക വ്യവസായങ്ങൾ, ബഹിരാകാശ പാർട്സ് നിർമാണ ത്തിനുള്ള വ്യവസായങ്ങൾ എന്നിവയ്ക്ക് പ്രത്യേക സാമ്പത്തിക സോൺ ഏർപ്പെടുത്തും.
- തിരുവനന്തപുരത്ത് ബഹിരാകാശ വ്യവസായ ഘടക നിർമാണത്തിനുള്ള പ്രത്യേക സാമ്പത്തിക സോൺ ഏർപ്പെടുത്തും.
- വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ തുറമുഖങ്ങൾക്ക് ചുറ്റുമുള്ള കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾക്കായി പ്രത്യേക സാമ്പത്തിക സോൺ ഏർപ്പെടുത്തും.
- ഫാർമ, വാക്സിൻ നിർമ്മാണ കമ്പനികൾക്കായി പ്രത്യേക സാമ്പത്തിക സോൺ ഏർപ്പെടുത്തും.
- കുടിൽ വ്യവസായ ഉൽപ്പന്നങ്ങൾ, കൈത്തറി ഉൽപ്പന്നങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉൽപാദനവും കയറ്റുമതിയും മെച്ചപ്പെടുത്തുന്ന തിനുള്ള പരിശീലനം നൽകും.
- ആധുനിക ഉൽപാദന സാങ്കേതികതയേയും യന്ത്രങ്ങളെക്കുറിച്ചും ജനങ്ങളെ പരിശീലി പ്പിക്കുന്നതിനായി കേരളത്തിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും
- പരിസ്ഥിതി സൗഹൃദവും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായ ങ്ങൾക്ക് വേഗത്തിലുള്ള അംഗീകാരങ്ങൾ ലഭ്യമാക്കും
- വ്യവസായങ്ങൾക്കുള്ള വായ്പകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും
- വനിതാ സംരംഭകർക്ക് ഫാസ്റ്റ് ട്രാക്ക് ക്ലിയറൻസോടെ പ്രത്യേക വായ്പ ലഭ്യമാ ക്കാൻ നടപടികൾ സ്വീകരിക്കും
- ഓട്ടോമേറ്റഡ് വ്യവസായങ്ങൾക്കായി വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്ന തിനുള്ള പരിശീലന കേന്ദ്രം സ്ഥാപിക്കും.
- വിപണിയിൽ നിന്നുള്ള മാറുന്ന ആവശ്യകതയെ അടിസ്ഥാനമാക്കി വ്യവസായ ങ്ങൾക്ക് പുതിയ ഉൽപ്പന്നങ്ങളിലേക്കും സേവനങ്ങളിലേക്കും നീങ്ങുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- വ്യാപാര ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ നൽകുവാനും, വ്യാപാരി വ്യവസായികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കൊമേഴ്സ് വകുപ്പ് ശ ക്തിപ്പെടുത്തും.
- വൻകിട മാളുകളുടെയും ഓൺലൈൻ വ്യാപാര സ്ഥാപനങ്ങളുടെയും കടന്നു വരവോടെ പ്രതിസന്ധിയിലായ ചെറുകിട വ്യാപാര മേഖലയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.
- പുതിയ വ്യാപാര മന്ത്രാലയം ആരംഭിക്കാൻ നടപടി സ്വീകരിക്കും.

- സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും
- സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ അടക്കമുള്ള സംരംഭകർക്ക് നിയമ സാങ്കേതിക വശങ്ങളിൽ സഹായം ലഭ്യമാക്കാൻ 24X7 ഹെൽപ് ഡെസ്ക് അടക്കമുള്ള സംവിധാന ങ്ങൾ ഏർപ്പെടുത്തും.
- കേരളത്തിലെ മലബാർ സിമന്റ്സ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കും. സിമന്റ് ഉദ്പാദനത്തിന്റെ പ്രധാന ഘടകമായ ലൈംസ്റ്റോൺ ലഭ്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കും.
- പഞ്ചായത്ത് അടിസ്ഥാനമാക്കി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കും.

## 6. തൊഴിൽ

- പി.എസ്.സി സംവിധാനം കൂടുതൽ കുറ്റമറ്റതാക്കാനും, ഒഴിവു റിപ്പോർട്ടിങ് കാര്യക്ഷമമാക്കാനും പുതിയ നിയമ നിർമ്മാണം നടത്തും. പി.എസ്.സി ലിസ്റ്റുകൾ കാലഹരണപ്പെടുന്നതിനു മുൻപ് നിയമനം പൂർത്തിയാക്കും.
- പി.എസ്.സി. നിയമനങ്ങളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും അപ്പോയിന്റ്മെന്റ് ഉപദേശ മെമ്മോകൾ സൃഷ്ടിക്കുന്നതിനുമുള്ള ഓട്ടോമേറ്റഡ് സംവിധാനം നടപ്പി ലാക്കും.
- ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വർക്കെതിരേയും യോഗ്യതയുള്ളവരെ നിയമിക്കാൻ കാലതാമസം വരുത്തുന്ന വകുപ്പുകൾക്കെതിരേയും കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള നിയമം നടപ്പിലാക്കും.
- പി.എസ്.സിക്ക് വിട്ട നിയമനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടി സ്പെഷ്യൽ റൂൾസ് തയാറാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- പൊതു-സ്വകാര്യ നിക്ഷേപ മോഡലുകളിൽ (PPP) നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിച്ചു കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ.
- ടൂറിസം, അഗ്രികൾച്ചർ, ഇൻഫർമേഷൻ ടെക്നോളജി, വെൽനസ് എന്നിവ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും
- യുവാക്കളിൽ തൊഴിൽ സാധ്യത ഉയർത്തുന്നതിന് നൈപുണ്യ വികസനത്തിനു കൂടുതൽ പ്രാധാന്യം.
- നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷിയുടെ വ്യാപനം മെച്ചപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കും.
- വിനോദ സഞ്ചാരികൾക്ക് മികച്ച സേവനം ലഭ്യമാക്കാൻ പ്രൊഫഷണലുകളെ പരിശീലിപ്പിക്കുന്നതിന് സ്കൂൾ ഓഫ് ഹോസ്പിറ്റാലിറ്റി ആരംഭിക്കും.
- പ്രിസിഷൻ ഫാർമിംഗ്, ഉൾനാടൻ മത്സ്യ കൃഷി, ഫ്ളോറി കൾച്ചർ/ഹോർട്ടികൾച്ചർ എന്നിവയിലേക്ക് യുവാക്കളെ ആകർഷിക്കാനുള്ള പരിശീലന പരിപാടികൾ ആരംഭി ക്കാനും യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാനും കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കും.
- ഹോം സ്റ്റേ യൂണിറ്റുകൾ, ഉൾനാടൻ മത്സ്യഫെർമികൾ, മത്സ്യ പ്രോസസ്സിംഗ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാൻ കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കും.

- കളിപ്പാട്ട നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കും.
- പ്രാദേശിക, ദേശീയ ആഗോള ആവശ്യങ്ങൾ നിറവേറ്റുന്ന സംരംഭകരാകാൻ യുവാക്കളെ പരിശീലിപ്പിക്കും.
- കേരളത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നിക്ഷേപക സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കും.
- വിദേശ അവസരങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കുന്നതിന് വിദേശ ഭാഷാ പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കും.
- തൊഴിൽ രഹിതർക്ക് ലോകത്തെങ്ങുമുള്ള തൊഴിലുകൾ സംബന്ധിച്ച് ഏറ്റവും പുതിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾക്കും കൂടുതൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിനും അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ഒരു പോർട്ടൽ നിർമിക്കും.
- കൃഷി ഉപജീവനമായി സ്വീകരിച്ച ചെറുപ്പക്കാർക്ക് പ്രത്യേക വായ്പ പദ്ധതിയും സബ്സിഡിയും ലഭ്യമാക്കും.
- ബാലവേലയില്ലാത്ത, ട്രേഡ് യൂണിയൻ അതിപ്രസരമില്ലാത്ത, സ്ത്രീ സൗഹൃദമായ തുല്യ വേതനം ഉറപ്പുവരുത്തുന്ന ഫെയർ ട്രേഡ് സ്ഥാപനങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കും.
- കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും വിപുലമാക്കുന്നതിനും കുടുംബശ്രീ ആക്ട് നടപ്പിലാക്കും.
- കുടുംബശ്രീയുടെ പ്രവർത്തനം വ്യാപിപ്പിക്കും. കുടുംബശ്രീകൾക്ക് തനതു ഉൽപ്പന്നങ്ങൾ നിർമിക്കാനും സേവനങ്ങൾ നൽകുവാനും കൂടുതൽ വൈദഗ്ധ്യ സഹായവും സാമ്പത്തിക സഹായവും ലഭ്യമാക്കും.
- കുടുംബശ്രീ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി വ്യാപനം ഉറപ്പാക്കി, അംഗങ്ങൾക്ക് സ്ഥിരവരുമാനവും തൊഴിലും ഉറപ്പാക്കുന്നതിനായി അമുൽ മാതൃകയിൽ സമഗ്ര വിപണന ശൃംഖല രൂപീകരിക്കും.
- കാർഷിക വിഭവങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവ ഉൾപ്പെടെ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ പഞ്ചായത്തുകളിലും ലോക്കൽ ഷോപ്പ്-കം- കളക്ഷൻ സെന്ററുകൾ ആരംഭിക്കും; ആവശ്യാനുസരണം ഹോം ഡെലിവറി സംവിധാനവും നടപ്പിലാക്കും.
- പുതിയ ലേബർ കോഡ് മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
- കേരളത്തിൽ സർക്കാർ, സർക്കാരിതര കുടുംബശ്രീ സംരംഭങ്ങളിലൂടെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നെറ്റ് വർക്ക് വ്യാപാര ശൃംഖലയിലൂടെ ലഭ്യമാക്കും. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കേരള നെറ്റ്‌വർക്ക് മാർക്കറ്റിംഗ് സംരംഭം ആരംഭിക്കും. ഇതിലൂടെ തിരിച്ചുവന്ന പ്രവാസികൾക്ക് ഉപജീവന മാർഗത്തിനുള്ള തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.
- പ്രൊഫഷണൽ തൊഴിൽ മേഖലയിൽ നിയമപരമായ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ ഓഫർ ലെറ്ററുകൾ, അപ്പോയിന്റ്മെന്റ് ലെറ്ററുകൾ, കരാറുകൾ എന്നിവയ്ക്ക് ഏകീകൃത മാനദണ്ഡം കൊണ്ടുവരികയും നിയമസാധുത ഉറപ്പാക്കുകയും ചെയ്യും.

- സംസ്ഥാനത്തെ തൊഴിൽ ഇടങ്ങളിൽ വിവേചനങ്ങൾ അവസാനിപ്പിക്കാനും വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സുതാര്യമായ വേതന സംവിധാനം, മിനിമം വേതനം, നിശ്ചിത ജോലി സമയം, സുരക്ഷിതമായ നൈറ്റ് ഷിഫ്റ്റുകൾ എന്നിവ ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.
- ഐ.ടി അടക്കമുള്ള തൊഴിൽ മേഖലയിലെ അമിത ചൂഷണം ഒഴിവാക്കാൻ ഓഫീസ് സമയം കഴിഞ്ഞ ശേഷം ഔദ്യോഗിക കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ തൊഴിലാളികൾക്ക് അവകാശം നൽകുന്ന Right to disconnect നടപ്പിലാക്കും.
- നിർമ്മിത ബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ പുതിയ നൈപുണ്യങ്ങൾ പഠിക്കാനും പരിശീലിക്കാനും (Upskilling) ശമ്പളത്തോടു കൂടിയ നിർബന്ധിത അവധി അനുവദിക്കും.
- മാനസികാരോഗ്യത്തിന് മുൻഗണന നൽകികൊണ്ട് ഓഫീസുകളിൽ 'സ്ട്രെസ് ഓഡിറ്റ് നടത്തുകയും കൗൺസിലിംഗ് സൗകര്യം, മാനസികാരോഗ്യ അവധി, ജോലിഭാരം മൂലം തളരുന്നവർക്ക് 'സബാറ്റിക്കൽ' അവധി എന്നിവ ലഭ്യമാക്കും.
- ഐ.ടി പാർക്കുകളിലും ഓഫീസുകളിലും വിശ്രമമുറികൾ (Relaxation Lounges), ഫിറ്റ്നസ് സോണുകൾ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഒരുക്കും.
- പ്രൊഫഷണലുകളുടെ അവകാശങ്ങളും ദീർഘകാല താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനായി നിയമപരമായ പ്രൊഫഷണൽ വർക്കേഴ്സ് ക്ഷേമ ബോർഡ് രൂപീകരിക്കും .
- കേരളത്തിലെ ഗിഗ് തൊഴിലാളികൾക്കും ഓട്ടോ ഡ്രൈവർമാർക്കും മറ്റ് ഗിഗ് തൊഴിലാളി കൾക്കുമായി ഇരിപ്പിടങ്ങൾ, ടോയ്ലറ്റുകൾ, വെള്ളം, ചാർജിംഗ് പോയിന്റുകൾ എന്നിവ യുള്ള വിശ്രമ-റീചാർജ് കേന്ദ്രങ്ങൾ ആരംഭിക്കും.
- യുവാക്കൾക്ക് ഐ.ടി അനുബന്ധ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കാൻ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലങ്ങളിൽ ഇൻഫോ പാർക്ക് മാതൃകയിൽ, വർക്ക്@ മൈ വില്ലേജ്, വർക്ക്@ മൈ ടൗൺ, സെൽഫ് എംപ്ലോയ്മെന്റ് പാർക്കുകൾ സ്ഥാപിക്കും.
- നിർമ്മാണ തൊഴിലാളികൾ, അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെയും, സ്വകാര്യ ആരോഗ്യ പരിപാലന മേഖലയിലെയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടു ത്താൻ നടപടികൾ സ്വീകരിക്കും .
- നിർമ്മാണ തൊഴിലാളികൾ, മോട്ടോർ വാഹന തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ എന്നിവർക്ക് ഇ.എസ്.ഐ അടക്കമുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കും.
- കേരളത്തിലെ വൈവിധ്യമാർന്ന ജൈവ സമ്പത്ത് ഉപയോഗപ്പെടുത്തി ബയോ ഇൻഡസ്ട്രി അഗ്രോഫുഡ് പ്രോസസിങ് അടക്കമുള്ള ഹരിത തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ഇതിനായി കേരള ഗ്രീൻ ഇൻവെസ്റ്റ്മെന്റ് ഫണ്ട് രൂപീകരിക്കും.
- ഗിഗ് തൊഴിലാളികളുടെ ഉന്നമനത്തിനായി കർണ്ണാടക, തെലുങ്കാന മാതൃകയിൽ ഗിഗ് വർക്കേഴ്സ് വെൽഫെയർ നിയമം നടപ്പിലാക്കും.
- കെട്ടിട നിർമ്മാണ തൊഴിലാളി , മോട്ടോർ വാഹന തൊഴിലാളി,തയ്യൽ തൊഴിലാളി അടക്കമുള്ളവരുടെ ക്ഷേമ നിധി ബോർഡുകൾ കാര്യക്ഷമമാക്കാനും, കൂടുതൽ അനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കും.
- അസംഘടിത മേഖലയിൽ തൊഴിലാളികളെ ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ലേബർ ബാങ്ക് രൂപീകരിക്കും.തൊഴിലുറപ്പ് പദ്ധതികൾ

ഉൾപ്പെടെയുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് കാർഷികമേഖലയിലെയും ചെറുകിട വ്യവസായ മേഖലയിലെയും സംരംഭകർക്കും സർക്കാർ ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കൾക്കും തൊഴിലാളികളുടെ സേവനം സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കും.

- കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്താൻ കർശ്ശന നടപടി സ്വീകരിക്കും.
- കേരളത്തിന്റെ കടലോര തീര പ്രദേശങ്ങളിൽ ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ലൈഫ് ഗാർഡുമാരുടെ സേവന വേതന വിഷയങ്ങളിൽ കാലോചിതമായ പരിഷ്കരങ്ങൾ ഏർപ്പെടുത്തും. നവീന ജീവൻ രക്ഷാ ഉപകരണങ്ങൾ സജ്ജമാക്കാൻ നടപടികൾ സ്വീകരിക്കും.
- കേരളത്തിലെ പനകയറ്റ തൊഴിലാളികളുടെയും പനകർഷക- പന ഉല്പന്ന വിപണനക്കാരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനും പൊതുമേഖലാ സ്ഥാപനമായ കെൽപാം കാലോചിതമായി നവീകരിക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യും.

## 7. ലഹരി

- സംസ്ഥാനത്തെ മയക്കുമരുന്ന് മുക്ത സംസ്ഥാനമാക്കും. മയക്കുമരുന്നിന്റെ ഉത്ഭവ വിപണന/വിതരണ ശൃംഖല കണ്ടെത്തി സമൂലമായി ഇല്ലാതാക്കാൻ “Break The Drug Chain”പദ്ധതി നടപ്പിലാക്കും.
- വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുവാൻ കേന്ദ്ര സർക്കാരുമായി യോജിച്ച് ഉചിതമായ നിയമ നിർമ്മാണം നടപ്പിലാക്കും.
- കാമ്പസുകളിൽ മയക്കുമരുന്ന്, ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുവാൻ ലഹരിമുക്ത യജ്ഞം നടപ്പിലാക്കും.
- മയക്കുമരുന്ന് മുക്ത വാർഡുകൾ എന്ന ലക്ഷ്യത്തോടെ ലഹരി മരുന്നിനെതിരെ ശക്ത മായ പോരാട്ടം സംഘടിപ്പിക്കും.
- ലഹരിക്കെതിരെ രക്ഷിതാക്കളെ ബോധവത്കരിക്കുന്ന പരിപാടികൾക്ക് രൂപം നൽകും.
- ഒഴിഞ്ഞ പൊതുഇടങ്ങളെ ലഹരി കേന്ദ്രങ്ങളാക്കുന്നത് തടയാൻ പ്രസ്തുത ഇടങ്ങൾ വൃത്തിയാക്കാനും സൗന്ദര്യവത്കരിക്കാനും നടപടികൾ സ്വീകരിക്കും
- എല്ലാ താലൂക്ക് ആശുപ്രതികളിലും മയക്കുമരുന്ന് വിമുക്തി കേന്ദ്രങ്ങൾ ആരംഭിക്കും.
- ലഹരി വിപത്തിൽ നിന്നും പുതുതലമുറയെ സംരക്ഷിക്കാൻ കലാകായിക പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാൻ പദ്ധതികൾ ആരംഭിക്കും.
- 2003ലെ Cigarettes and Other Tobacco Products Act (COTPA), നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വ്യവസ്ഥകൾ കർശനമാക്കും.
- റെസിഡൻസ് അസോസിയേഷനുകളെയടക്കം പങ്കാളികളാക്കി ലഹരിമുക്ത യജ്ഞം നടപ്പിലാകും.
- എക്സൈസ് വകുപ്പിലെ തസ്തികകൾ സമയബന്ധിതമായി നികത്തും. ലഹരി വ്യാപനം തടയുന്നതിൽ എക്സൈസ് പോലീസ് വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും.
- ലഹരി ലഭ്യത കുറയ്ക്കുന്ന പ്രത്യേക ടാസ്ക്-ആക്ഷൻ പ്രോട്ടോകോൾ നടപ്പാക്കി, സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച മുൻകരുതൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. നിയമങ്ങൾ നടപ്പാക്കുന്നതിൽ “സീറോ ടോളറൻസ്‘ ഉറപ്പാക്കും.

## 8. സ്ത്രീശാക്തീകരണവും സുരക്ഷയും

- രാജ്യത്തെ ഏറ്റവും മികച്ചവനിതാ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റും.
- സ്ത്രീകൾക്ക് ജോലി സ്ഥലങ്ങളിൽ തുല്യവേതനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.
- സ്കൂൾ വിദ്യാർഥിനികൾക്ക് സൗജന്യ സാനിറ്ററി നാപ്കിനുകൾ നൽകാൻ നടപടി സ്വീകരിക്കും.
- കേരളത്തിലെ എല്ലാ പ്രധാന പട്ടണങ്ങളിലും പൊതു വിശ്രമമുറി സൗകര്യങ്ങൾ ഒരുക്കും .
- അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കും. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും ആറു മാസം പ്രസവാവധി അനുവദിക്കും.
- സ്ഥിരം തൊഴിലില്ലാത്ത എസ്.ടി വിഭാഗങ്ങളിലെ അമ്മമാർക്ക് പ്രസവാനന്തരം ഒരു വർഷക്കാലവും എസ്.സി. വിഭാഗങ്ങളിലെ അമ്മമാർക്ക് ആറു മാസക്കാലവും മൂവായിരം രൂപ വീതം അലവൻസ് ലഭ്യമാക്കും.
- സ്ത്രീകൾക്ക് ആർത്തവ കപ്പുകൾ, പാഡുകൾ അടക്കമുള്ളവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും. പരിസ്ഥിതി സൗഹൃദ സാനിറ്ററി പാഡ് വെന്റിംഗ് മെഷീനുകളും പാഡ് ഇൻസിനറേറ്ററുകളും പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കും
- 35 വയസ്സ് കഴിഞ്ഞ വീട്ടിൽ നിന്നും ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് പാർട്ട് ടൈം ജോലികൾ ലഭ്യമാക്കാൻ സഹായം നൽകുന്ന കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതാണ്. വീട്ടിൽ നിന്ന് ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്കുള്ള നൈപുണ്യ വികസന പ്ലാറ്റ്ഫോം (ഡിജിറ്റൽ മാർക്കറ്റിംഗ്, ഡിജിറ്റൽ ഉള്ളടക്കം സൃഷ്ടിക്കൽ, ഡിജിറ്റൽ ആർട്ട്, കളിപ്പാട്ട നിർമ്മാണം, പാചക കോഴ്സുകൾ മുതലായവ) നടപ്പിലാക്കും. നൈപുണ്യ വികസനത്തിനോടൊപ്പം ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കുന്നതിന് സാധ്യമായ രീതിയിൽ വിവിധ മേഖലകളെ സംയോജിപ്പിച്ചുള്ള സമഗ്രമായ കർമ്മ പദ്ധതി നടപ്പിലാക്കുന്നതാണ്
- എല്ലാ പട്ടണങ്ങളിലും, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, ആശുപത്രികൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങൾ ആരംഭിക്കും.
- തൊഴിലുറപ്പ് പദ്ധതിയിലും കുടുംബശ്രീയിലും ജോലി ചെയ്യുന്ന സ്ത്രീകൾക്കായി സഹകരണ സ്ഥാപനങ്ങൾ തുടങ്ങാൻ പ്രോത്സാഹനം നൽകും.
- സംസ്ഥാനത്തു വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കും. പോലീസ് വകുപ്പിൽ വനിതകളെ കൂടുതൽ സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ നടപടികൾ സ്വീകരിക്കും.
- തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകൾ ആയിട്ടുള്ള തൊഴിൽ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുവാൻ പുതിയ പദ്ധതി കൊണ്ടുവരും.
- വീട്ടുജോലിക്ക് പോകുന്ന സ്ത്രീ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കും.
- വിധവകൾക്കും വിവാഹമോചിതരായ സ്ത്രീകൾക്കും പെൻഷൻ ലഭ്യമാക്കുവാനുള്ള നടപടികൾ ലഘൂകരിക്കും.
- സ്ത്രീ സുരക്ഷയ്ക്ക് വേണ്ടിയുള്ള ജാഗ്രതാ സമിതികളെ നിയമപരമായ സ്ഥാപനങ്ങളാക്കും.

- സ്ത്രീകളുടെ അഞ്ച് പേരടങ്ങുന്ന കൂട്ടായ്മകൾക്ക് സംരഭങ്ങൾ ആരംഭിക്കുവാൻ ഒരു ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കും. ഈ കൂട്ടായ്മയിൽ ഒരു എസ്.സി/എസ്.ടി വനിത ഉണ്ടായിരിക്കേണ്ടതാണ്.
- തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഇരുചക്ര വാഹനങ്ങൾ വാങ്ങാൻ 10000 രൂപ പലിശ രഹിത വായ്പ നൽകും.
- മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുള്ള കുടുംബങ്ങളിലെ അമ്മമാർക്ക് ധന സഹായം ലഭ്യമാക്കും.
- വനിതാ സന്ദർശകർ / വനിതാ യാത്രക്കാർക്കായി പ്രധാന പട്ടണങ്ങളിൽ വനിതാ ഹോസ്റ്റലുകൾ സ്ഥാപിക്കും.
- പീഡനം നേരിട്ട സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, പാർപ്പിടം, കൗൺസിലിംഗ്, ആരോഗ്യ പരിരക്ഷ, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന സുരക്ഷാ ഭവനങ്ങൾ സ്ഥാപിക്കും.
- വനിതാ സംരംഭകരെ സഹായിക്കാൻ സ്റ്റാർട്ടപ്പ് മിഷനിൽ പ്രത്യേക സെൽ രൂപീകരിക്കും.
- വെഞ്ചർ ക്യാപിറ്റൽ കമ്പനികളുമായി സഹകരിച്ച് വനിതാ സംരംഭകർക്കായി പ്രത്യേക നിക്ഷേപ ഫണ്ട് രൂപീകരിക്കും.
- സിംഗിൾ മദർ അമ്മമാരുടെ കുട്ടികൾക്കായി പ്രത്യേക സ്കോളർഷിപ്പ് നടപ്പിലാക്കും.
- സ്ത്രീകളും കുട്ടികളും പീഡനത്തിന് വിധേയരായ കേസുകൾ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥർക്കെ തിരെ കർശന നടപടി സ്വീകരിക്കും.
- കേരളത്തിലെ പ്രധാന റൂട്ടുകളിൽ സ്ത്രീകൾക്ക് മാത്രമായി രാത്രികാല പിങ്ക് ബസുകൾ ആരംഭിക്കും.
- ഭവന നിർമ്മാണത്തിനും ബിസിനസുകൾ ആരംഭിക്കുന്നതിനും വിധവകൾക്കും അവിവാ ഹിതരായ അമ്മമാർക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും.
- വ്യാവസായിക പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ ആറു മാസം മുതൽ പ്രായമുള്ള കുട്ടികൾക്കായി നഴ്സറി സൗകര്യങ്ങൾ ഏർപ്പെടുത്തും.
- സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ സ്ത്രീകളെ അധിക്ഷേപിക്കുന്ന വ്യക്തികൾക്കെതിരെ ശക്തവും കർശനവുമായ നിയമനിർമ്മാണം നടത്തും.
- സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷിതമായ യാത്ര പ്രാപ്തമാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- പൊതുഇടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തുന്നതിനു വേണ്ടി റോഡരി കിലെ തെരുവ് വിളക്കുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.
- പ്രധാന പട്ടണങ്ങളിൽ രാത്രികാല പോലീസ് പട്രോളിംഗ് വർദ്ധിപ്പിക്കും.
- ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകൾ അടക്കമുള്ള സംരംഭങ്ങൾ ആരംഭിക്കു ന്നതിന് സ്ത്രീകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കും.
- വിദേശത്തു ജോലിക്ക് പോയി പ്രതിസന്ധിയിലായ സ്ത്രീകൾക്ക് സുരക്ഷാ നൽകാൻ നടപടികൾ സ്വീകരിക്കും.

- തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അത് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.
- സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാനായി ജി പി എസ് സംവിധാനം അടക്കമുള്ള വാഹനങ്ങളുടെ സ്മാർട്ട് സേഫ്റ്റി നെറ്റ്‌വർക്ക് ഒരുക്കും.
- പ്രസവ ശേഷം സ്ത്രീകളിൽ ഉണ്ടാകുന്ന പോസ്റ്റ് പാർട്ടം ഡിപ്രഷൻ നേരിടുന്നതിനു പ്രത്യേക ക്ലിനിക്കുകളും സംവിധാനങ്ങളും ഒരിക്കും.
- സ്ത്രീ സുരക്ഷാ വർധിപ്പിക്കാൻ സ്ത്രീകൾക്ക് അടിയന്തര ഘട്ടങ്ങളിൽ കണ്ട്രോൾ റൂമിലേക്ക് നിർദേശം എത്തിക്കാൻ ഒരു 'Distress Alert App' നടപ്പിലാക്കും.
- വനിതകൾക്കായി പിങ്ക് ജിം, പിങ്ക് ഫിറ്റ്നസ് ട്രെയിനിങ് സെന്ററുകൾ ആരംഭിക്കാനും ആരംഭിക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കും.
- സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക കുറ്റകൃത്യങ്ങളും സ്ത്രീധന പീഡനങ്ങളും തടയാൻ ശക്തമായ നടപടി സ്വീകരിക്കും. ഇതിനായി 'അവൾക്കൊപ്പം' എന്ന പേരിൽ പദ്ധതി നടപ്പിലാക്കും.

## 9. ഭവന നിർമ്മാണം

- അഞ്ചു വർഷംകൊണ്ട് അഞ്ചു ലക്ഷം പേർക്ക് വീട് നൽകും. നിലവിൽ അപര്യാപ്തമായതും വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ കണക്കെടുത്ത് അവ വിപുലീകരിച്ചും പുനരുദ്ധാരണം നടത്തിയും വാസയോഗ്യമാക്കുന്നതിനുള്ള പ്രത്യേക പരിപാടിക്ക് രൂപം നൽകും.
- ഭവന പദ്ധതികളുടെ തുക വർധിപ്പിക്കും.
- ഭവന പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപ്രായോഗിക മാനദണ്ഡങ്ങളിൽ മാറ്റം വരുത്തും. ഗ്രാമസഭകൾ വഴി അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തും.
- എസ്.സി, എസ്.ടി. വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും പ്രത്യേക പദ്ധതികൾ നടപ്പിലാക്കും. ഭവന നിർമ്മാണത്തിനായി നീക്കി വച്ചിരിക്കുന്ന തുക ഉയർത്തും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ താഴ്ന്ന വരുമാനക്കാർക്കായി കുറഞ്ഞ വാടകയ്ക്ക് നൽകുന്ന കൗൺസിൽ ഫ്ളാറ്റ്സ് മാതൃകയിൽ പദ്ധതി നടപ്പിലാക്കും.
- തോട്ടം തൊഴിലാളി മേഖലയിലെ ലയങ്ങളുടെ നവീകരണത്തിനായി പ്രത്യേക ഭവന പദ്ധതിക്ക് രൂപം നൽകും.

## 10. കൃഷി

- പ്രത്യേക കാർഷിക ബജറ്റ് അവതരിപ്പിച്ച് നടപ്പിലാക്കും.
- റബ്ബറിന് 300 രൂപ താങ്ങുവിലയാക്കും. സിയാൽ മോഡൽ റബ്ബർ കമ്പനി ആരംഭിക്കും.
- അഗ്രി അനലിറ്റിക്സ്, ഡ്രോൺസ്,ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ.ടി), നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) എന്നീ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാർഷിക മേഖലയെ പരിഷ്കരിക്കും.

- അഗ്രി ബേസ്ഡ് ഇൻഡസ്ട്രികൾക്ക് പ്രത്യേക പദ്ധതി തുടങ്ങും. കാർഷിക ഉത്പാദനത്തിൽ നിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനായി ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ സജ്ജീകരിക്കും.
- ഉത്പാദന ചിലവും ഭൂമി വാടകയും, കൃഷി സാമഗ്രികളുടെ അടക്കം ചെലവുകൾ വിലയിരുത്തി കാർഷിക വിളകളുടെ താങ്ങുവില നിശ്ചയിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും.
- തോട്ടങ്ങളിൽ ഫലപ്രദമായ ഭൂവിനിയോഗം ഉറപ്പുവരുത്താനും ഉത്തരവാദിത്തമുള്ള ടൂറിസം പ്രവർത്തനങ്ങൾ പ്രാപ്തമാക്കുന്നതിനും മുന്തിയ ഇനം പഴങ്ങൾ കൃഷി ചെയ്യാനും ഭൂപരിഷ്കരണ നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരും.
- കേരളത്തിലെ ഫ്രൂട്ട് ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കയറ്റുമതി ഗുണനിലവാരമുള്ള ഫലവർഗ്ഗങ്ങളും പുഷ്പവും ഉദ്പാദിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകും.
- വിളകളുടെ സുഗമമായ കയറ്റുമതി പ്രാപ്തമാക്കുന്നതിനു അന്താരാഷ്ട്ര വിമാനത്താവള ങ്ങൾക്ക് സമീപമുള്ള അഗ്രി ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കും.
- പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കൃഷി രീതിക്ക് സർക്കാർ മുന്തിയ പരിഗണന നൽകും. പുതിയ തലമുറ കർഷകർക്കായി കാർഷിക സർവകലാശാലകളിൽ അഗ്രി ഇൻകുബേറ്റർ സേവനങ്ങൾ ആരംഭിക്കും. കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുന്നതിന് കാർഷിക മേഖലയിലെ യുവാക്കൾക്കും സ്ത്രീകൾക്കുമായി ഹ്രസ്വകാല കോഴ്സുകൾ ആരം ഭിക്കും.
- പ്രാദേശിക കൃഷിയെ സഹായിക്കുന്നതിനായി കാർഷിക സർവകലാശാലയിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- കാർഷിക കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കൃഷിയുമായി ബന്ധപ്പെട്ട അപ്ലൈഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ് എന്നിവ കാർഷിക കോഴ്സുകളിൽ ഉൾപ്പെടുത്തും.
- **എൽ ഡി എഫ് സർക്കാർ നിർജ്ജീവമാക്കിയ കൃഷി മുഖ്യ വരുമാനമായിട്ടുള്ള അർഹരായ കൃഷിക്കാർക്ക് കാർഷിക വായ്പകളിൽ കടാശ്വാസം നൽകാൻ ആരംഭിച്ച കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ച കർഷകരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാനും നടപടികൾ സ്വീകരിക്കും.**
- നെല്ലിന് 35 രൂപാ സംഭരണ വിലയും റൊക്കം പണം ബാങ്ക് അക്കൗണ്ടിലേക്ക് നൽകലിനും സ്ഥിരം സംവിധാനം രൂപീകരിക്കും. ഇതിനായി റിവോൾവിങ് ഫണ്ട് രൂപീകരിക്കും. കാലാകാലങ്ങളിൽ കേന്ദ്രം കൂട്ടുന്നതിന് ആനുപാതികമായി സംസ്ഥാന സർക്കാർ വില കുറയ്ക്കുന്നതിന് പകരം നെൽ സംഭരണ വില കൂട്ടാൻ നടപടികൾ സ്വീകരിക്കും.
- കാലാവസ്ഥ പ്രവചനങ്ങളിൽ കൂടുതൽ കൃത്യത കൊണ്ടുവരാൻ ഉതകുന്ന കൂടുതൽ കാലാവസ്ഥാ പ്രവചന കേന്ദ്രങ്ങൾ സ്ഥാപിക്കും.
- നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കും. കൂടുതൽ പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കും.

- നാളികേര കൃഷി പ്ലാന്റേഷൻ കൃഷിയാക്കാൻ നടപടികൾ സ്വീകരിക്കും.
- നഗര മേഖലകളിൽ റസിഡന്റ്സ് അസോസിയേഷൻ തലത്തിൽ നാളികേരം, തൊണ്ട്, ചകിരി അടക്കം സംഭരിക്കാൻ നടപടികൾ സ്വീകരിക്കും
- കൃഷി മേഖലയിൽ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഈ സംരംഭങ്ങൾക്ക് ആവശ്യമായ അംഗീകാരങ്ങൾ നേടിയെടുക്കാൻ കൃഷി ഫെസിലിറ്റേറ്റർമാരെ സർക്കാർ തലത്തിൽ നിയമിക്കുകയും ചെയ്യും.
- പഴം, പച്ചക്കറി ഉത്പ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശ ഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടെ സമ്പൂർണ്ണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും.
- ഇടനിലക്കാരില്ലാതെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിൽപന പ്രാപ്തമാക്കുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിലാക്കും.
- കൂട്ടായ കൃഷി, വിൽപ്പന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫാർമർ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ സജ്ജീകരിക്കും. വി.എഫ്.പി.സി.കെയുടെ പ്രവർത്തനം വിപുലീകരിക്കും.
- മെച്ചപ്പെട്ട ഉൽപാദനക്ഷമതയ്ക്കായി വ്യക്തിഗത കൃഷിക്കാർക്ക് യന്ത്രവൽക്കരണത്തെ സഹായിക്കുന്നതിനുള്ള പാക്കേജ് നടപ്പിലാക്കും.
- സാങ്കേതിക പിന്തുണയ്ക്കും, യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും കാർഷിക വായ്പകൾ ലഭ്യമാക്കും.
- അധികമായി ഉത്പാദിപ്പിക്കുന്ന പഴങ്ങൾ സംസ്കരിച്ച് വൈൻ ഉത്പാദിപ്പിക്കാൻ സംസ്ഥാനത്ത് വൈൻ പോളിസി നടപ്പിലാക്കും.
- പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കും.
- കൊയ്ത്ത്, ട്രാക്ടർ അടക്കമുള്ള കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കാൻ കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭ്യമാക്കും.
- മൃഗസംരക്ഷണ പ്രവർത്തികളും ഡയറി ഫാം പ്രവർത്തനങ്ങളും തൊഴിലുറപ്പിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കും.
- ഓരോ പഞ്ചായത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ, മിൽമ മോഡലിൽ, ഹോർട്ടികോർപ്പ് വഴി ഫലപ്രദമായി സംഭരണം നടത്താൻ നടപടികൾ സ്വീകരിക്കും.
- ഫ്ളോറികൾച്ചർ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. കയറ്റുമതി അധിഷ്ഠിത ഫ്ളോറി കൾച്ചർ ഫാമുകൾക്കുള്ള പ്രത്യേക ആനുകാല്യങ്ങൾ ലഭ്യമാക്കുന്ന സോണുകൾ നടപ്പിലാക്കും.
- കർഷകർക്ക് വിവരങ്ങൾ, സ്ഥിതിവിവര കണക്കുകൾ, പിന്തുണ എന്നിവ നൽകുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കും.
- കാർഷിക സമൂഹങ്ങൾക്ക് ഉയർന്ന നിലവാരമുള്ള വിത്തുകളും കാർഷിക ഉപകരണങ്ങളും നൽകുന്നതിന് സഹായം ലഭ്യമാക്കും.
- ആധുനിക കാർഷിക സങ്കേതങ്ങളെക്കുറിച്ച് അറിയാൻ, അഗ്രി സൊസൈറ്റികൾക്ക് സാങ്കേതിക സഹായ സേവനങ്ങൾ നൽകും.
- ആധുനിക കൃഷിക്കാർക്ക് നൂതന കൃഷി സാമഗ്രികളെക്കുറിച്ചും കാർഷിക രീതികളെക്കുറിച്ചും അറിയാൻ വിദേശ കാർഷിക സർവകലാശാലകളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ആരംഭിക്കും.

- ഓർഗാനിക്, സുഗന്ധവ്യഞ്ജന, സേഫ് റ്റു ഈറ്റ് തോട്ടങ്ങൾ സജ്ജീകരിക്കുന്നതിന് പ്രത്യേക വായ്പകൾ ലഭ്യമാക്കും.
- കൃഷിക്കാർക്ക് അവരുടെ കൃഷി സ്ഥലങ്ങൾ ഒരുക്കുന്നതിനും ജൈവകൃഷി സർട്ടിഫിക്കേഷൻ ബോഡികൾ സാക്ഷ്യപ്പെടുത്തിയ ഉത്പാദനങ്ങൾക്കുമുള്ള പിന്തുണ നൽകും.
- കൃഷി മേഖലയിൽ ഗവേഷണം നടത്തുന്ന ഗവേഷകർക്ക് പ്രത്യേക അലവൻസ് ലഭ്യമാക്കും.
- സർഫാസി നിയമം ഉപയോഗിച്ച് കർഷകരെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടികൾ സ്വീകരിക്കും.
- തൊഴിലുറപ്പ് തൊഴിലാളികൾക്ക് അവരുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ജോലി കണ്ടെത്താൻ അവരെ പ്രാപ്തരാക്കുന്നതിനുമുള്ള ഉപകരണം/യന്ത്ര ങ്ങൾ നൽകുന്ന പദ്ധതി രൂപീകരിക്കും.
- വർഷം മുഴുവനും കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കും.
- ആഗോള ആവശ്യത്തിനനുസരിച്ച് ഭക്ഷ്യ സാങ്കേതിക കോഴ്സുകൾ നവീകരിക്കും.
- ഗുണനിലവാരം ഉയർത്തുന്നതിനും വിപണിയിലെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനു മായി ജി.ഐ. ടാഗ് ചെയ്ത ഉൽപ്പന്നങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- ആയുർവേദ മെഡിസിനൽ പ്ലാന്റുകൾക്കും സസ്യങ്ങൾക്കുമായുള്ള പ്രത്യേക ഇക്കണോമിക് സോണുകൾ രൂപീകരിക്കും.
- ഒരു ഹെക്ടറിന് താഴെയുള്ള റബ്ബർ കർഷകർക്ക് ആവർത്തന കൃഷിക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ഉറപ്പു വരുത്തും.
- നേരത്തെ ഉണ്ടായിരുന്നപോലെ റബ്ബറിന്റെ ആവർത്തന കൃഷിക്ക് പൂർണ്ണമായ സബ് സിഡി റബ്ബർ ബോർഡ് വഴി പുനരാംഭിക്കുന്നതിനു കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.
- വടക്ക് കിഴക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ റബ്ബർ കൃഷിക്ക് കേന്ദ്ര സർക്കാർ നൽകുന്ന പ്രോത്സാഹനം കേരളം ഉൾപ്പെടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പിലാക്കാനും വിവേചനം അവസാനിപ്പിക്കാനും ശ്രമം നടത്തും.
- നാണ്യ വിളകളെ കാർഷിക ഉത്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.
- നാണ്യ വിളകളുടെയും കാർഷിക വിളകളുടെയും സംഭരണത്തിനായി സൈലോകൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കും.
- കുട്ടനാടിന്റെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ചു കൊണ്ട് വിവിധ വകുപ്പുകളെ ഏകോപിച്ച് അവ പ്രയോഗികമായി പരിഹരിക്കാൻ നിയമപരമായ കുട്ടനാട് ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കും.
- ക്രിസ്പർ, ജനറ്റിക്കൽ മോഡിഫിക്കേഷൻ അടക്കമുള്ള സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന റബ്ബർ അടക്കമുള്ള ഭക്ഷ്യേതര വിളകൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കും.
- നെല്ല് സംഭരണത്തിനു മില്ല് ഉടമകളുമായി മുൻകൂറായി കരാറിൽ എത്തികൊണ്ട് കർഷകർക്ക് അമിതകിഴിവ് കൂടാതെ സംഭരിക്കാൻ നടപടി സ്വീകരിക്കും

- കൃഷി അനുബന്ധ വിഷയങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക കാർഷിക ട്രിബ്യൂണൽ സ്ഥാപിക്കും.
- കരിമ്പ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കും
- ഹൈ പ്രഷർ ബോയ്‌ലർ സ്ഥാപിക്കുന്ന നെല്ല് സംഭരണ ശാലകൾക്ക് പ്രത്യേക സഹായം നൽകും. ഇതിന് ആവശ്യമായ മൂലധന നിക്ഷേപത്തിൽ സബ്സിഡി നൽകും. ഈ മേഖലയിൽ ആവശ്യമായ സ്കിൽ ഡെവലപ്പ്മെന്റിനുള്ള സൗകര്യങ്ങൾ ഒരുക്കും.
- നെല്ലിൽ നിന്നും അനുബന്ധ ബൈ പ്രോഡക്ടസിൽ നിന്നും മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ സഹായം ലഭ്യമാക്കും.
- ബ്രാൻ ഓയിൽ നിന്നും വിവിധ ഉത്പന്നങ്ങൾ നിർമ്മിക്കാൻ സഹായം നിൽക്കും.
- നെൽ കർഷകർക്ക് പമ്പിങ് സബ്സിഡി സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കും
- നെല്ലിന് കൈകാര്യ ചെലവ് വർധിപ്പിക്കാൻ നടപടി സ്വീകരിക്കും .
- സ്വാമിനാഥൻ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഠനം നടത്തി പരിഹാര നടപടി സ്വീകരിക്കും.
- കാലാവസ്ഥ വ്യതിയാനം മൂലം കൃഷിനാശം ഉണ്ടാകുന്നവർക്ക് സൗജന്യമായി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കും.
- താറാവ് കർഷകരുടെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹരിക്കാൻ നടപടി സ്വീകരിക്കും. പക്ഷിപ്പനി അടക്കമുള്ള രോഗങ്ങളെ തുടർന്ന് താറാവുകളെ കൊന്നൊടുക്കേണ്ട സാഹചര്യത്തിൽ നഷ്ടപരിഹാര തുക വർധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- ജാതി കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കും.
- തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിലും കൃഷി സ്ഥലങ്ങളിലും സർക്കാർ നേതൃത്വത്തിൽ കൃഷി നടത്താൻ നടപടി സ്വീകരിക്കും
- കേരളത്തിന്റെ തനതു വിഭവങ്ങളായ ചക്ക, മാങ്ങ, കശുവണ്ടി, കൊക്കോ  അടക്കമുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കും.
- ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.
- എല്ലാ കന്നുകാലികളേയും ന്യായമായ വിലയ്ക്ക് ഇൻഷ്വർ ചെയ്യുന്നതിന് വേണ്ട പദ്ധതി തയ്യാറാക്കും.
- കന്നുകുട്ടി പരിപാലന പദ്ധതി സാർവത്രികവും ശാസ്ത്രീയവമാക്കും.
- മുള, ഈറ്റ ചൂരൽ എന്നീ ജൈവ വിഭവങ്ങളുടെ ലഭ്യതയ്ക്കും വിനിയോഗത്തിനും ബ്രഹത്തായ പദ്ധതികൾ രൂപീകരിക്കും.
- അടക്ക, വെറ്റില, ഏലം എന്നിവ സംഭരിക്കാനായി നടപടികൾ സ്വീകരിക്കും.
- കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും കർഷക ക്ഷേമനിധി ബോർഡിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കാനും ആനുകൂല്യങ്ങൾ കാലോചിതമായ പരിഷ്കരിക്കാനും നടപടി സ്വീകരിക്കും
- രാസവള വിലവർധനവുമൂലം കർഷകർക്ക് ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ ഇടപെടൽ നടത്തും.
- കാലിത്തീറ്റ, വൈക്കോൽ സബ്സിഡി വർധിപ്പിക്കും.
- പശു വാങ്ങാൻ പലിശ രഹിത വായ്പ ലഭ്യമാക്കും.
- കാർഷിക മേഖലയിൽ കോൾഡ് സ്റ്റോറേജ് കേന്ദ്രങ്ങൾ നടപ്പിലാക്കും.

- കാർഷിക സാങ്കേതികവിദ്യയിൽ പ്രമുഖ വിദേശരാജ്യങ്ങളുമായി സഹകരിച്ച് അന്തർദേശീയ കാർഷിക സാങ്കേതിക കേന്ദ്രം സ്ഥാപിക്കും.
- കാർഷിക, പ്ലാന്റേഷൻ മേഖലയിൽ വൈവിധ്യവൽക്കരണത്തിനും മൂല്യ വർദ്ധനയ്ക്കും ഉതകുന്ന രീതിയിൽ ഭൂവിനിയോഗനിയമങ്ങൾ, ഭൂമി നൽകാനുള്ള നിയമങ്ങൾ എന്നിവയിൽ മാറ്റം വരുത്തും.
- കിഴങ്ങ്, പഴവർഗ, പുഷ്പ, ഔഷധവിളകളുടെ പ്രോത്സാഹനത്തിന് പദ്ധതികൾ ആരംഭിക്കും.
- മില്ലറ്റ് കൃഷി വ്യാപിപ്പിക്കാനും, മൂല്യവർധിത വസ്തുക്കൾ നിർമ്മിക്കാൻ പ്രോത്സാഹനം നൽകുന്നതിനും മില്ലറ്റ് മിഷൻ ആരംഭിക്കും.
- കൃഷിയും ഗ്രാമീണ മേഖലയും കേരളത്തെ സുസ്ഥിര കൃഷിയിലേക്ക് മാറ്റാൻ സംസ്ഥാനതല അഗ്രോഇക്കോളജി പദ്ധതി ആരംഭിക്കും. (Agroecology Transition Programme)
- CREEA പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. (CREEA - Climate Resilient & Energy Efficient Agriculture)
- നെൽവയലുകളും ചതുപ്പുനിലങ്ങളും സംരക്ഷിക്കുന്ന കർഷകർക്ക് പരിസ്ഥിതി സേവന പ്രതിഫലം നൽകും.
- നാടൻ വിത്തുകളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും സമൂഹ വിത്ത് ബാങ്കുകളും ശക്തിപ്പെടുത്തും.
- ക്ഷീരകർഷകരും, ക്ഷീരസഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടു ക്ഷീരകർഷകർക്ക് ന്യായ വില ഉറപ്പാക്കും.

## 11. മലയോര കർഷക ക്ഷേമം

- കുടിയേറ്റ കർഷകർ നേരിടുന്ന എല്ലാ പ്രശ്നങ്ങളും സമയ ബന്ധിതമായി പരിഹരിക്കും. കൈയേറ്റങ്ങൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കും.
- ഭൂപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വർഷങ്ങളായി വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ കർഷകതാൽപര്യം സംരക്ഷിച്ച് സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കും.
- ഭൂമിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലും, ഹൈക്കോടതിയിലും (സി.എച്ച്.ആർ., കേസ്, എൽ.എ. പട്ടയം നൽകുന്നത് തടഞ്ഞ) നടക്കുന്ന കേസുകൾ യുദ്ധകാലാടിസ്ഥാന ത്തിൽ തീർപ്പാക്കുന്നതിന് സ്പെഷ്യൽ പാക്കേജുണ്ടാക്കും.
- സാങ്കേതികത്വം ആരോപിച്ച് പട്ടയം നൽകുന്നത് തടഞ്ഞിരിക്കുന്ന (വന തർക്കം, ഏലം എന്ന് രേഖപ്പെടുത്തൽ, 10 ചെയ്ൻ വിഷയം, ഷോപ് സൈറ്റ് മറ്റ് പൊതു സ്ഥാപനങ്ങൾ) മുഴുവൻ പ്രശ്നങ്ങളും സമയബന്ധിതമായി പരിഹരിക്കും.
- നിസാരകാരണങ്ങൾ ചൂണ്ടിക്കാട്ടി കർഷകരെ അവരുടെ കൃഷി ഭൂമിയിൽ നിന്ന് ഇറക്കിവിടാനുള്ള ശ്രമങ്ങൾക്കും നീക്കങ്ങൾക്കും ശാശ്വത പരിഹാരമായി നിലവിലുള്ള എല്ലാ ഭൂനിയമങ്ങളും കാലോചിതമായി പരിഷ്ക്കരിച്ചു കൊണ്ട് ഉപാധിരഹിത പട്ടയം എന്ന ആശയം നടപ്പിലാക്കും.
- കാർഡമം റൂൾ ഉൾപ്പടെയുള്ള ഭൂ നിയമങ്ങൾ കാലോചിതമായി ഭേദഗതി ചെയ്യും.
- പതിറ്റാണ്ടുകളായി ഭൂമി കൈവശം വെക്കുന്ന കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് ഓരോ പ്രാദേശങ്ങളിലും തടസമായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കും.
- വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കാത്ത പ്രദേശങ്ങളിൽ സമയബന്ധിതമായി പരിശോധന നടത്തി പട്ടയം നൽകാൻ നടപടി സ്വീകരിക്കും.

- വന്യജീവി ശല്യം തടയാനും പട്ടയ കൈവശ ഭൂമികളിൽ വനം വകുപ്പ് നടത്തുന്ന കടന്നുകയറ്റം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കും. കൃഷിഭൂമിയും വനഭൂമിയും തമ്മിൽ അതിർത്തി തിരിച്ചു സംരക്ഷിക്കും.
- പഴയ റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ട പട്ടയകൈവശ ഭൂമികളും സർക്കാർ വിവിധ വികസന പദ്ധതികൾക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയും ഡീ -റിസർവ് ചെയ്ത് റിസർവ് വനത്തിന്റെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കും.
- കേരളത്തിലെ തോട്ടം മേഖലയുടെ ഭൂവിനിയോഗത്തിനു മേലുള്ള നിലവിലുള്ള നിയന്ത്രണങ്ങൾ ലഘൂകരിക്കുകയും, തോട്ടങ്ങളുടെ സ്വാഭാവിക സ്വഭാവം നിലനിർത്തിക്കൊണ്ട് വൈവിധ്യവൽക്കരണം അനുവദിക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരും.
- 2023-ൽ സർക്കാർ കൊണ്ട് വന്ന ഭൂപതിവ് ഭേദഗതി നിയമവും 2025-ൽ നിർമ്മിച്ച അതിന്റെ ചട്ടവും റദ്ദാക്കി ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക പരിഹരിക്കാൻ സമഗ്രമായ നിയമ നിർമ്മാണം നടത്തും. 1961-ലെ ഭൂപതിവ് നിയമത്തിലെ സെക്ഷൻ 7(1) നൽകുന്ന അധികാരമുപയോഗിച്ച് നിർമ്മാണ നിരോധനമടക്കമുള്ള പ്രശ്നങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ ശാശ്വത പരിഹാരം കണ്ടെത്തും.
- തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് അനുമതി വാങ്ങി നിർമ്മിച്ച നിലവിൽ നികുതി അടച്ച് പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ഫീസ് ഇല്ലാതെ ക്രമവൽക്കരിക്കും.
- ഇടുക്കി ജില്ലയിൽ വാണിജ്യ നിർമ്മാണങ്ങൾക്കുള്ള നിരോധനം പിൻവലിക്കും. ദുരന്ത നിവാരണ നിയമപ്രകാരം ഒരു പഠനവും ഇല്ലാതെ ജില്ലയിൽ ഏർപ്പെടുത്തിയ നിർമ്മാണ നിയന്ത്രണം പിൻവലിക്കുന്ന കാര്യം പരിശോധിക്കും.
- തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കും. പൂട്ടി കിടക്കുന്ന തോട്ടങ്ങൾ തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിച്ച് ഇവയുടെ പ്രവർത്തനം ഈ സംഘങ്ങളെ എൽപ്പിച്ച് ഇവ തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കും.
- കേരളത്തിലെ റിസർവ് വനഭൂമി മുഴുവൻ വില്ലേജ്/താലൂക്ക് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും അളന്നു തിട്ടപ്പെടുത്തും. റവന്യൂ ഭൂമിയെ വനമാക്കി മാറ്റി ഇട്ടിരിക്കുന്ന താല്ക്കാലിക വിജ്ഞാപനങ്ങൾ റദ്ദാക്കുകയും എല്ലാ നടപടികളും നിർത്തിവയ്ക്കുകയും ചെയ്യും.
- കർഷകർ നട്ടുവളർത്തുന്ന ഏതൊരു വൃക്ഷവും സ്വതന്ത്രമായി വിൽക്കാനുള്ള അവകാശം ചട്ട ഭേദഗതിയിലൂടെ ഉറപ്പു വരുത്തും.
- ബഫർ സോൺ, ഡാം സേഫ്റ്റി, ഇ.എഫ്.എൽ പ്രഖ്യാപനങ്ങൾ പുനഃപരിശോധിക്കുകയും അന്യായം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും.
- കാർഷിക മേഖലയിലെ വിളനാശവും, വില തകർച്ചയും അതിജീവിക്കാൻ ടൂറിസം അടക്കമുള്ള വിവിധ മേഖലകളെ ഉപയോഗപ്പെടുത്താൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കും.
- തോട്ടഭൂമിയുടെ പേരിലും, പാട്ടത്തിന്റെ പേരിലും നടന്നുവരുന്ന നിയമ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കും.
- ഏലം കൃഷിക്ക് നൽകിയ പട്ടയങ്ങളിൽ വീട് നിർമ്മിക്കുന്നത് നിരോധിച്ച 2020-ലെ സർക്കാർ ഉത്തരവ് പിൻവലിക്കും.
- നിരവധി വിധികളിലൂടെ സുപ്രീംകോടതി നിയമവിരുദ്ധമെന്ന് കണ്ടെത്തിയ പരിസ്ഥിതി ലോല പ്രദേശ (ഇ.എഫ്.എൽ.) നിയമപ്രകാരം നിയമവിരുദ്ധമായി ഏറ്റെടുത്ത മുഴുവൻ ഭൂമിയും കർഷകർക്ക് തിരിച്ചു നൽകും.

## 12. വന്യ ജീവി ആക്രമണം

- വനത്തിനുള്ളിൽ കയറി മൃഗങ്ങളെ ഉപദ്രവിക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതി നൊപ്പം മനുഷ്യവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടന്നു വരുന്നത് തടയുന്നതിന് പ്രഥമ പരിഗണന നൽകും. അത് വനംവകുപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വമാക്കും.
- വന്യമൃഗങ്ങളുടെ കാടിറക്കം സംബന്ധിച്ച് യഥാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ ഡ്രോൺ, നിർമിത ബുദ്ധി, ഐ.ഒ.ടി. അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള നിരീക്ഷണ സംവിധാനങ്ങളും മുന്നറിയിപ്പ് വ്യവ സ്ഥകളും ഏർപ്പെടുത്തും.
- വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകിവരുന്ന തുക 50% വർധിപ്പിക്കും. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 7 ദിവസത്തിനുള്ളിൽ നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീക രിക്കും.
- ഭൂഉടമകളുടെ ഭൂമിയിൽ കടന്നു കയറുന്ന കാട്ടുമൃഗങ്ങളെ നേരിടുന്നതിന് ഭൂഉടമകൾക്ക് അധികാരം നൽകുന്ന നടപടികൾ സ്വീകരിക്കും
- വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും പരിക്കു പറ്റുന്നവർക്കും വാഹനാപകട നഷ്ടപരിഹാര വ്യവസ്ഥകൾക്ക് സമാനമായി നഷ്ടപരിഹാരം നൽകുന്നതിനു Motor Accidents Claims Tribunal (MACT) മാതൃകയിൽ ട്രിബ്യൂണൽ സ്ഥാപിക്കും.
- 1972-ലെ വന്യജീവി(സംരക്ഷണ) നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ സംബ ന്ധിച്ച ആശയ രൂപീകരണത്തിനായി കർഷക ആദിവാസി സംഘടനകളുമായി ചർ ച്ച നടത്തി മാറ്റങ്ങൾ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കും.
- ആന്റി വെനം ലഭ്യത ഉറപ്പുവരുത്തി പാമ്പ് കടിയേറ്റ് മരണം സംഭവിക്കുന്നത് തടയാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകും.
- വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജല ദൗർലഭ്യം ഉണ്ടാക്കുന്ന അധിനിവേശ സസ്യങ്ങളായ സെന, യൂക്കാലിപ്റ്റസ് അടക്കം പിഴുതു മാറ്റാൻ നടപടികൾ സ്വീകരിക്കും.
- വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കും
- വന്യ മൃഗങ്ങൾ പുറത്തു വരാതിരിക്കാൻ വനാതിർത്തിമേഖലകളിൽ പഴുതടച്ച പ്രതിരോധ സംവിധാനങ്ങൾ അവലംബിക്കും. അതിനായി, ഓരോ പ്രദേശത്തിനും അനുയോജ്യമായ ഫെൻസിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും അവയുടെ പരിരക്ഷ ഉറപ്പു വരുത്തുകയും ചെയ്യും.
- വനാതിർത്തി മേഖലകളിലെയും വനത്തിനുള്ളിലൂടെയുമുള്ള റോഡുകളുടെ ഇരു വശത്തെയും അടിക്കാടുകൾ യഥാസമയം തെളിച്ചിടാനും, വന്യമൃഗങ്ങൾ താവളങ്ങളാക്കുന്ന പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകൾ വൃത്തിയാക്കാനും സംവിധാന ങ്ങളുണ്ടാക്കും.
- വനാതിർത്തി മേഖലകളിലെ റിസോർട്ടുകളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വന്യമൃഗങ്ങളെ അലോസരപ്പെടുത്തുന്ന സാഹചര്യമൊഴിവാക്കാനുള്ള നിയന്ത്രണ ങ്ങൾ കൊണ്ടുവരും.

- വന്യമൃഗ ആക്രമണങ്ങളെ ചെറുക്കുന്നതിനുള്ള ദ്രുതകർമസേന (RRT) ടീമുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വന്യമൃഗശല്യമുള്ള ഹോട്ട് സ്പോട്ടുകളിൽ അവരുടെ നിരന്തര സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യും.
- കാട്ടുപന്നികളെ വേട്ടയാടാൻ തോക്ക് ലൈസൻസികളുടെ സംഘങ്ങളെ പ്രാദേശികമായി നിയോഗിക്കുകയും അവർക്ക് അവരുടെ അദ്ധ്വാനത്തിന് ആനുപാതികമായ പ്രതിഫലം നൽകുകയും ചെയ്യും.
- കുരങ്ങ്, മയിൽ തുടങ്ങിയ മനുഷ്യനെ ആക്രമിക്കാത്ത വന്യജീവികളെ തുരത്തിയോടിക്കാൻ പരിശീലനം നൽകി പ്രാദേശികമായി പ്രത്യേക ടീമുകളെ നിയോഗിക്കും.
- മനുഷ്യജീവനും കൃഷിക്കും അപകടകാരികളായ കാട്ടുപന്നിയടക്കമുള്ള വന്യ ജീവികളെ കൊല്ലാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കും.
- വന്യ ജീവി ആക്രമണത്തിൽ കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാൻനടപടി സ്വീകരിക്കും.
- വന്യമൃഗ ശല്യമുള്ള ഹോട്ട്സ്പോട്ടുകളിലെ ജനങ്ങൾക്ക് സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന പദ്ധതികളാവിഷ്കരിക്കും.
- ആനപാതകൾ ഉൾപ്പെടെ വന്യജീവി ആക്രമണം കൂടുതലുള്ള ഇടനാഴികൾ നിയമപരമായി സംരക്ഷിക്കുകയും അവിടെ ജീവിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു കുടുംബങ്ങളെ നഷ്ടപരിഹാരവും ബദൽ താമസ സ്ഥലവും ഉപജീവനം ഉറപ്പാക്കിക്കൊണ്ട് പുനരധിവസിപ്പിക്കും

## 13. മൽസ്യബന്ധനം

- **കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക് ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കും. മത്സ്യബന്ധന അവകാശം മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്തും.**
- **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകി വരുന്ന എസ്.സി.പി./ ടി.എസ്.പി മാതൃകയിൽ ഫിഷറീസ് സബ് പ്ലാൻ നടപ്പിലാക്കും.**
- **മത്സ്യത്തൊഴിലാളികൾക്ക് ഡീസൽ, പെട്രോൾ സബ്സിഡി ലഭ്യമാക്കും. മണ്ണെണ്ണ സബ്സിഡി വർധിപ്പിക്കാൻ നടപടി സ്വീകരിക്കും**
- **പട്ടയം ലഭ്യമല്ലാത്ത എല്ലാ തീരദേശ നിവാസികൾക്കും പട്ടയം ലഭ്യമാക്കും.**
- **സർക്കാർ മുന്നറിയിപ്പ് പ്രകാരം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വേതന സഹായം ലഭ്യമാക്കും.**
- മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരുന്ന ഭവന നിർമ്മാണ പദ്ധതി പുനഃസ്ഥാപിക്കും. സംസ്ഥാനത്തെ മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുന്ന തുക ഉയർത്തും.
- ചെല്ലാനം, ആലപ്പാട്ട്, മൺറോതുരുത്ത് പാക്കേജുകൾ നടപ്പിലാക്കും.
- മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും, മത്സ്യത്തൊഴിലാളി സമൂഹത്തിന് മറ്റ് തൊഴിൽ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള പരിശീലന പദ്ധതികൾ ആരംഭിക്കുകയും ചെയ്യും.
- മത്സ്യതൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിനായി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കാനും, അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും,

പരിശീലനവും ആവശ്യമായ വസ്തുക്കളും നൽകുവാനുള്ള നടപടികൾ സ്വീക രിക്കും.

- മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ ആരംഭിക്കാൻ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കും.
- ഉപ്പു കലർന്ന കടൽകാറ്റും, മറ്റു പ്രതികൂല സാഹചര്യങ്ങളിലും കേടുപാടുകൾ സംഭവി ക്കുന്ന തീരദേശമേഖലകളിലെ ഭവനങ്ങൾക്ക് നൽകിയിരുന്ന റിപ്പയർ ഫണ്ട് പുനഃസ്ഥാപിക്കും.
- വിഴിഞ്ഞം പദ്ധതി മൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ ആഘാതങ്ങൾ പരിഹരി ക്കുന്ന തിന് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കും.
- ഹാർട്ട് അറ്റാക്ക് അടക്കമുള്ള മറ്റു രോഗങ്ങൾ കാരണം മരണമടയുന്ന മത്സ്യത്തൊഴി ലാളികൾക്ക് ഇൻഷ്വറൻസ് ലഭ്യമാക്കും. കടലിൽ അപകടം സംഭവിച്ചു ആശുപത്രിയിൽ ചികിത്സയിൽ തുടരവെ മരണമടയുന്നവർക്ക്കൂടി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കും
- ഹൈടെക് ഫിഷ് നഴ്സറികൾക്കും, അലങ്കാര മത്സ്യകൃഷിക്കുമായി പ്രത്യേക സാമ്പത്തിക സോണുകൾ രൂപീകരിക്കും.
- തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള കടൽഭിത്തി, ബ്രേക്ക്വാട്ടർ, ബീച്ച് നറിഷ്മെന്റ് അടക്കമുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കും.
- സാധ്യമായ ഇടങ്ങളിലെല്ലാം തീരദേശ സംരക്ഷണത്തിനായി കണ്ടൽ വനങ്ങൾ നട്ടു പിടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകും.
- കാലാവസ്ഥ വ്യതിയാനം മൂലം സ്ഥിരമായി പ്രതിസന്ധിയിലാകുന്ന മത്സ്യത്തൊ ഴിലാളി കുടുംബങ്ങൾക്ക് റേഷൻ ആശ്വാസം അടക്കമുള്ള പ്രത്യക സഹായം നൽകും.
- കാലാവസ്ഥാ വ്യതിയാനങ്ങളിൽ നിന്ന് ഉണ്ടാകുന്ന അപകടകരമായ അവസ്ഥകളെ ക്കുറിച്ച് മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ശാസ്ത്രീയമായ മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കും.
- മത്സ്യത്തൊഴിലാളികൾക്ക് ബോട്ട്, നെറ്റ് എന്നിവയുൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രത്യേക ഉപജീവന പാക്കേജ് നടപ്പിലാക്കും.
- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യസംസ്കരണത്തിൽ പരിശീലനം നേടുന്നതിനുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കും.
- മത്സ്യത്തൊഴിലാളികൾക്ക് റീട്ടെയിലായി മത്സ്യം വിൽക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിച്ചു നൽകും.
- ബീച്ചുകളിൽ സാഹസിക വാട്ടർ സ്പോർട്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- തീരദേശ സമൂഹങ്ങൾക്കുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ (കോസ്റ്റൽ ഹെൽത്ത് ക്ലസ്റ്ററുകൾ ) സ്ഥാപിക്കും.
- സീഫുഡ് പ്രോസസ്സിംഗ് പാർക്കുകളും, കോൾഡ് ചെയിൻ സൗകര്യങ്ങളും ഏർപ്പെ ടുത്തും.
- തീരത്ത് അധിക വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ബീച്ച് സൈഡ് വിനോദവും, വിനോദ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കും.

- പ്രകൃതിക്ഷോഭത്തിന്റെ സമയത്ത് തീരദേശത്തെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള സ്ഥിരമായ അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- പ്രാദേശിക കമ്മ്യൂണിറ്റികളുടെ ഉടമസ്ഥതയിലുള്ളതും പ്രവർത്തിപ്പിക്കുന്നതുമായ ബീച്ച് സൈഡ് സീഫുഡ് റെസ്റ്റോറന്റുകൾക്ക് പ്രോത്സാഹനം നൽകും.
- ഫിഷ് ലാൻഡിംഗ് സ്റ്റേഷനുകളും വിശ്രമമുറികളുള്ള മാർക്കറ്റുകളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക ഫണ്ട് രൂപീകരിക്കും.
- തീരദേശത്തെ മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും തീരപ്രദേശത്തെ മെച്ചപ്പെടുത്തുന്നതിനും ഒരു തീര മാനേജ്മെന്റ് പ്രോഗ്രാം നടപ്പിലാക്കും.
- ആഗോള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൂവാറിലും ബേപ്പൂരിലും ബോട്ട് നിർമ്മാണ സൗകര്യങ്ങൾ ഏർപ്പെടുത്തും.
- സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും, പുതുക്കൽ കാലയളവ് വർധിപ്പിക്കുകയും ചെയ്യും
- കെ.എം.എഫ്.ആർ.എ. നിയമത്തിൽ 2018 ൽ കൊണ്ടുവന്ന തെറ്റായ തീരുമാനങ്ങൾ പുനപ്പരിശോധിക്കും.
- മത്സ്യബന്ധന ബോട്ടുകളുടെ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, പിഴ എന്നിവ കുറയ്ക്കാൻ നടപടിസ്വീകരിക്കും.ബോട്ടുകളുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് എന്നിവയിൽ സ്ലാബ് സംവിധാനം ഏർപ്പെടുത്തും.
- മത്സ്യത്തൊഴിലാളികൾ മത്സ്യം വിറ്റ് കിട്ടുന്ന തുകയുടെ 5% ശതമാനം സർക്കാറിന് നൽകുവാൻ നിഷ്ക്കർഷിക്കുന്ന നിയമവ്യവസ്ഥ പുനപ്പരിശോധിക്കും.
- മത്സ്യത്തൊഴിലാളികളിൽ നിന്നും അമിതമായി ലേലം ഫീസ് ഈടാക്കുന്ന നടപടി നിർത്തലാക്കും.
- സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പരാതികൾ പരിശോധിച്ച് തീർപ്പ് കല്പിക്കുവാൻ ഫിഷറീസ് ഓബുഡ്സ്മാനെ നിയമിക്കും.
- സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വീടുകളിലെ ടോയ്ലെറ്റുകൾ പണിയുവാനും, റിപ്പയറിനും പ്രത്യേക ഫണ്ട് ലഭ്യമാക്കും.
- മത്സ്യത്തൊഴിലാളി മേഖലകളിൽ ദുരിതബാധിതർക്ക് സർക്കാർ പണിത് നൽകിയ ഫ്ളാറ്റുകളുടെ ശോചനീയാവസ്ഥപരിഹരിക്കുവാനും, അറ്റകുറ്റപണികൾക്കുമായി തുക ലഭ്യമാക്കും.
- തീരവും ജലാശയങ്ങളും സംരക്ഷിക്കാനും തീരവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയും നയം രൂപീകരിക്കും.
- ബ്ലൂ എക്കോണമിയുടെ പ്രത്യാഘാതങ്ങൾ പഠിക്കാൻ പരമ്പരാഗത അറിവിൽ വൈദഗ്ധ്യമുള്ള മത്സ്യത്തൊഴിലാളികളെയും വിദഗ്ധരെയും ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയുംചെയ്യും.
- കടൽ ഖനനം കടൽ ആവാസ വ്യവസ്ഥയെ ഏതുതരത്തിൽ ബാധിക്കും എന്ന് പഠിക്കാൻ സമിതി രൂപീകരിക്കും.
- മുതലപ്പൊഴി പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ശാസ്ത്രീയ നടപടികൾ സ്വീകരിക്കും.
- കാലാവസ്ഥ വ്യതിയാനം കടലിന്റെ ആവാസ വ്യവസ്ഥയെ ഏതുതരത്തിലാണ് ബാധിക്കുന്നത് എന്ന് പഠിക്കാൻ നടപടികൾ സ്വീകരിക്കും. പരിഹാര നിർദ്ദേശങ്ങൾ നടപ്പിലാക്കും.

- സംസ്ഥാനത്ത് ചെമ്മീൻ പീലിങ് തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കും
- സംസ്ഥാനത്ത് ബൈ ബാക്ക് ഫിഷിംഗ് പ്രോത്സാഹിപ്പിക്കുകയും കയറ്റുമതി ഗുണ മേന്മയുള്ള മത്സ്യം ഉല്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് പ്രത്യേക സഹായം നൽകുകയും ചെയ്യും.
- മത്സ്യ മേഖലയിൽ മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള ഡീപ് ഫ്രീസ് യൂണി റ്റുകൾ സ്ഥാപിക്കാൻ സർക്കാർ സഹായം ലഭ്യമാക്കും.
- കേരളത്തിലുടനീളം ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- കയറ്റുമതി അധിഷ്ഠിത ഉൾനാടൻ മത്സ്യഫാമുകൾക്കുള്ള പ്രത്യേക ഇക്കണോമിക് സോണുകൾ രൂപീകരിക്കും.
- ഉൾനാടൻ മത്സ്യസംസ്കരണ യൂണിറ്റുകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകും.
- ഉൾനാടൻ മത്സ്യക്കൃഷി യൂണിറ്റുകൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുള്ള പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കും.
- ഉൾനാടൻ മത്സ്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്ന തിനുള്ള ഫുഡ് പാർക്കുകൾ സ്ഥാപിക്കും.
- മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അറിവുകളെ കാലാവസ്ഥ മുന്നറി യിപ്പുകൾക്കും കടലിൽ ഉണ്ടാകുന്ന അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കും ഉപ യോഗപ്പെടുത്തും.
- മത്സ്യമേഖലയിലെ വൈദഗ്ധ്യമുള്ള മത്സ്യത്തൊഴിലാളികൾക്ക് കോസ്റ്റ് ഗാർഡ് നിയ മനങ്ങളിലടക്കം മുൻഗണന നൽകും.

## 14. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

- ആദിവാസി സമൂഹത്തിന്റെ വനാവകാശം സംരക്ഷിക്കുന്നതിനു യു.പി.എ സർക്കാർ 2006 ൽ പ്രാബല്യത്തിൽ വരുത്തിയ വനാവകാശ നിയമം (The Scheduled Tribes and Other Forest Dwellers (Recognition of forest rights) Act 2006) പൂർണ്ണമായും നടപ്പിലാക്കും.
- ആദിവാസികളുടെ ഭൂമി നഷ്ടപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കും.
- ഭൂരഹിത ആദിവാസികളുടെ പുനരധിവാസ പദ്ധതി പുനരുജ്ജീവിപ്പിക്കുകയും PESA നിയമംപൂർണമായും നടപ്പിലാക്കുകയും ചെയ്യും.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന പദ്ധതി പുനരാരംഭിക്കും.
- അന്യസംസ്ഥാനങ്ങളിൽ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./ എസ്.ടി. വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കും.
- സംസ്ഥാനത്തെയും രാജ്യത്തെയും വിവിധ മത്സരപരീക്ഷകൾക്കു വേണ്ടി തയ്യാറെടു ക്കുന്ന മത്സരാർത്ഥികൾക്ക് പ്രശസ്തമായ കോച്ചിങ് സ്ഥാപനങ്ങളിൽ പഠിക്കാൻ സർക്കാർ സഹായം ലഭ്യമാക്കും.
- ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പുനഃസ്ഥാപിക്കും.

- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പരീക്ഷ പരിശീലന കേന്ദ്രം എല്ലാ ജില്ലകളിലും സ്ഥാപിക്കും.
- രാജമാണിക്യം കമ്മീഷൻ അടക്കമുള്ള നിരവധി കമ്മീഷനുകളും അന്വേഷണ ഏജൻസികളും സർക്കാരിന്റേതാണെന്ന് തെളിവുകൾ നിരത്തി സംശയാതീതമായി കണ്ടെത്തിയതും വിദേശ-സ്വദേശ കമ്പനികൾ അനധികൃതമായി കൈവശം വെച്ചു വരുന്നതുമായ ഏകദേശം 5.5 ലക്ഷത്തോളം ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് നിയമ നിർമാണം നടത്തും. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമി നിയമാനുസൃതമായി ദളിത്, ആദിവാസികൾക്കും മറ്റു അർഹരായ ഭൂരഹിതർക്കും വിതരണം ചെയ്യും.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്കുള്ള ലോൺ സപ്പോർട്ട് സ്കീമിലെ തുക വർദ്ധിപ്പിക്കും.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ കോ-ഓപ്പറേറ്റിവ് സൊസൈറ്റികളുടെ കട ബാധ്യതകൾ നീക്കി ക്ലീൻ സ്ലേറ്റിൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കും.
- പട്ടയം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും.
- എല്ലാ ജില്ലകളിലും എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കും.
- എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് പ്രാതിനിധ്യം കുറഞ്ഞ മേഖലകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആരംഭിക്കും.
- വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഭവനങ്ങൾ പുനർനിർമ്മിക്കാൻ പ്രത്യേക പദ്ധതി രൂപീകരിക്കും.
- ദേവസ്വം ബോർഡ് നിയമനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള സംവരണം ജനസംഖ്യാനു പാതികമായി നൽകാൻ നടപടികൾ സ്വീകരിക്കും.
- പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അടക്കമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് സമയബന്ധിത വിതരണം ഉറപ്പാക്കും.
- കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി ആദിവാസികൾക്കും, ദളിതർക്കും കർഷകർക്കും ഭൂരഹിതർക്കും വിതരണം ചെയ്യാനായി കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് 1971 പ്രകാരം ഏറ്റെടുക്കുകയും വനമാക്കി മാറ്റിയതുമായ ഭൂമി ഭൂരഹിതർക്കും ആദിവാസികൾക്കും വിതരണം ചെയ്യുന്നതിന് പഠനം നടത്തി നടപടികൾ സ്വീകരിക്കും.
- മുൻ യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന ആദിവാസി സമൂഹത്തിനു ഒരു ഏക്കർ ഭൂമി നൽകാൻ നടപ്പിലാക്കിയ 'ആശിക്കും ഭൂമി ആദിവാസികൾക്ക്' എന്ന പദ്ധതി പുനരാരംഭിക്കും.
- പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്നും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നും ഉറപ്പുവരുത്തുന്ന നിയമം കൊണ്ടുവരും.
- കൊളോണിയൽ വനമാനേജ്മെന്റിന്റെ ഭാഗമായി വനം നശീകരിക്കപ്പെട്ടതിന്റെ ഫലമായി വനത്തിൽ നിന്നും പുറന്തള്ളപ്പെട്ട കാട്ടുനായ്ക്ക, വേട്ടക്കുറുമ, ചോലനായ്ക്കർ, മുതു വാൻ, ഇരുള-കുറുംബ തുടങ്ങിയ വിഭാഗങ്ങൾക്ക് പാരിസ്ഥിതിക നീതി ഉറപ്പുവരുത്താനുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കും.

- അടിമത്തത്തിന് വിധേയരായ ദലിത്-ആദിവാസി വിഭാഗങ്ങൾക്ക്, പ്രത്യേകിച്ചും പണിയ- അടിയ തുടങ്ങിയ ഗോത്രവർഗ്ഗക്കാർക്ക് സമഗ്ര പുനരധിവാസ പദ്ധതി നടപ്പി ലാക്കും.
- SC/ST വിഭാഗങ്ങളിലെ അതിപിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ-വികസന-തൊഴിൽ പാക്കേജുകൾ നടപ്പാക്കും.

## അതിപിന്നാക്ക ജനവിഭാഗങ്ങളുടെ ക്ഷേമം

- അതി പിന്നാക്ക ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി മോസ്റ്റ് ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡെവലപ്‌മെന്റ് കോർപ്പറേഷൻ രൂപീകരിക്കും.
- ഒ.ഇ.സി ആനുകൂല്യത്തിനുള്ള വരുമാന പരിധി കാലോചിതമായി ഉയർത്തും.
- നിലവിൽ ഭാഗികമായി ഒ.ഇ.സി സംവരണം ലഭിക്കുന്ന സമുദായങ്ങൾക്ക് പൂർണ്ണ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കും.
- കൊച്ചി ദിവാനും ഭാരതത്തിന്റെ ആദ്യ ധനകാര്യ മന്ത്രിയുമായിരുന്ന ഡോക്ടർ ആർ.കെ ഷണ്മുഖം ചെട്ടിയാരുടെ സ്മരണ നിലനിർത്താൻ കൊച്ചിയിൽ സാംസ ്കാരിക നിലയവും റിസർച്ച് ആൻഡ് സ്റ്റഡി സെന്ററും സ്ഥാപിക്കും.

## 15. ഭിന്നശേഷി ക്ഷേമം

- ഭിന്നശേഷി ക്ഷേമത്തിനായി ഭിന്നശേഷി വകുപ്പ് രൂപീകരിക്കും.
- രോഗികളായ കടുത്ത വൈകല്യങ്ങളുള്ളവരുടെയും (80%ന് മുകളിൽ), കിടപ്പ് രോഗികളുടെയും ലോൺ എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിക്കും.
- ഭിന്നശേഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുമ്പോൾ വാർഷിക വരുമാന പരിധി ഒഴിവാക്കും.
- പി.എസ്.സി പരീക്ഷയിൽ ഭിന്നശേഷിക്കാർക്ക് നൽകിയിരുന്ന ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കും.
- ഭിന്നശേഷിക്കാർക്ക് പ്രത്യേക മെഡിക്കൽ ഇൻഷുറൻസ്, ഭവന നിർമ്മാണ പദ്ധതി, ക്ഷേമനിധി ബോർഡ് എന്നിവ നടപ്പിലാക്കും.
- സർക്കാർ, കോർപറേഷൻ, ബോർഡുകളിൽ 4% ഭിന്നശേഷി സംവരണം (PWD Act 2016) ഉറപ്പുവരുത്തും.
- പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും ആശയവിനിമയത്തിന് വേണ്ടി ആംഗ്യ ഭാഷ പരിഭാഷകരെ നിയമിക്കും. ആംഗ്യ ഭാഷയ്ക്ക് കൂടുതൽ പ്രചരണം നടത്തും. ഇന്ത്യൻ സൈൻ ലാംഗ്വേജിനെ ഭാഷയായി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കും
- അറുപതു ശതമാനത്തിൽ മുകളിൽ വൈകല്യമുള്ള കിടപ്പുരോഗികൾക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.
- സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള കമ്മീഷൻ ഫോർ ഡിസെബിലിറ്റി ഇൻക്ലൂഷൻ സ്ഥാപിക്കും.
- 2016 ലെ കേന്ദ്ര ഭിന്നശേഷി നിയമത്തിൽ സംസ്ഥാനം നടപ്പിലാക്കാത്ത വ്യവ സ്ഥകൾ കണ്ടെത്താൻ സർവേ നടത്തും. ഈ സർവേയുടെ അടിസ്ഥാനത്തിൽ അവ നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കും.

- National Institute of Speech and Hearing (NISH) നെ ഭിന്നശേഷി സർവകലാശാലയായും റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ ആക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്ത് ഭിന്നശേഷിക്കാരുടെ വീൽ ചെയർ യാത്ര തടസ രഹിതമാക്കാൻ (Barrier free) കർശന നടപടി സ്വീകരിക്കും. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുഇടങ്ങളിൽ റാമ്പ് അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കാൻ സർക്കാർ നടപടി സ്വീകരിക്കും.
- ഭിന്നശേഷി ക്ഷേമത്തിനായി പദ്ധതി വിഹിതത്തിൽ നിശ്ചിത ശതമാനം മാറ്റിവയ്ക്കുകയും, ഈ തുകയുടെ ചിലവ് ഉറപ്പ് വരുത്തുകയും ചെയ്യും.
- ഭിന്നശേഷി സർക്കാർ ജീവനക്കാർക്കും രക്ഷാകർത്താക്കൾക്കും സ്വന്തം വീടി നടുത്തോ ജില്ലയിലോ സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന നൽകും.
- ഭിന്നശേഷിക്കാർ വാങ്ങുന്ന 15 ലക്ഷം രൂപ വരെയുള്ള വാഹങ്ങൾക്ക് നികുതി ഇളവ് നൽകാൻ നടപടികൾ സ്വീകരിക്കും.
- ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരങ്ങൾ ഒരുക്കും.
- വൈകല്യമുള്ള കുട്ടികൾക്ക് മോട്ടോർ വീൽചെയർ, യൂണിറ്റുകൾ സൗജന്യമായി നൽ കാൻ നടപടി സ്വീകരിക്കും.
- തൊഴിൽ സംരംഭകരായിട്ടുള്ള ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനങ്ങൾ സൗജന്യമായി നൽകും.
- ഭിന്നശേഷി വിദ്യാർത്ഥികൾക്കും പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികൾക്കും സ് കോളർഷിപ്പ് നടപ്പിലാക്കും.
- ഭിന്നശേഷി കുട്ടികൾ നിർമ്മിക്കുന്ന ഉത്പ്പന്നങ്ങൾക്കും കലാസൃഷ്ടികൾക്കും മാർക്കറ്റ് ലഭ്യമാക്കാൻ പ്രത്യേക പ്ലാറ്റ് ഫോം ആരംഭിക്കും.
- ഭിന്നശേഷി വിദ്യാർഥികളുടെ അമ്മമാർക്കും, കെയർ ഗിവേഴ്സിനും സർക്കാർ സഹായം നൽകും.
- അംഗനവാടികൾ വഴി പഠന വൈകല്യങ്ങളും ഭിന്നശേഷിയും നേരത്തെ തിരിച്ചറിയാ നുള്ള സ്ക്രീനിങ് സംവിധാനങ്ങൾ കാര്യക്ഷമമാക്കും
- ബഡ്സ് സ്കൂൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ തെറാപ്പി മുറികൾ സെൻസറി ലാബുകൾ എന്നിവ സജ്ജമാക്കാൻ നടപടികൾ സ്വീകരിക്കും.
- ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ഓരോ ജില്ലയിലും പ്രത്യേക നിയമ സഹായ സെല്ലുകൾ രൂപീകരിക്കും

## 16. ഭരണ നിർവ്വഹണം

- മാനിഫെസ്റ്റോ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നത് ഉറപ്പ് വരുത്താൻ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കും.
- സംസ്ഥാന സെക്രട്ടേറിയറ്റിനെ രാജ്യത്തെ ഏറ്റവും മികച്ചതാക്കുന്നതിനുള്ള നട പടികൾ സ്വീകരിക്കും. ഉദ്യോഗസ്ഥരുടെ പ്രകടനം വിലയിരുത്തന്നതിനും, അവരുടെ സേവന ങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും.

- നിർമ്മിത ബുദ്ധിഅടക്കമുള്ള ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഭരണ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കാനും പൗരന്മാർക്ക് മികച്ച സേവനം ലഭ്യമാ ക്കാനുമുള്ള നടപടികൾ സ്വീകരിക്കും.
- അഴിമതി അസാധ്യമാക്കുന്ന തരത്തിലുള്ള ശക്തമായ അഴിമതി വിരുദ്ധ നിയമങ്ങളും ചട്ടങ്ങളും നിർമ്മിക്കും.ഭരണത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും അഴിമതി തുടച്ചുമാറ്റാൻ ശക്തമായ സംവിധാനം ഏർപ്പെടുത്തും.
- അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി State Vigilance Commission രൂപീകരിക്കും. ഹൈക്കോടതി സിറ്റിങ് ജഡ്ജി ചെയർമാനായി സംശുദ്ധ സേവന പശ്ചാത്തലവും ഭരണ കാര്യങ്ങളിൽ പ്രാഗൽഭ്യവും തെളിയിച്ചിട്ടുമുള്ള മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനും ജില്ലാ ജഡ്ജി പദവിയിലുള്ള ജുഡീഷ്യൽ അംഗവും ഉൾപ്പടെ മൂന്നംഗ വിജിലൻസ് കമ്മീഷനായിരിക്കും രൂപീകരിക്കുക. മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നി വർ ചേർന്നാണ് കമ്മീഷനെ നിശ്ചയിക്കുക. വിജിലൻസ് അന്വേഷണ വിഭാഗം കമ്മീഷന് റിപ്പോർട്ട് ചെയ്യും.
- സംസ്ഥാനത്തെ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ വകുപ്പിനെയും ബ്യൂറോ യെയും ഈ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരും. ഇതിന്റെയെല്ലാം അന്വേഷണം വിലയിരു ത്തൽ കമ്മീഷൻ ആയിരിക്കും.
- ലോകായുക്തയുടെ പ്രവർത്തനം ശക്തിപ്പെടുത്തും.
- പുതിയ സംരംഭങ്ങൾ തുടങ്ങാൻ ഏകജാലക ക്ലിയറൻസ് സിസ്റ്റം നടപ്പിലാക്കും.
- സ്വകാര്യ നിക്ഷേപകർക്ക് ആത്മവിശ്വാസവും പ്രതിബദ്ധതയും നൽകുന്നതിന് നിക്ഷേപ സംരക്ഷണ നിയമംനടപ്പിലാക്കും.
- വൻകിട പദ്ധതികൾ നടപ്പിലാക്കാൻ കൂടുതൽ നയപരിഷ്കാരങ്ങൾ നടപ്പിലാക്കും.
- വ്യാവസായിക, കാർഷിക ഭൂമിയിൽ നിന്നുള്ള പരമാവധി വരുമാനം ഉറപ്പാക്കു ന്നതിന് പുതിയ ഭൂവിനിയോഗ നിയമം നടപ്പിലാക്കും.
- പിണറായി സർക്കാർ തകർത്ത പ്ലാനിങ് ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- പ്രധാന വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ പ്രധാന പദ്ധതി അവലോകന സമിതി രൂപീകരിക്കും.
- സംസ്ഥാനത്തെ പബ്ലിക്/പ്രൈവറ്റ് പ്രോജക്ടുകൾ സംബന്ധിച്ച എല്ലാ തർക്കങ്ങളും വേഗത്തിൽ പരിഹരിക്കുന്നതിന് അർദ്ധ ജുഡീഷ്യൽ സ്ഥാപനം സ്ഥാപിക്കും.
- പ്രാദേശിക അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിന് പ്രാദേശിക വികസന അതോറിറ്റി പുന:സ്ഥാപിക്കും.
- അനാവശ്യമായ ഹർത്താൽ നടത്തുന്നത് തടയാൻ നടപടികൾ സ്വീകരിക്കും.
- ഓരോ ഫയലിന്റെയും തൽസ്ഥിതി അറിയാൻ പബ്ലിക് പെറ്റീഷൻ ആക്സസ്-ഡാഷ് ബോർഡ് നടപ്പിലാക്കും.
- സർക്കാരിന്റെ നടപടിക്രമങ്ങളെക്കുറിച്ച് അറിയുവാൻ സ്റ്റേറ്റ് കാൾ സെന്റർ രൂപീകരിക്കും.
- സർക്കാർ അംഗീകരിച്ച എല്ലാ തീരുമാനങ്ങളും അറിയാൻ പൊതുജനങ്ങൾക്ക് സുതാര്യമായ സംവിധാനം ഉറപ്പുവരുത്തും.
- സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് ഭരണസംബന്ധമായ പൗരന്മാരുടെ പരാതികൾ ബന്ധപ്പെട്ട അധികാരികൾ കേൾക്കുന്നത് നിർബന്ധമാക്കിക്കൊണ്ടുള്ള നിയമ നിർമ്മാണം (Right to be Heard Act) നടപ്പാക്കും.

- എൽ.ഡി.എഫ് സർക്കാർ നടത്തിയിട്ടുള്ള പിൻവാതിൽ നിയമനങ്ങൾ പുനഃപരിശോധിക്കും.
- പൊതുജനങ്ങളുടെ വിവരങ്ങൾ സുരക്ഷിതമാക്കുന്നതിനും, വിവര കൈമാറ്റം സുതാര്യമാക്കുന്നതിനും ഡാറ്റ നയം രൂപീകരിക്കും.
- പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട രേഖകൾ കാലതാമസം കൂടാതെ, സുതാര്യമായി, അഴിമതിയില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വികസിത രാജ്യങ്ങൾക്ക് സമാനമായി ഹാപ്പിനെസ്സ് ഇൻഡക്സ് വർദ്ധിപ്പിക്കുന്നതിനും ഹാപ്പിനെസ്സ് മന്ത്രാലയം രൂപീകരിക്കും.
- എല്ലാ സർക്കാർ കരാറുകളുടെയും രേഖകളുടെയും സുതാര്യത ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് ചെയിൻ, നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തും.
- സർക്കാരിന്റെ ധൂർത്തും അനാവശ്യചെലവുകളും കുറയ്ക്കാൻ നടപടികൾ സ്വീകരിക്കും.
- സൈബർ തട്ടിപ്പും സൈബർ ഭീഷണിപ്പെടുത്തലും തടയുന്നതിനുള്ള ശക്തമായ നിയന്ത്രണങ്ങളും നിയമവും നടപ്പിലാക്കും.
- സർക്കാർ നടപടികളിൽ വേഗത്തിൽ തീരുമാനമെടുക്കാൻ എല്ലാ കളക്ട്രേറ്റ് ഓഫീസുകളിൽ നിന്നും സെക്രട്ടേറിയറ്റുമായി വീഡിയോ കോൺഫറൻസിംഗ് സൗകര്യം നടപ്പിലാക്കും.
- കടലാസുരഹിത ഭരണം ഘട്ടംഘട്ടമായി നടപ്പാക്കും; ഫയലുകൾ ട്രാക്കുചെയ്യുന്നതിനും കഴിയുന്നത്ര വേഗത്തിൽ ഫയലുകൾ തീർപ്പു കൽപിക്കുന്നതിനും ഇലക്ട്രോണിക് നിരീക്ഷണ സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ആരോഗ്യ ഇൻഷ്വറൻസും പെൻഷനും നടപ്പിലാക്കും.
- ഐക്യ ജനാധിപത്യമുന്നണി ലക്ഷ്യമിടുന്ന സംശുദ്ധ ഭരണത്തിനായി അനിവാര്യമായ സുതാര്യത ഭരണസംവിധാനത്തിൽ ഉറപ്പുവരുത്തും. ആ ലക്ഷ്യത്തെ മുൻനിർത്തി വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നീ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കും.
- മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നിശ്ചിത സമയത്തിനകം ലഭ്യമാക്കുകയും സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുകയും ചെയ്യും.
- വൻകിട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നോട്ടിഫിക്കേഷൻ വന്ന് 5 വർഷം കൊണ്ട് പദ്ധതി പ്രവർത്തികൾ ആരംഭിച്ചില്ലെങ്കിൽ ആ ഭൂമി ഡീനോട്ടിഫൈ ചെയ്യാൻ നടപടി സ്വീകരിക്കും.
- തലസ്ഥാന മേഖല വികസനത്തിന് മേൽനോട്ടം വഹിക്കാനും 6 മാസത്തിലൊരിക്കൽ അവലോകനം നടത്താനും മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ തലസ്ഥാന മേഖല വികസന കൗൺസിൽ രൂപീകരിക്കും.
- ഭൂമിയുടെ ഫെയർ വാല്യൂ മാർക്കറ്റ് വാല്യൂവിനെക്കാൾ ഉയർന്നിരിക്കുന്ന മേഖലകളിലെ താരിഫ് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കും.
- ഭൂമി തരം മാറ്റൽ അപേക്ഷകൾ ആറ് മാസത്തിനകം തീർപ്പാക്കാൻ നടപടി സ്വീകരിക്കും.

- വിദേശ ജോലിയുടെ പേരിൽ വിസ തട്ടിപ്പുകൾ തടയാൻ കർശന ഇടപെടൽ നടത്തും.
- STATE ACADEMY OF STATISTICAL ADMINISTRATION നെ മഹലനോബിസ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് അക്കാദമി എന്ന പേരിൽ പുന:ർനാമകരണം ചെയ്ത് രാജ്യത്തെ ഡേറ്റ ഹബ്ബായി അന്തർ ദേശീയ നിലവാരത്തിൽ ഉയർത്തും
- പാലക്കാട് ബി.ഇ.എം.എൽ. (ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്) കേരളത്തിന്റെ സ്വന്തം കോച്ച് ഫാക്ടറി എന്ന നിലയ്ക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കും. സ്വകാര്യ വത്കരണത്തെ എതിർക്കും.
- വ്യക്തികൾ അമിത പലിശ ഈടാക്കി പണം നൽകുന്നത് തടയുന്നതിനുള്ള ശക്തമായ നിയന്ത്രണം കൊണ്ടുവരും.
- കേരളത്തിലെ ഐ.ടി. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് കേരള ഐ.ടി. നിയമം നടപ്പിലാക്കും.
- ഡൽഹി ട്രാവൻകൂർ ഹൗസിനെ സാംസ്കാരിക കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കും.
- ലോൺ ആപ്പുകൾ അടക്കമുള്ള അനധികൃത ആപ്പുകളെ നിരീക്ഷിക്കാനും ചൂഷണം തടയാനും നടപടി സ്വീകരിക്കും.
- ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജ് പുനരുജ്ജീവിപ്പിച്ചുകൊണ്ടു കർഷകർക്കും തൊഴിലാളികൾക്കും ആനുകൂല്യം ലഭിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.
- ജീവനക്കാർക്കെതിരെ വ്യക്തി രാഷ്ട്രീയ വിരോധത്തിന്റെ അടിസ്ഥാനത്തിൽ തുടങ്ങിവച്ച അനാവശ്യ നടപടികൾ പിൻവലിക്കും. ഇത് പുന:പരിശോധിക്കാൻ ഉന്നതതല സമിതി രൂപീകരിക്കും.
- കാലഹരണപ്പെട്ട സർക്കാരിന്റെ ബിസിനസ് ചട്ടം, ഉത്തരവുകൾ, സ്റ്റോർ പർചെയ്സ് മാന്വൽ ചട്ടം എന്നിവ മൂന്ന് മാസത്തിനുള്ളിൽ പ്രത്യേക സമിതി വഴി പരിഷ്ക്കരിക്കും.
- സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം അച്ചടക്കം എന്നിവ നിയന്ത്രിക്കാൻ സുപ്രീംകോടതി വിധിപ്രകാരമുള്ള സിവിൽ സർവീസ് ബോർഡുകൾ എല്ലായിടത്തും സ്ഥാപിച്ച് പ്രവർത്തിപ്പിക്കും.

## 17. ടൂറിസം

- കൂടുതൽ ആഗോള വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ആഗോള വിനോദ സഞ്ചാരലക്ഷ്യസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കും. ഇതിനായി അടിസ്ഥാന സൗകര്യ വികസനം, സ്ത്രീ സുരക്ഷ, ഡിജിറ്റൽ ബുക്കിങ് അടക്കമുള്ള നടപടികൾ സ്വീകരിക്കും.
- **കേരളത്തിൽ ടൂറിസത്തെ മുൻഗണന മേഖലയായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും; വ്യവസായങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂറിസം മേഖലയ്ക്കും ലഭ്യമാക്കാൻ ടൂറിസത്തെ ഇൻഡസ്ട്രിയായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കും.**
- കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ വേഗത്തിലുള്ള വളർച്ച സാധ്യമാക്കുന്ന ത്തിനും അതുവഴി കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനും നയപരമായ മാറ്റങ്ങൾ

കൊണ്ടുവരും. ഇതിനായി വേഗത്തിൽ വായ്പകൾ ലഭ്യമാക്കുന്നതിനും, ടൂറിസം പദ്ധതി കൾ ദ്രുതഗതിയിൽ ആരംഭിക്കുന്നതിനും അടക്കമുള്ള സർക്കാർ സഹായം ലഭ്യമാക്കും

- വിനോദ സഞ്ചാരികൾക്ക് അതുല്യമായ കേരള അനുഭവം നൽകുന്നതിന് പ്രധാന ടൂറിസം കേന്ദ്രങ്ങളിലെ - കാഴ്ച, ഭക്ഷണം, ഷോപ്പിംഗ് അനുഭവങ്ങൾ കോർത്തിണക്കി ഇന്റഗ്രേ റ്റഡ് ടൂറിസം പദ്ധതി നടപ്പിലാക്കും. തനതായ കേരള അനുഭവം നൽകുന്ന 100 ടൂറിസ്റ്റ് ഗ്രാമങ്ങൾ ആരംഭിക്കും.
- സാഹസിക ടൂറിസം, വെൽനസ് ടൂറിസം, മെഡിക്കൽ ടൂറിസം, സ്പോർട്സ് ടൂറിസം, ഫാം ടൂറിസം എന്നിവയുടെ ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കും;
- ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി പുതുക്കിയ ഹോം സ്റ്റേ നയം നടപ്പിലാക്കും.
- ആഗോളതലത്തിൽ നിലവാരമുള്ള ടൂറിസം, ഹോസ്പിറ്റാലിറ്റി പ്രൊഫഷണലുകളെ വളർത്തിയെടുക്കാൻ സ്കൂൾ ഫോർ ഹോസ്പിറ്റാലിറ്റി ആരംഭിക്കും.
- എല്ലാ ജില്ലയിലും 24/7പ്രവർത്തിക്കുന്ന ബിസിനസ്, വിനോദ മേഖല ആരംഭിക്കും.
- ആഗോള വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സംസ്ഥാന പ്രാദേശിക ഉത്സവ കലണ്ടർ, ഡിജിറ്റൽ ടൂറിസം കലണ്ടർ പ്രസിദ്ധീകരിക്കും.
- പ്രമുഖ ക്രൂയിസ് ഷിപ്പ് ലക്ഷ്യ സ്ഥാനമായി കേരളത്തെ മാറ്റാൻ നടപടികൾ സ്വീകരിക്കും.
- ടൂറിസം മേഖലയിലെ പുതിയ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. വഴി ലഭ്യമാക്കുന്ന വായ്പകൾ ടെലിസ്കോപ്പിക്ക് പലിശ നിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭങ്ങൾക്ക് പ്രാരംഭ ഘട്ടത്തിൽ ചുരുങ്ങിയ പലിശ നിരക്കും അതിനുശേഷം യഥാർത്ഥ പലിശ നിരക്കിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.
- സംസ്ഥാനത്തു ടൂറിസം ഗൈഡുകൾക്കായി പ്രത്യേക പരിശീലന പരിപാടികൾ ഏർപ്പെടുത്തും. ടൂറിസം ഗൈഡുകൾക്ക് വിവിധ ഭാഷകളിൽ ട്രെയിനിങ് ലഭ്യമാക്കും.
- ടൂറിസം കേന്ദ്രങ്ങളിൽ സ്ത്രീകൾ അടക്കമുള്ള വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വിനോദസഞ്ചാരികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനും ശക്തമായ സംവിധാനങ്ങൾ ഒരുക്കും.
- കേരളത്തിൽ കമ്മ്യൂണിറ്റി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കേരളത്തിൽ അന്താരാഷ്ട്ര ഹെറിറ്റേജ് പാർക്ക്, കേരള ഇന്റർനാഷണൽ സെന്റർ എന്നിവ സ്ഥാപിക്കും.
- കേരളത്തിൽ സാംസ്കാരിക ടൂറിസം ഹെറിറ്റേജ് സെന്ററുകളും വില്ലജ് ടൂറിസം സെന്ററുകളും സ്ഥാപിക്കും.
- ഡൽഹിയിൽ കേരള കൺവെൻഷൻ സെന്ററുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ സ്ഥാപിക്കും.
- ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ടൂർ ഡി ഫ്രാൻസ് മാതൃകയിൽ സൈക്ലിംഗ് മത്സരം കേരളത്തിൽ നടപ്പിലാക്കും.
- സ്പോർട്സ് ടൂറിസം മേഖലയിൽ ഫുട്ബാൾ, ബീച്ച് വോളീബോൾ, മൗണ്ടനീറിങ്, മാരത്തോണുകൾ, സൈക്കിൾ മാരത്തോണുകൾ, ഗോൾഫ് എന്നിവയ്ക്ക് പ്രോത്സാഹനം നൽകും.

- യുവാക്കളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്ത് സാഹസിക ടൂറിസം സൗകര്യങ്ങൾ ആരംഭിക്കും.
- സാഹസിക വിനോദങ്ങൾ, സീഫുഡ് റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് ഏരിയകൾ എന്നിവ ഉപയോഗിച്ച് കേരളത്തിലെ 20 ബീച്ചുകളെ കമ്മ്യൂണിറ്റി എന്റർടൈൻമെന്റ് ഏരിയകളാക്കി മാറ്റും.
- ഉൾനാടൻ വാട്ടർ ടൂറിസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കും.
- രാജ്യത്തും വിദേശത്തുമുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുമായി മെച്ചപ്പെട്ട എയർ, റെയിൽ കണക്റ്റിവിറ്റി ഉറപ്പുവരുത്തും.
- കൃഷിക്കാരെയും അവരുടെ ഉൽപ്പന്നങ്ങളെയും പിന്തുണയ്ക്കുന്നതിനുള്ള ഫാം ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കും.
- മത്സ്യത്തൊഴിലാളി സമൂഹങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള മത്സ്യബന്ധന ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കും.
- വനിതാ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകും. സ്ത്രീ സൗഹൃദ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഇൻസെന്റീവ് നൽകും. സ്ത്രീകൾ മാത്രമുള്ള വിനോദ സഞ്ചാര ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണന നൽകും.
- തോട്ടം മേഖലയിൽ എസ്റ്റേറ്റ് ടൂറിസം നടപ്പിലാക്കും.
- പ്ലാന്റേഷൻ മേഖലയിൽ ഗോൾഫ് ടൂറിസം ആരംഭിക്കും.
- കേരളത്തിൽ ടെന്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം നടപ്പിലാക്കും
- കേരളത്തിൽ 50 സുരക്ഷിത ടൂറിസം ക്യാമ്പ് ഗ്രൗണ്ടുകൾ സ്ഥാപിക്കും.
- വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അംഗീകൃത കടകളിൽ നിന്ന് ഷോപ്പിംഗ് നടത്തുന്ന സഞ്ചാരികൾക്ക് സൗജന്യ ഷിപ്പിംഗ് സൗകര്യം ലഭ്യമാക്കും.
- പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ തമ്മിലുള്ള ബന്ധിപ്പിക്കുന്ന പദ്ധതി രൂപീകരിക്കും.
- കേരളത്തിൽ ബസ് യാത്രചെയ്യുന്ന സഞ്ചാരികൾക്ക് ഹോപ്പ് ഓൺ / ഹോപ്പ് ഓഫ് പാസുകൾ ലഭ്യമാക്കും.
- കേരളത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കാൻ വർഷം മുഴുവനും നീണ്ടു നിൽക്കുന്ന ചലച്ചിത്രമേളകൾ, സാഹിത്യോത്സവങ്ങൾ, കലോത്സവങ്ങൾ, സാഹസിക പരിപാടികൾ എന്നിവ നടപ്പിലാക്കും.
- ഉത്തരവാദിത്തമുള്ള വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കായി കേരളത്തിൽ വനപാത കൾ, നെൽവയലുകൾ, നദീതടങ്ങൾ, കായൽ പാതകൾ, പർവത പാതകൾ എന്നിവ സൃഷ്ടിക്കും.
- സ്വയം സഹായ വനിതാ ഗ്രൂപ്പുകളുടെ സഹായത്തോടെ കേരള പാചകരീതിയിൽ ഊന്നിയുള്ള മികച്ച ഭക്ഷണശാലകൾ ആരംഭിക്കാൻ സർക്കാർ സഹായം ലഭ്യമാക്കും
- എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ന്യായമായ ചിലവിൽ വിശ്രമമുറി സൗകര്യങ്ങൾ ഏർപ്പെടുത്തും.
- സന്ദർശകർക്കായി പരമ്പരാഗത രീതികൾ പ്രയോജനപ്പെടുത്തി വെൽനസ് സെന്ററുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രത്യേക വായ്പകൾ അനുവദിക്കും.
- സ്വകാര്യ ആശുപത്രികളുമായി സഹകരിച്ച് ഒരു പ്രധാന മെഡിക്കൽ ടൂറിസം കേന്ദ്രമായി കേരളത്തെ വളർത്താനുള്ള പദ്ധതികൾ നടപ്പിലാക്കും.

- വിവിധ മതവിഭാഗങ്ങളുടെ ആരാധന കേന്ദ്രങ്ങൾ , ഉത്സവകേന്ദ്രങ്ങൾ എന്നിവ ബന്ധിപ്പിക്കുന്ന എല്ലാ മതവിഭാഗങ്ങൾക്കും തീർത്ഥാടന ടൂറിസം സർക്യൂട്ടുകൾ സ്ഥാപിക്കും.
- എഴുത്തുകാർക്കുള്ള സങ്കേതങ്ങൾ അടക്കമുള്ള അക്കാദമിക് ടൂറിസം സംരംഭങ്ങൾ ആരംഭിക്കും.
- കേരളത്തിൽ ഗോത്രവർഗ്ഗ കേന്ദ്രങ്ങളെ ടൂറിസം സർക്യൂട്ടുകളിൽ ഉൾപ്പെടുത്തി ട്രൈബൽ ടൂറിസം പ്രോത്സാഹിപ്പിക്കും.
- കേരളത്തിലെ നാടോടി ഗോത്ര കലാപാരമ്പര്യം, ഉത്സവ പെരുമകൾ, ഗ്രാമീണ ജീവിത നേർക്കാഴ്ചകൾ, വാസ്തുവിദ്യ പാരമ്പര്യം, ഗ്രാമീണ ജീവിത നേർക്കാഴ്ചകൾ എന്നിവ ഉൾപ്പെടുത്തി സാംസ്കാരിക ടൂറിസം ആരംഭിക്കും.
- വയനാട് ജില്ലയുടെ ടൂറിസം സാധ്യതകളെ പരിപോഷിപ്പിക്കാനും, യാത്രാക്കുരുക്ക് ഒഴിവാക്കാനും അടിവാരത്ത് നിന്ന് കേബിൾ കാർ സംവിധാനം ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപ്പിലാക്കും.
- ടൂറിസം സാധ്യതകൾ വികസിപ്പിക്കാൻ സർക്കാർ ഭൂമി കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കും.
- കേരളത്തിലെ കോസ്റ്റൽ ബാക്ക്വാട്ടർ ഐലന്റുകളെ മികച്ച ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കും.
- കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിച്ചുകൊണ്ട് യുനെസ്‌ക്കോ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ കായലുകളും പുഴകളും ജലാശയങ്ങളും മാലിന്യ മുക്തമാക്കി അവ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു നടപടി സ്വീകരിക്കും.
- ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിനായി ഹോംസ്റ്റേ, ഫാംസ്റ്റേ, സർവീസ് വില്ല, ഗൃഹസമിതി, ഗ്രീൻ ഫാം എന്നിവ സംയോജിപ്പിച്ച് റൂറൽ ടൂറിസം മിഷൻ ആരംഭിക്കും.

## 18. പരമ്പരാഗത വ്യവസായം

- പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കും.
- സംസ്ഥാന പദ്ധതി അടങ്കലിൽ ഒരു നിശ്ചിത ശതമാനം വകയിരുത്തി ആർട്ടിസാൻ സബ് പ്ലാൻ നടപ്പിലാക്കും
- സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി എന്നിവയ്ക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകും.
- പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കാൻ പരമ്പരാഗത വ്യവസായങ്ങൾക്ക് വേതന സഹായം(Income support scheme) നൽകും.
- കേരളത്തിലെ ഡയമണ്ട് കട്ടിംഗ്, മെറ്റൽ വ്യവസായങ്ങൾക്കുള്ള പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കും.
- 100 വർഷം പിന്നിടുന്ന ഖാദി വ്യവസായത്തെ ഹെറിറ്റേജ് വ്യവസായമായി പ്രഖ്യാപിച്ച് സംരക്ഷിക്കുകയും ആവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യും.
- കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കാൻ സമഗ്ര പാക്കേജിനു രൂപം നൽകും. പൂട്ടി കിടക്കുന്ന ഫാക്ടറികൾക്ക് ബാങ്കുകളുമായി ചേർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി നടപടികൾ സ്വീകരിക്കും.

- കൈത്തറി, കരകൗശല വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ആഗോള തലത്തിൽ വിൽക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കും.
- കൈത്തറി വ്യവസായ മേഖലയിൽ നൂതന യന്ത്ര സാമഗ്രികൾ ലഭ്യമാക്കാനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പ്രത്യേക പ്രോത്സാഹനം നൽകും.
- സംസ്ഥാനത്തെ മൺപാത്ര തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- കളിമണ്ണ് ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കും. ഈ മേഖലയിലെ ഉയർന്ന ജി.എസ്.ടി. നികുതി ഇല്ലാതാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.
- കളിപ്പാട്ട നിർമ്മാണം പോലുള്ള നവയുഗ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലന പദ്ധതികൾ നടപ്പിലാക്കും.
- പരമ്പരാഗത വ്യാവസായിക യന്ത്രങ്ങളും പ്രക്രിയകളും നവീകരിക്കുന്നതിനുള്ള പാക്കേജ് നടപ്പിലാക്കും.
- പരമ്പരാഗത വ്യവസായങ്ങൾക്കായുള്ള നൈപുണ്യവികസനവും നൈപുണ്യ മെച്ചപ്പെടുത്തൽ കേന്ദ്രവും സ്ഥാപിക്കും.
- പരമ്പരാഗത വ്യാവസായിക വസ്തുക്കളുടെയും സേവനങ്ങളുടെയും വിൽപ്പനയും വിപണനവും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പാക്കേജ് നടപ്പിലാക്കും.
- പരമ്പരാഗത ഉൽപ്പന്നങ്ങൾക്കുള്ള ജിയോ ടാഗിംഗ് നടപ്പിലാക്കാൻ പിന്തുണ നൽകും.
- പരമ്പരാഗത വ്യവസായത്തെ ടൂറിസം സർക്യൂട്ടുകളുമായി ബന്ധിപ്പിക്കും.
- കയറ്റുമതി ചെയ്യുന്ന പരമ്പരാഗത വ്യാവസായിക ഉൽപ്പന്നങ്ങളുടെ മികച്ച ഗുണനില വാരവും പാക്കേജിംഗും ഉറപ്പാക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കും.
- പരമ്പരാഗത ഉൽപാദന അറിവ് സംരക്ഷിക്കുന്നതിനുള്ള ഡോക്യുമെന്റേഷൻ നടപടികൾ സ്വീകരിക്കും.
- നൂതന ഡിസൈനുകളും ഉൽപ്പന്നങ്ങളും സൃഷ്ടിക്കുന്നതിനുള്ള പിന്തുണ നൽകും.
- സംസ്ഥാനത്ത് സർക്കാർ യു.പി. സ്കൂൾ തലം വരെ നൽകിവരുന്ന ഖാദി യൂണി ഫോം ഹൈസ്ക്കൂൾ തലം വരെ ഉയർത്തും.
- കൈത്തറി പോലുള്ള പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക സഹായങ്ങൾ ലഭ്യമാ ക്കാൻ കൈത്തറി ഗ്രാമം പദ്ധതി നടപ്പിലാക്കും.
- ഖാദി വ്യവസായവും അതിൽ ജോലി ചെയ്ത് ഉപജീവനം നടത്തി വരുന്ന നൂൽ നെയ്ത്ത് തൊഴിലാളികൾക്കായി ഇൻകം സപ്പോർട്ട് സ്കീം കാര്യക്ഷമമാക്കും. ഇത് യഥാ സമയം അനുവദിക്കാൻ നടപടി സ്വീകരിക്കും. ഖാദി സ്ഥാപനങ്ങൾക്ക് റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുകയും റിബേറ്റ് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്യും.
- ചെറുകിട ഫർണിച്ചർ യൂണിറ്റുകൾക്ക് പ്രോത്സാഹനവും സഹായവും നൽകും. ജി.എസ്.ടി. കുറയ്ക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും. സി.എൻ.സി. കട്ടിംഗ് അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യ പഠിക്കാൻ സഹായം ലഭ്യമാക്കും.
- സംസ്ഥാനത്തിന്റെ പരമ്പരാഗത കൈത്തറി നൈപുണ്യത്തെ ആധുനിക ഡിസൈൻ സാങ്കേതിക വിദ്യകളുമായി സമന്വയിപ്പിച്ച് കേരളത്തിന്റെ വസ്ത്ര പരമ്പരയെ ആഗോള ബ്രാൻഡായി ഉയർത്താൻ കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും.

- തൊഴിൽ മേഖലയിൽ കടുത്ത വെല്ലുവിളി നേരിടുന്ന പരമ്പരാഗത തൊഴിൽ സമുദായമായ വിശ്വകർമ്മ സമുദായത്തിന്റെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കും.
- സാംസ്കാരിക പൈതൃകങ്ങളായ ആറന്മുള കണ്ണാടി, ചുണ്ടൻ വള്ളങ്ങൾ, പത്തേമാരി, ഓണവില്ല്, ആഭരണങ്ങൾ, കിരീടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം നിലച്ചു പോകാതെ ചാരുതയോടെ നിലനിർത്തുന്നതിന് പദ്ധതികൾ ആരംഭിക്കും .
- മൺപാത്രം നിർമ്മാണവും വിപണനവും നടത്തുന്ന സമുദായങ്ങളുടെ ഉന്നമനത്തിനായി 2015 ൽ ഉമ്മൻചാണ്ടി സർക്കാർ രൂപീകരിച്ച കേരള സംസ്ഥാന മൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.
- നൂറ്റാണ്ടുകളായി കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുംഭാര സമുദായ അംഗങ്ങൾ അധിവസിക്കുന്ന കോളനികൾ നവീകരിക്കുന്നതിന് കാര്യക്ഷമമായി ഇടപെടൽ നടത്തുകയും കുംഭാര സമുദായ അംഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യും.
- കൈത്തറി സംഘങ്ങളുടെ ഓഡിറ്റ് ഫീസ് ഒഴിവാക്കാൻ നടപടി.

## 19. വൻകിട പദ്ധതികൾ

### വ്യോമയാന വികസന പദ്ധതി

- കേരളത്തിന്റെ സമഗ്ര വ്യോമയാന വികസനത്തിനായി ഹ്രസ്വകാല ദീർഘകാല പദ്ധതികൾ രൂപപ്പെടുത്തും.
- സംസ്ഥാനത്ത് ഫുൾ-ഫ്ലൈറ്റ് സിമുലേറ്ററുകളോടെയുള്ള ആധുനിക പൈലറ്റ് പരിശീലനം, ഏവിയേഷൻ സ്റ്റാഫ് ട്രെയിനിങ് അടക്കം നടത്തുന്ന ഏവിയേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും
- കൊച്ചി വിമാനത്താവളത്തിൽ രണ്ടാം ഘട്ട റൺവേ നിർമ്മാണം നടപ്പിലാക്കും.
- പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ കാർഗോ വില്ലേജ്, ചെറുഘടക അസംബ്ലി യൂണിറ്റുകൾ, വ്യോമയാന സേവനങ്ങൾ, ഹോട്ടലുകൾ, MICE (മീറ്റിംഗുകൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ) സെന്ററുകൾ, ബിസിനസ് പാർക്കുകൾ എന്നിവ ഉൾപ്പെടുത്തി എയർപോർട്ട് സാമ്പത്തിക മേഖലകൾ (AEZ) രൂപീകരിക്കും.
- ബോണ്ടഡ് ഗോഡൗണുകൾ, റീ-എക്സ്പോർട്ട്, പാക്കേജിംഗ്, ഇ-കൊമേഴ്സ് പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന സ്വതന്ത്ര വ്യാപാര ഗോഡൗൺ മേഖലകൾ (FTWZ) സ്ഥാപിക്കും.
- കണ്ണൂർ വിമാനത്താവളത്തിൽ റൺവേ, ടെർമിനൽ, ഏപ്രൺ എന്നിവ ഘട്ടംഘട്ടമായി വികസിപ്പിച്ച് ശേഷി വർധിപ്പിക്കും.
- സംസ്ഥാനത്തെ പ്രധാന വിമാനത്താവളങ്ങളിൽ വലിയ വിമാനങ്ങളുടെ പരിപാലനം, അറ്റകുറ്റപ്പണി, സമഗ്രപരിശോധനയ്ക്കായി MRO (Maintenance, Repair, and Operations) കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ഐ.ടി., ലോജിസ്റ്റിക്സ്, വ്യോമയാന പരിശീലനം, MRO സേവനങ്ങൾ എന്നിവ സംയോജിപ്പിച്ച് കൊച്ചിയിൽ ലോകോത്തര എയ്റോസിറ്റി വികസിപ്പിക്കും.
- വിമാനത്താവളങ്ങളിലേക്കുള്ള റോഡുകളും ജംഗ്ഷനുകളും നവീകരിച്ച് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുകയും, തുറമുഖംവിമാനത്താവളം ബന്ധിപ്പിക്കുന്ന ബോണ്ടഡ് കോറിഡോർ സൃഷ്ടിക്കുകയും ചെയ്യും.

- കോൾഡ് ചെയിൻ, ഫാർമ, സീഫുഡ്, എക്സ്പ്രസ് ലോജിസ്റ്റിക്സ് സൗകര്യങ്ങളോടെ എയർ കാർഗോ വില്ലേജുകളും ലോജിസ്റ്റിക്സ് പാർക്കുകളും സ്ഥാപിക്കും.
- ബസ്, റെയിൽ, മെട്രോ എന്നിവ ഏകോപിപ്പിച്ച മൾട്ടിമോഡൽ ഗതാഗത സംവിധാനം വികസിപ്പിച്ച് എയർപോർട്ട് കണക്റ്റിവിറ്റി ശക്തിപ്പെടുത്തും.
- മികച്ച കോൾഡ് ചെയിൻ, വേഗത്തിലുള്ള ക്ലിയറൻസ്, കുറഞ്ഞ ചെലവ് എന്നിവ ഉറപ്പാക്കുന്ന സംസ്ഥാന എയർ കാർഗോ നയം രൂപീകരിച്ച് കയറ്റുമതി വർധിപ്പിക്കും.
- ഹാംഗറുകളും വർക്ക്ഷോപ്പുകളും വികസിപ്പിച്ച് സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെ ബേസ് മെയിന്റനൻസ് ശേഷി ഉയർത്തും.
- ആവശ്യമായ അനുമതികളോടെ പ്രതിരോധ മേഖലയിലെ വിമാന പരിപാലന സേവനങ്ങൾ വികസിപ്പിക്കും..
- ടൂറിസം വളർച്ചയ്ക്കായി സീപ്ലെയിൻ, വാട്ടർഡ്രോം സേവനങ്ങൾ വിപുലീകരിക്കും.
- കണ്ണൂർ വിമാനത്താവളത്തിന് "പോർട്ട് ഓഫ് കോൾ" പദവി നേടി 24 മണിക്കൂർ പ്രവർത്തനം ഉറപ്പാക്കി അന്താരാഷ്ട്ര സർവീസുകൾ ശക്തിപ്പെടുത്തും.
- MRO ഉൾപ്പെടെയുള്ള വിമാനയാന അനുബന്ധ ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന പാക്കേജുകൾ നൽകും.
- Aircraft Maintenance Engineering പരിശീലനവും അപ്രന്റിസ് പദ്ധതികളും വിപുലപ്പെടുത്തി നൈപുണ്യ ക്ഷാമം പരിഹരിക്കും.
- കൃത്രിമ ബുദ്ധി (AI) അടിസ്ഥാനമാക്കി വിമാനത്താവള പ്രവർത്തനവും യാത്രക്കാരുടെ സേവനങ്ങളും നവീകരിക്കും.
- പുതിയ വിമാന സർവീസുകൾക്ക് പിന്തുണ നൽകാൻ റൂട്ട്ഡെവലപ്മെന്റ് ആൻഡ് കണക്റ്റിവിറ്റി ഫണ്ട് രൂപീകരിക്കും.
- എയർലൈൻസുകളുമായി ചേർന്ന് കൂടുതൽ മികച്ച റൂട്ടുകളും സമയക്രമങ്ങളും ഉറപ്പാക്കാൻ പ്രത്യേക സെൽ രൂപീകരിക്കും.
- വ്യോമയാന പദ്ധതികൾക്ക് വേഗത്തിലുള്ള അനുമതികൾ ലഭ്യമാക്കാൻ ഏകജാലക സംവിധാനം നടപ്പിലാക്കും.
- പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ പ്രത്യേക വ്യോമയാന പദ്ധതി മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കും.

**മിഷൻ സമുദ്ര**

- കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, 44 നദികൾ, 34 തടാകങ്ങൾ, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, മലനാട്ഇടനാട് മേഖലകളിലെ സമഗ്ര സാധ്യതകൾ എന്നിവ ഏകോപിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ ശക്തമായ സാന്നിധ്യമായി ഉയർത്തുന്ന സാധ്യതകളുടെ "മിഷൻ സമുദ്ര" നടപ്പിലാക്കും.
- വൻകിട ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടംഘട്ടമായി ജലഗതാഗത സംവിധാനം വികസിപ്പിക്കും ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്ക് ഗതാഗതം, തുടർന്ന് ജനങ്ങൾക്ക് സൗകര്യപ്രദമായ യാത്രാ സേവനങ്ങൾ, അവസാന ഘട്ടത്തിൽ ജലാശയങ്ങളുമായി ബന്ധം ഉറപ്പാക്കുന്ന ഏകീകൃത നെറ്റ്‌വർക്ക് -

ഇതിലൂടെ ഗതാഗത ചെലവ് ഗണ്യമായി കുറച്ച് സാമ്പത്തിക വളർച്ചയ്ക്ക് പുതിയ ഉണർവ് നൽകാൻ സാധിക്കും .

- സംസ്ഥാനത്തെ 17 നോൺ-മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കോസ്റ്റൽ ടൂറിസം വികസിപ്പിച്ച് അന്താരാഷ്ട്ര വ്യാപാരത്തിനുള്ള പുതിയ കവാടങ്ങൾ തുറക്കും.
- വിഴിഞ്ഞം തുറമുഖത്തെ ആസ്പദമാക്കി തൊഴിൽ, ബിസിനസ്, വിദ്യാഭ്യാസം, വ്യവസായം, ടൂറിസം, നിയമം, ജേർണലിസം തുടങ്ങി വിവിധ മേഖലകളിൽ ഉയർന്ന നിലവാരത്തിലുള്ള അവസരങ്ങൾ സാധാരണക്കാർക്കും ലഭ്യമാകുന്ന തരത്തിൽ പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കും.
- സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം എക്സിബിഷൻ & കോൺഫറൻസ് ഹാളുകൾ സ്ഥാപിച്ച് കേരളത്തെ ആഗോള മാരിടൈം ആശയവിനിമയത്തിന്റെയും വ്യാപാരത്തിന്റെയും പ്രധാന കേന്ദ്രമാക്കും.
- കോളേജുകളിലും സർവകലാശാലകളിലും മാരിടൈം, ലോജിസ്റ്റിക്സ്, പോർട്ട് മാനേജ്മെന്റ് മേഖലകളിൽ അക്കാദമിക് ഇടപെടലുകൾ ശക്തിപ്പെടുത്തി സെമിനാറുകളും ഗവേഷണപരിപാടികളും സംഘടിപ്പിക്കും.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫോറിൻ ട്രേഡ് & ലോജിസ്റ്റിക്സ് യൂണിവേഴ്സിറ്റി സ്ഥാപിച്ച് ഭാവിയിലെ മാരിടൈം വ്യാപാര രംഗങ്ങൾക്ക് ആവശ്യമായ നൈപുണ്യ മനുഷ്യവിഭവശേഷി വളർത്തിയെടുക്കും.
- തുറമുഖവ്യാപാര മേഖലകളിൽ ഉയരുന്ന തർക്കങ്ങൾ വേഗത്തിലും സുതാര്യമായും പരിഹരിക്കാൻ അന്താരാഷ്ട്ര നിലവാരമുള്ള അർബിട്രേഷൻ ട്രിബ്യൂണലുകൾ സ്ഥാപിച്ച് നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കും.
- ഇന്ത്യൻ പാചക കലയുടെ വൈവിധ്യവും രുചിയും ലോകത്തിനു മുൻപിൽ എത്തിക്കുകയും, കേരളത്തെ ആഗോള ഭക്ഷ്യ ടൂറിസം കേന്ദ്രമായി മാറ്റുകയും ചെയ്യുന്നതിനായി വിശാലമായ ക്യാമ്പസിൽ ഒരു പാചക ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും.
- കേരളത്തിൽ ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് റെയിൽവേ ഹൈ സ്പീഡ് കോറിഡോർ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.
- രാജ്യത്തും വിദേശത്തുമുള്ള എല്ലാ പ്രധാന പട്ടണങ്ങളിലേക്കും കണക്റ്റിവിറ്റി നൽകി കേരളത്തിലെ 4 വിമാനത്താവളങ്ങളെയും ആഗോള നിലവാരത്തിലേക്ക് ഉയർത്തും.
- തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ മെട്രോ /ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കും.
- കേരളത്തിലെ വൻകിട പദ്ധതികളുടെ പൂർത്തീകരണം സമയബന്ധിതമായി ഉറപ്പ് വരുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എംപവേർഡ് കമ്മിറ്റികൾക്ക് രൂപം നൽകും.
- സംസ്ഥാനത്ത് ഫാർമ റിസർച്ച് പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര മാതൃകയിൽ ഫാർമ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കും. ഫാർമ പാർക്കുകൾ നിർമ്മിക്കും.
- വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ, റോഡ് ഗതാഗത പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കും. വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടു പദ്ധതി യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.
- അങ്കമാലി - ശബരി റെയിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സംസ്ഥാനം മുൻകൈ എടുക്കും.

- എൽ.ഡി.എഫ് സർക്കാർ മുന്നോട്ടുവച്ച അശാസ്ത്രീയമായ സിൽവർ ലൈൻ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കും. ഈ പദ്ധതിയുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കും. ഈ പദ്ധതിക്കായി നോട്ടിഫൈ ചെയ്ത ഭൂമി ഡീനോട്ടിഫൈ ചെയ്യാനും ക്രയ വിക്രയങ്ങൾ നടത്താനും സൗകര്യങ്ങൾ ഒരുക്കും.
- സംസ്ഥാനത്ത് പ്രഖ്യാപിക്കുന്ന വൻകിട പദ്ധതികളുടെ സാമ്പത്തിക വിഭവ സമാഹരണ ത്തിന്റെ മാർഗ്ഗ രേഖ കൂടി പ്രസിദ്ധപ്പെടുത്തും.
- വൻകിട പദ്ധതികൾക്ക് ധനസമാഹരണമോ, പ്രാഥമിക അംഗീകാരമോ ലഭിക്കുന്നതിന് മുൻപ് കോടികൾ ചിലവിട്ട് നടത്തുന്ന അനാവശ്യ പ്രവർത്തികൾ ഒഴിവാക്കും.
- അത്യാധുനിക ഗവേഷണം നടത്താൻ ഉതകുന്ന വിവിധ ശാസ്ത്ര സാങ്കേതിക മേഖലയിലെ ലാബുകളുടെ ശൃംഖല ഉണ്ടാക്കുകയും ഉയർന്ന വേതനം ലഭ്യമാക്കുന്ന ആയിരകണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഗവേഷകർക്ക് ഉയർന്ന വേതനം ലഭ്യമാക്കുന്ന ലാബുകൾ ആരംഭിക്കാൻ റിസർച്ച് പാർക്കുകൾ സജ്ജീകരിക്കും.
- അഴീക്കൽ തുറമുഖം വികസനം യാഥാർഥ്യമാക്കും.
- മലബാറിൽ ഐ.ടി വികസനത്തിനായി ടെക്നോപാർക്ക് മാതൃകയിൽ ഐ.ടി.പാർക്ക് നിർമ്മിക്കും.
- സംസ്ഥാനത്ത് റോബോട്ടിക് പാർക്ക് സ്ഥാപിക്കും.
- വയനാട്ടിൽ ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കും

## 20. അടിസ്ഥാന സൗകര്യ വികസനം

- സംസ്ഥാനത്തെ ഭൂവിനിയോഗത്തിനായി ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കും.
- കേരളത്തിലെ റോഡുകൾ ബി.എം ആൻഡ് ബി.സി നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിക്കും. അന്താരാഷ്ട്ര മാതൃകയിലുള്ള നൂതനവും. പരിസ്ഥിതി സൗഹാർദ്ദവുമായ നിർമ്മാണ രീതികൾ ഉപയോഗപ്പെടുത്തും.പ്ലാസ്റ്റിക്, റബ്ബർ, കയർ, ജിയോ ടെക്സ്റ്റയിൽസ് തുടങ്ങിയവ റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തും.
- റെയിൽവേ ക്രോസ്സുകളിൽ ഒരു ജീവൻ പോലും പൊലിയില്ലെന്ന് ഉറപ്പു വരുത്താൻ സംസ്ഥാനത്തുടനീളം റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കും.
- കേരളത്തിലെ റോഡുകളിലെ കുഴികൾ അടയ്ക്കാനും അറ്റകുറ്റ പണികൾ സമയബന്ധി തമായി പൂർത്തീകരിക്കാനും സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തും
- പ്രധാന തുറമുഖങ്ങളും ചെറിയ തുറമുഖങ്ങളും വികസിപ്പിക്കും. വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമ്മാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കും.
- പൊതുഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കും. പൊതുഇടങ്ങൾ സ്ത്രീ സൗഹൃദമാക്കാൻ വിശ്രമ മുറികൾ, ഭക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കും
- ഓരോ 50 കിലോമീറ്ററിലും കേരളത്തിലെ എല്ലാ പ്രധാന റോഡുകളിലും ഇലക്ട്രിക് കാർ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കും.
- പ്ലാസ്റ്റിക് റീസൈക്ലിംഗ് നയം നടപ്പിലാക്കും.

- നൂതന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തികൊണ്ട് പദ്ധതികൾ രൂപീകരിക്കും.
- ദൈനംദിന യാത്രാ മാർഗ്ഗത്തിനും ചരക്ക് നീക്കത്തിനുമായി ഉൾനാടൻ ജലമാർഗ്ഗങ്ങൾ വികസിപ്പിക്കും.
- വേഗത്തിലുള്ള റോഡുകളിൽ യാത്ര സുഗമമാക്കുന്നതിന് ഫ്ളൈ ഓവറുകൾ/ അണ്ടർ പാസുകൾ നിർമ്മിച്ച് പ്രധാന ജംഗ്ഷനുകളിൽ ഗതാഗത കുരുക്ക് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കും.
- ആഗോള നിലവാരത്തിലുള്ള മാലിന്യ നിർമാർജ്ജന സംവിധാനം മുൻഗണനയിൽ നടപ്പിലാക്കും.
- ജലാശയങ്ങൾ വൃത്തിയാക്കാനും പുനരുജ്ജീവിപ്പിക്കാനും ജലക്കമ്മീഷൻ രൂപീകരിക്കും.
- ദുർബലരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ശാക്തീകരിക്കുന്നതിലൂടെ സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ ഇല്ലാതാക്കുന്ന വികസനം നടപ്പിലാക്കും.
- സംസ്ഥാനത്ത് നിക്ഷേപകരുടെ വിശ്വാസം വളർത്തുന്നതിനും, കൂടുതൽ നിക്ഷേപം ആകർഷിക്കാനും ഉതകുന്ന നയപരിഷ്കാരങ്ങൾ നടപ്പിലാക്കും.
- പുതിയ നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആധുനിക നിർമ്മാണ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കും.
- ഹരിത കെട്ടിടങ്ങൾക്കും പരിസ്ഥിതി സൗഹൃദ നിർമ്മാണത്തിനും ദീർഘകാല പ്രോത്സാഹനങ്ങൾ നൽകും.
- മോശം റോഡുകൾ, ചോർന്നൊലിക്കുന്ന പൈപ്പുകൾ, അപകടകരമായ കേബിളുകൾ /തുറന്ന മാൻഹോളുകൾ എന്നിവ റിപ്പോർട്ടു ചെയ്യുന്നതിന് പൊതുജനങ്ങൾക്കായുള്ള സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ നിർമ്മിക്കും.
- പുതിയ കെട്ടിടങ്ങൾക്ക് സൗരോർജ്ജ സെല്ലുകളും മഴവെള്ള സംഭരണവും നിഷ്കർഷിക്കും.
- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് ലീഡർ കെ.കരുണാകരന്റെ പേര് നൽകും. സീപോർട് എയർപോർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കും.
- പരിയാരം മെഡിക്കൽ കോളേജിന് എം.വി രാഘവന്റെ പേര് നൽകും.
- സംസ്ഥാനത്ത് വീടുകളിൽ ടോയ്ലെറ്റ് സൗകര്യം ഇല്ലാത്തവർക്കും, ഉള്ളവ ഉപയോഗ പ്രദമല്ലാത്തവർക്കും അഞ്ചുവർഷം കൊണ്ട് രണ്ടു ലക്ഷം ടോയ്ലെറ്റുകൾ നിർമ്മിക്കും. മത്സ്യത്തൊഴിലാളി മേഖലകളിൽ ഉള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും.
- എല്ലാ പ്രധാന പട്ടണങ്ങളിലും ഷോപ്പിംഗ് ഏരിയകളിലും മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യം നിർബന്ധമാക്കും.
- എല്ലാ കോർപ്പറേഷനുകളിലും സീവറേജ് ഡിസ്പോസൽ സംവിധാനം നടപ്പിലാക്കും.
- എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും റീസൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കും.എല്ലാ കോർപ്പറേഷനുകളിലെയും മലിനജല പുനരുപയോഗ പ്ലാന്റുകൾ സ്ഥാപിക്കും.
- കാൽനടയാത്രക്കാർക്കും, ഭിന്നശേഷിക്കാർക്കും, അനുയോജ്യമാക്കാനായി റോഡുകളും നടപ്പാതകളും നവീകരിക്കും. ഭിന്നശേഷി സൗഹൃദ ബസ് സ്റ്റേഷനുകളും കാത്തിരിപ്പ് സ്ഥലങ്ങളും സ്ഥാപിക്കും
- എല്ലാ പൊതുറോഡുകൾക്കുമുള്ള സ്മാർട്ട് സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കും.

- ഊർജ്ജ ഉപയോഗം ക്രമപ്പെടുത്തുന്ന സ്മാർട്ട് കെട്ടിടങ്ങൾക്കും വീടുകൾക്കുമായുള്ള എനർജി ക്രെഡിറ്റ് നൽകും.
- ആധുനിക സർവേ ടെക്നിക്കുകൾ ഉപയോഗപ്പെടുത്തി ഓരോ നിയോജകമണ്ഡല ത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കും.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ട്രാഫിക് മാനേജുമെന്റ് സംവി ധാനം പരിഷ്കരിക്കും.
- ഇലക്ട്രിക് റിക്ഷകളിലേക്കും ടാക്സികളിലേക്കും മാറുന്നതിന് സബ്സിഡികളും വായ്പ സഹായവും ലഭ്യമാക്കും.
- പൊതുസ്ഥലങ്ങളിൽ കുടിവെള്ള എ.ടി.എം സ്ഥാപിക്കും.
- നഗരങ്ങളിൽ പണം മടക്കിനൽകുന്ന പ്ലാസ്റ്റിക് കുപ്പി ഡിസ്പോസൽ യന്ത്രങ്ങൾ സ്ഥാ പിക്കും.
- പൊതുസ്ഥലങ്ങളിൽ സ്മാർട്ട് മാലിന്യ ബിന്നുകൾ സ്ഥാപിക്കും
- കേരളത്തിലെ എല്ലാ മുനിസിപ്പാലിറ്റികളിലേക്കും സുൽത്താൻ ബത്തേരി മോഡൽ ടൗൺ സൗന്ദര്യവൽക്കരണം വ്യാപിപ്പിക്കും.
- സുഗമമായ ജലപ്രവാഹം ഉറപ്പാക്കാൻ എല്ലാ കനാലുകൾ, നദികൾ, അണക്കെട്ടുകൾ, കായലുകൾ എന്നിവ യഥാസമയം വൃത്തിയാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കും.
- പ്രാദേശിക പങ്കാളിത്തത്തോടെ നഗരം, ജലാശയങ്ങൾ, ബീച്ച് വൃത്തിയാക്കൽ ഡ്രൈവു കൾ നടപ്പിലാക്കും.
- സംസ്ഥാനത്ത് ഗ്രീൻഫീൽഡ് പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകും.
- തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കാൻ നടപടി സ്വീകരിക്കും
- ഓരോ പഞ്ചായത്തിലും പൊതുജനങ്ങൾക്ക് വ്യായാമം, നടത്തം, കുട്ടികൾക്ക് കളി സ്ഥലം തുടങ്ങിയ ആരോഗ്യ സംരക്ഷണത്തിനും വിനോദത്തിനും വേണ്ടി ഒരു പാർക്ക് ഉറപ്പുവരുത്തും.
- കൂടുതൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ സ്പോഞ്ച് പാർക്കുകൾ വികസിപ്പിക്കും, എല്ലാ ഓടകളും കനാലുകളുമായും പമ്പിംഗ് യൂണിറ്റുകളുമായും ബന്ധിപ്പിക്കും
- നഗരത്തിൽ വെള്ളക്കെട്ട് തടയാൻ പ്രത്യേക കർമ്മപദ്ധതി. ഓപ്പറേഷൻ അനന്ത മോഡൽ നടപ്പിലാക്കും.
- വെള്ളക്കെട്ടുകൾ തടയാൻ പ്രതിമാസ മാലിന്യം നീക്കൽ, കനാൽ ശുചീകരണം, പരിപാലനം എന്നിവ ഉറപ്പാക്കും.
- ദേശീയപാതയോരങ്ങളിൽ ലൊജിസ്റ്റിക് ഹബ്ബുകൾ സ്ഥാപിക്കാൻ നടപടി സ്വീക രിക്കും.
- കോഴിക്കോടിന്റെ സമഗ്ര വികസനത്തിനായി കോഴിക്കോട് ഡെവലപ്പ്മെന്റ് അതോ റിറ്റി പുനർരൂപീകരിക്കും
- വാട്ടർ മെട്രോ വിപുലീകരിക്കും
- മാർക്കറ്റുകളിൽ തീപിടിത്തം വർധിക്കുന്ന സാഹചര്യത്തിൽ ഫയർ ആൻഡ് സേഫ്റ്റി സംവിധാനം കുറ്റമറ്റതാക്കും.
- ഗ്രാമീണ വായനശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിനും ആധുനിക വത്കരിക്കുന്നതിനും പ്രത്യേക പരിഗണനനൽകും.

- വിവിധ വകുപ്പുകളുടെ പ്രവർത്തികളുടെ ഭാഗമായി റോഡിൽ ഉണ്ടാകുന്ന തകരാറുകൾ സമയബന്ധിതമായി പൂർവസ്ഥിതിയിലേക്ക് ആകുന്നതിനു വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കും.

## 21. ഗതാഗതം

- സംസ്ഥാനത്ത് സേഫ് ഡ്രൈവിങ് പ്രോത്സാഹിപ്പിക്കുകയും ട്രാഫിക് നിയമങ്ങൾ കർശനമാക്കുകയും കാൽനട യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യുന്ന റോഡ് സംസ്കാരം വളർത്തുന്നതിന് സമഗ്രമായ ട്രാഫിക് നയം രൂപീകരിക്കും.
- ജി.പി.എസ് ലൈവ് ട്രാക്കിങ്, ഓൺലൈൻ ബുക്കിംഗ് അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന ആധുനിക ബസുകൾ ഉപയോഗിച്ചു കൊണ്ട് പൊതുഗതാഗതം മെച്ചപ്പെടുത്തും.
- പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മിതമായ നിരക്കിൽ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പുവരുത്താൻ സർക്കാർപദ്ധതികൾ ആവിഷ്ക്കരിക്കും
- ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് ഫെയർ സിസ്റ്റം/ട്രാവൽ കാർഡുകൾ നടപ്പിലാക്കും. പബ്ലിക് ബസ്സുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന തരത്തിൽ ഈ കാർഡുകൾ ഉപയോഗപ്പെടുത്താം. ഇത് സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ഉപയോഗപ്രദമായിരിക്കും.
- നഗരത്തിലെ ഗതാഗതം സുഗമമാക്കുന്നതിന് സംയോജിത ട്രാഫിക് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തും.
- വയനാട് , അതിരപ്പള്ളി മൂന്നാർ അടക്കമുള്ള ടൂറിസം മേഖലയിൽ എയർ സ്ട്രിപ്പ് ആരംഭിക്കാൻ നടപടിസ്വീകരിക്കും.
- പൊതുഗതാഗത മേഖലയിൽ സ്റ്റേജ് ക്യാരേജ് ആയി സർവീസ് നടത്തുന്ന സ്വകാര്യ ബസ് മേഖലയുടെ സംരക്ഷണം ഉറപ്പ് വരുത്താൻനികുതി ഇളവ് അടക്കമുള്ള സഹായങ്ങൾ ലഭ്യമാക്കും.
- സംസ്ഥാനത്തു റോഡ് അപകടങ്ങൾ വർധിക്കുന്നതിന്റെ കാരണങ്ങൾ പഠിച്ചുകൊണ്ടു ശാസ്ത്രീയ പരിഹാര നടപടികൾ സ്വീകരിക്കും.
- അപകടങ്ങൾ കൂടുതലുണ്ടാകുന്ന ബ്ലാക് സ്പോട്ടുകളിൽ അപകടങ്ങൾ ഒഴിവാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും.
- കാൽനട യാത്രക്കാരുടെ സുരക്ഷാ ഉറപ്പുവരുത്താൻ പ്രത്യേക നടപടികൾ സ്വീകരിക്കും. ഇതിനായി ഫൂട്ട് ഓവർ ബ്രിഡ്ജ് അടക്കം നിർമിക്കാൻ നടപടികൾ സ്വീകരിക്കും.
- വായു മലിനീകരണം കുറയ്ക്കാൻ ഇലക്ട്രിക്ക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കും
- സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സർക്യൂട്ടുകൾ ആരംഭിക്കും
- മോട്ടോർ വാഹനങ്ങളിൽ വരുത്തുന്ന അപകടകരമല്ലാത്ത മോഡിഫിക്കേഷനുകൾ ക്രമവൽക്കരിക്കുന്നതിന് അവശ്യമായ നടപടികൾ സ്വീകരിക്കും.
- നിലവിലുള്ള പഠനസമയത്തിന് പുറമേ ഒരു വിദ്യാഭ്യാസ വർഷത്തിൽ നിശ്ചിത സമയ ട്രാഫിക് പാഠ്യപദ്ധതി നടപ്പിലാക്കും.

- ഡ്രൈവിംഗ് ടെസ്റ്റ്, ലേണേഴ്സ് പരീക്ഷ എന്നിവയുടെ ദീർഘനാളത്തെ കാത്തിരിപ്പ് ഒഴിവാക്കാൻ നടപടി സ്വീകരിക്കും.
- ഡ്രൈവിംഗ് സ്കൂൾ പ്രവർത്തകരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കും.

## 22. വൈദ്യുതി

- 2000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ കുടുംബങ്ങളിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും ഓരോ ദ്വൈമാസ ബില്ലിംഗ് സൈക്കിളിലും 100 യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകും.
- സോളാർ എനർജി, വിൻഡ് എനർജി എന്നീ മാർഗ്ഗങ്ങളിൽ വൈദ്യുതി ഉത്പാദനം ഉയർത്തി സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കും.
- റൂഫ് ടോപ്പ് സോളാറുകളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ലൈനുകളിൽ ഉണ്ടാകുന്ന തിരക്ക് (Congestion) ഒഴിവാക്കാൻ ഡിസ്ട്രിബ്യൂഷൻ ട്രാൻസ് ഫോർമറുകളിൽ കമ്മ്യൂണിറ്റി ബാറ്ററി സ്റ്റോറേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.
- ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളെ പ്രാദേശിക സോളാർ പ്ലാന്റുകളുമായും ബാറ്ററി സ്റ്റോറേജുമായും ബന്ധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- സൗരോർജ്ജം പോലെയുള്ള പുനരുപയോഗ ഊർജ്ജത്തിന്റെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ (Intermittency) പരിഹരിക്കാനും പീക്ക് ഡിമാൻഡ് നേരിടാനും വൻകിട ബാറ്ററി സ്റ്റോറേജ് സംവിധാനങ്ങൾ സ്ഥാപിക്കും.
- തകരാറുകൾ മുൻകൂട്ടി കണ്ടെത്താനും (Predictive Maintenance), പ്രസരണ നഷ്ടം കുറയ്ക്കാനും, കൃത്യതയാർന്ന തീരുമാനങ്ങൾ എടുക്കാനും ആധുനിക സാങ്കേതിക വിദ്യകളായ AI(Artificial intelligence), IIoT(Industrial Internet of things) എന്നിവ ഉപയോഗപ്പെടുത്തും.
- എ.സി, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ ഉപയോഗം കൂടുന്നതനുസരിച്ച് 250 KVAയ്ക്ക് മുകളിലുള്ള ട്രാൻസ്ഫോർമറുകൾ കൂടുതലായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.
- ഗ്രാമങ്ങളിൽ അധികം ലോഡില്ലാത്ത വലിയ ട്രാൻസ്ഫോർമറുകൾ നഗരങ്ങളിലെ ഓവർലോഡ് ആയ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്ന സ്മാർട്ട് സ്വാപ്പിംഗ് (Smart Swapping) പദ്ധതി നടപ്പിലാക്കും.
- ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ഗ്രിഡിനെ ബാധിക്കാത്ത രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും.
- വൈദ്യുത അപകടങ്ങളും മരച്ചില്ലകൾ തട്ടിയുള്ള തടസ്സങ്ങളും ഒഴിവാക്കാൻ നിലവി ലുള്ള കമ്പി ലൈനുകൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ (ABC) സ്ഥാപിക്കും.
- നഗരങ്ങളിലെ റിംഗ് മെയിൻ യൂണിറ്റുകൾ (RMU) അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സുരക്ഷ ഉറപ്പാക്കും.
- റൂഫ് ടോപ്പ് സോളാർ നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങൾക്ക് സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിക്കാൻ അവസരമൊരുക്കും.

- ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി രാത്രി 11 മുതൽ രാവിലെ 5 വരെ ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കും.
- കാലങ്ങളായി മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികളും പുതിയ ചെറുകിട ജല വൈദ്യുതി പദ്ധതികളും സമയബന്ധിതമാക്കി പൂർത്തീകരിക്കും.
- പ്രസരണമേഖലയിൽ കാലാനുസൃത പരിഷ്കരണങ്ങൾ നടപ്പിലാക്കും.

## 23. സ്റ്റാർട്ടപ്പുകൾ

- കേരളത്തിൽ ശക്തമായ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വികസിപ്പിക്കാൻ സർക്കാർ സഹായം ലഭ്യമാക്കും. കേരളത്തെ സ്റ്റാർട്ടപ്പ് ഡെസ്റ്റിനേഷനായി മാറ്റിയെടുക്കും.
- പുതുമയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ സംരംഭകർക്ക് സർക്കാർ പിന്തുണയോടെ വെഞ്ചർ ഫണ്ടും കുറഞ്ഞ പലിശയുള്ള സ്റ്റാർട്ടപ്പ് വായ്പകളും ലഭ്യമാക്കും .
- സർക്കാർ പദ്ധതികളിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന സ്റ്റാർട്ടപ്പു കളെ പങ്കാളികളാക്കും.
- സംസ്ഥാനത്തെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും, സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം പ്രയോജനപ്പെടുത്തും.
- നിർമ്മിത ബുദ്ധി , റോബോട്ടിക്സ്, സൈബർ സെക്യൂരിറ്റി അടങ്ങുന്ന ഡീപ്-ടെക് , ഹെൽത്ത് ടെക് & മെഡിക്കൽ ഇന്നോവേഷൻ, സ്മാർട്ട് ടൂറിസം, ഫിഷറീസ് & ബ്ലൂ ഇക്കോണമി, കൃഷി, ഫുഡ്-ടെക്, ഗ്രീൻ ടെക് അടക്കം വിവിധ മേഖലകളിൽ സ്റ്റാർട്ടപ്പ് ക്ലസ്റ്ററുകൾ ആരംഭിക്കും.
- സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനായി കേരളത്തിലെ വനിതാ സംരംഭകർക്ക് പ്രത്യേക പിന്തുണ നൽകും.
- സർക്കാർ തലത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്ന നൂതന ആശയങ്ങളുമായി മുന്നോട്ടുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ പൈലറ്റ് ചെയ്യാൻ സൗകര്യം ഒരുക്കും.
- ഈസ് ഓഫ് സ്റ്റാർട്ടിങ് ബിസിനസ് മികച്ചതാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- കേരള സ്റ്റാർട്ടപ്പുകളിലും സംരംഭങ്ങളിലും എൻ.ആർ.ഐ. നിക്ഷേപം പ്രോത്സാഹി പ്പിക്കു ന്നതിന് പ്രൊഫഷണലുകളുടെ നേതൃത്വത്തിലുള്ള എൻ.ആർ.ഐ നിക്ഷേപ ഫണ്ട് രൂപീകരിക്കും.
- പ്രവാസി മലയാളികളുടെ മൂലധനവും പരിചയവും ഉപയോഗിച്ച് ഗ്ലോബൽ സ്റ്റാർട്ടപ്പ് ഫണ്ടുകളും മെന്റർഷിപ്പ് നെറ്റ്‌വർക്കുകളും ലഭ്യമാക്കും
- സ്റ്റാർട്ടപ്പുകൾക്കുള്ള ആവശ്യമായ എല്ലാ വിവരങ്ങളും പിന്തുണയും ലഭിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്കുള്ള സിംഗിൾ പോയിന്റ് ഓഫ് കോൺടാക്റ്റ് ഏർപ്പെടുത്തും
- സീഡ് ഗ്രാന്റ് പ്രക്രിയ ലളിതമാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- ഗ്രാമപ്രദേശങ്ങളിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാൻ കേരളത്തിലുടനീളം ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി ശക്തിപ്പെടുത്തും.
- തെരുവ് കച്ചവടക്കാർ മുതൽ കർഷകർ വരെ - കേരളത്തിലെ വിവിധ ബിസിനസു കളുടെ ഡിജിറ്റൈസേഷൻ പ്രാപ്തമാക്കുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കാൻ സ്റ്റാർട്ടപ്പുകളെ പങ്കാളികളാക്കും.

- സംസ്ഥാനത്തെ മികച്ച സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി കണ്ടെത്തുന്നതിന് സർക്കാർസഹായം ലഭ്യമാക്കും
- കമ്മ്യൂണിറ്റികളുടെ കൂട്ടായ ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സോഷ്യൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും.
- സ്റ്റാർട്ടപ്പുകളിലെ നൂതന ആശയങ്ങൾക്ക് പേറ്റന്റ് ലഭ്യമാക്കുന്നതിന് കൂടുതൽ സർക്കാർ സഹായവും പ്രോത്സാഹനവും നൽകും.
- കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് യൂണികോൺ (Value :1 billion dollar) ആയി ഉയരുന്നതിനു സർക്കാർ സഹായവും പ്രോത്സാഹനവും ലഭ്യമാക്കും.
- ഉമ്മൻ ചാണ്ടി സർക്കാർ ആരംഭിച്ച സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം കാര്യക്ഷമാക്കി കൊണ്ട് കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തെ ദേശീയതലത്തിൽ മികച്ചതാക്കാൻ നടപടികൾ സ്വീകരിക്കും.

## 24. വിവരസാങ്കേതികത

- ക്ലൗഡ് സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ബിഗ് ഡാറ്റ, സൈബർ സുരക്ഷ, ഡാറ്റാ സയൻസ്, ഡാറ്റാ സെന്റർ മാനേജ്മെന്റ്, ഡിജിറ്റൽ ആർട്ട്, ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യകളിൽ കഴിവുകൾ വികസിപ്പിക്കുന്നതിന് കേരളം ഊന്നൽ നൽകും.
- ആഗോള ഐ.ടി., ഐ ടി അധിഷ്ഠിത സേവന കമ്പനികൾ കേരളത്തിൽ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽനിർമ്മിത ബുദ്ധിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും, നൂതന സാങ്കേതിക വിദ്യയിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം സാധ്യമാക്കാനും നിർമ്മിത ബുദ്ധി (എ.ഐ) വകുപ്പ് രൂപീകരിക്കും.
- ബിരുദ വിദ്യാർത്ഥികൾ ഐ ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ നൈപുണ്യ ലഭ്യമാക്കാൻ ഐ.ടി. കമ്പനികളുമായി സംയോജിപ്പിച്ചു കൊണ്ട് വ്യവസായ കണക്റ്റ് ഉണ്ടാക്കും.
- വിദൂര ജോലി സുഗമമാക്കുന്നതിന് കേരളത്തിലുടനീളം അതിവേഗ ബ്രോഡ് ബാൻഡ് കണക്റ്റിവിറ്റി നടപ്പിലാക്കും.
- ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലും എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലും വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ജോലി ചെയ്യുന്ന പ്രൊഫ ഷണലുകൾക്ക് പാർട്ട് ടൈം കോഴ്സുകൾ നടപ്പിലാക്കും.
- കേരളത്തിൽ കുറഞ്ഞ സമയത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനു കമ്പനികളെ സഹായിക്കുന്നതിന് സ്വകാര്യമേഖലയിൽ കോ-വർക്കിംഗ് സ്പേസുകളും പോഡുകളും സൃഷ്ടിക്കും.
- രാജ്യത്തെ മറ്റ് ഐ.ടി ഹബുകൾ തമ്മിലുള്ള മികച്ച എയർ കണക്റ്റിവിറ്റി ഉറപ്പുവരുത്താ നുള്ള നടപടികൾ സ്വീകരിക്കും.

- ഐ.ടി സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് കേരളത്തിൽ പുതിയ ഐ.ടി നിയമം കൊണ്ടുവരും.
- ടെക്നോപാർക്ക്, ഇൻഫോപാർക്ക് കമ്പനികളിൽ 100% വളർച്ച കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കും.
- ടെക്നോപാർക്കിനെ ഇന്ത്യയുടെ ഒന്നാം നമ്പർ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും.
- ടെക്നോപാർക്ക്, ഇൻഫോപാർക്ക് കമ്പനികളിൽ നിന്നുമുള്ള പേറ്റന്റു നേടാൻ പ്രാപ്തിയുള്ള കമ്പനികളെ കണ്ടെത്തുകയും പിന്തുണ നൽകുകയും ചെയ്യും.
- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിലേക്ക് അന്താരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- ഐ.ടി പാർക്കുകളിൽ സൗരോർജ്ജത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ പ്രോത്സാ ഹനം നൽകും.
- സംസ്ഥാനത്ത് ജിയോ സ്പേഷ്യൽ പോളിസി നടപ്പിലാക്കും.
- സാറ്റലൈറ്റ് ടെക്നോളജിക്ക് ഊന്നൽ നൽകി റിസർച്ച് അടക്കമുള്ള സ്ഥാപനങ്ങൾ ആരംഭിക്കും. ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കും.
- സ്വകാര്യ സാറ്റ്ലൈറ്റ് നിർമ്മാണം / വിക്ഷേപണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇവർക്കായി ഭൂമി ലഭ്യമാക്കും.
- സ്പേസ് പാർക്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കും.
- ഒരു റിമോട്ട് വർക്ക് ലൊക്കേഷനായി കേരളത്തെ പ്രാപ്തമാക്കാനുള്ള നടപടികൾ സ്വീക രിക്കും.
- ഇൻഫോപാർക്കിന് സമാനമായി ടെക്നോപാർക്ക് അടക്കമുള്ള ഐ.ടി പാർക്കുകൾ കമ്പനിയാക്കുന്നതിനടക്കമുള്ള ഘടനപരമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കും

## 25. പരിസ്ഥിതി

- വായു-ജല-ഭൂമി-പ്രകാശ മലിനീകരണം തടയുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളും. മലിനീകരണത്തിൽ "സീറോ ടോളറൻസ്' നയം നടപ്പിലാക്കും.
- കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധ മാക്കുന്നതിനു റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, നഗര വികസനം എന്നിവയിൽ ക്ലൈമറ്റ് റിസ്ക് അസസ്മെന്റ് നിർബന്ധമാക്കും.
- പ്രളയം/മണ്ണിടിച്ചിൽ/തീരക്ഷയം പ്രതിരോധിക്കുന്ന ക്ലൈമറ്റ് -റിസൈല്യന്റ് ഡിസൈൻ സ്റ്റാൻഡേർഡ്സ് നടപ്പാക്കും. അവ ജില്ലാതല വികസന പ്ലാനിന്റെ ഭാഗമാക്കും.

- മണ്ണിടിച്ചിൽ,വെള്ളപ്പൊക്ക മേഖലകളിൽ സെൻസർ നെറ്റ് വർക്ക്, മുന്നറിയിപ്പ് സംവിധാ നങ്ങൾ, റിസ്ക് മാപ്പിംഗ് എന്നിവ വ്യാപിപ്പിച്ച് ദുരന്തപ്രതിരോധ നടപടികൾ ശക്തിപ്പെ ടുത്തും. ദുരന്ത അപകട ലഘുകരണ പ്ലാനുകൾ തയ്യാറാക്കും.
- നെൽവയലുകളും വെള്ളച്ചാലുകളും വെള്ളം പിടിച്ചുവെക്കാനുള്ള പ്രകൃതിദത്ത സംവിധാനങ്ങളായി സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തുകൊണ്ട് വാട്ടർ റിട്ടെയ്നിങ് കപ്പാസിറ്റി വർധിപ്പിക്കും.
- ഇൻഡസ്ട്രിയൽ വേസ്റ്റ്, വിഷവസ്തുക്കൾ, അമിത കീടനാശിനി ഉപയോഗം എന്നിവയ്ക്ക് കൃത്യമായ നിരീക്ഷണവും,-എൻഫോഴ്സ്മെന്റ് സംവിധാനവും ശിക്ഷയും ഉറപ്പാക്കി മണ്ണിന്റെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം സംരക്ഷിക്കും.
- സോയിൽ കാർബൺ/കാർബൺ സെക്വസ്ട്രേഷൻ വർധിപ്പിക്കുന്ന കൃഷിരീതികൾ പ്രോത്സാഹിപ്പിച്ച്, കാർബൺ ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ സംസ്ഥാനതല സംവിധാനം രൂപപ്പെടുത്തി കർഷകർക്കു നേരിട്ടുള്ള സാമ്പത്തിക നേട്ടം ഉറപ്പാക്കും.കാർബൺ ക്രെഡിറ്റ് വഴി കർഷകർക്കു നേരിട്ടുള്ള വരുമാനം ലഭ്യമാക്കും.
- വനം-ജലവിഭവം-തദ്ദേശസ്വയംഭരണം-പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകൾ തമ്മിൽ ഡാറ്റ കൈമാറ്റം, സംയുക്ത പ്ലാനിംഗ് നിർബന്ധമാക്കി ജില്ലാ വികസന പ്ലാനുകൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കും. ശാസ്ത്രീയമായ റിസോഴ്സ് പ്ലാനിങ് നടപ്പിലാക്കും.
- സ്കൂൾ/കോളേജ് തലത്തിൽ കാലാവസ്ഥാ വിദ്യാഭ്യാസം, മാലിന്യത്തിനെതിരെ സമൂഹ ക്യാമ്പയിൻ, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, കുപ്പി വെള്ളം ഉപയോഗം അടക്കമുള്ള തെറ്റായ മാതൃകയിൽ നിന്നും മാറി ചിന്തിക്കാൻ പ്രോത്സാഹിപ്പിച്ച് ബിഹേവിയറൽ ചേഞ്ച് ഉറപ്പാക്കും.
- ഹരിത സ്വച്ഛ സുസ്ഥിര കേരളം നിർമ്മിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.
- ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും വരുത്തുന്ന കെടുതികളെ അതിജീവിക്കുന്നതിന് സംസ്ഥാനത്തെ പൂർണമായും സജ്ജമാക്കുന്നതിന് പര്യാപ്തമായ പരിസ്ഥിതി നയം ആവിഷ്കരിച്ച് നടപ്പാക്കും.
- പച്ചപ്പ് നിലനിർത്താൻ, നഗര താപ നിയന്ത്രണം, വായുവിന്റെ ഗുണ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനായി മിയാവാക്കി മാതൃകയിൽ വനങ്ങൾ നിർമ്മിക്കും.
- നല്ല നിലവാരമുള്ള വായു ഉറപ്പാക്കാൻ എല്ലാ പട്ടണങ്ങളിലും വ്യാവസായിക മേഖലകളിലും വായുവിന്റെ ഗുണനിലവാരം നിരന്തരം നിരീക്ഷിക്കുന്ന സംവിധാനം ഏർപ്പെടുത്തും.
- പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിന് അന്താരാഷ്ട്ര മാതൃകയിൽ പദ്ധതികൾ നടപ്പാക്കും.
- പൊതുജനപങ്കാളിത്തത്തോടെ സമഗ്രമായ മാലിന്യ സംസ്കരണം നടപ്പാക്കും.
- എല്ലാ ജില്ലയിലും പരിസ്ഥിതി സംരക്ഷണ ഓഫീസ് സ്ഥാപിക്കും.
- മഴവെള്ള സംഭരണവും സോളാർ/വിൻഡ് എനർജി എന്നിവയ്ക്കുമായി പദ്ധതികൾ നടപ്പാക്കും.

- എല്ലാ പുഴകളും കേന്ദ്രീകരിച്ച് പ്രത്യേകജല സംരക്ഷണ "പുഴയൊഴുകാൻ കനിവുണരാൻ" പദ്ധതിക്ക് രൂപം നൽകും
- പ്രകൃതിയുടെ വരദാനമായ പുഴകളും, നദികളും, ആറുകളും മറ്റു ജലസ്രോതസ്സുകളും മാലിന്യമുക്തമായി സംരക്ഷിക്കും. കയ്യേറ്റം തടയും. ഇക്കാര്യത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നദീ സംരക്ഷണ അതോറിറ്റി രൂപീകരിക്കും.
- ഇന്ത്യയിൽ ഏറ്റവും ഗുണമേന്മയുള്ള വായു ലഭ്യമാകുന്ന നഗരങ്ങളാക്കി കേരളത്തിലെ നഗരങ്ങളെ മാറ്റാനുള്ള പദ്ധതികൾ രൂപീകരിക്കും.
- കേരളത്തിലുടനീളം സാങ്കേതികവിദ്യയുടെ സഹായത്തോടെ വായു, ജല ഗുണ നിലവാര നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തും.
- കേരളത്തിലെ വിദ്യാലയങ്ങളിൽ ദുരന്ത നിവാരണ വിദ്യാഭ്യാസവും ദുരന്ത നിവാരണ പരിശീലനവും നൽകും.
- ദുരന്ത സാധ്യത വിലയിരുത്തുന്നതിലും നിരീക്ഷണത്തിനും അലർട്ടുകൾ മുൻകൂട്ടി നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തും.
- പരിസ്ഥിതി സൗഹൃദ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- ഭൂമിയുടെ ഫലഭൂയിഷ്ഠത പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- അണക്കെട്ടുകൾ, നദികൾ, കനാലുകൾ, കായലുകൾ എന്നിവയിൽ നിന്നും ചെളി നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- വ്യാവസായിക സ്ഥാപനങ്ങൾ നമ്മുടെ ജലാശയങ്ങളുടെ മലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്ന ഊർജ്ജ ഉൽപാദനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.
- കുറഞ്ഞ പരിസ്ഥിതി ആഘാതം ഉറപ്പാക്കുന്നതിന് ഭൂവിനിയോഗ നയ പരിഷ്കാരങ്ങൾ നടപ്പിലാക്കും.
- സംസ്ഥാനത്ത് മഴവെള്ള സംഭരണവും, ബോട്ടിലിംഗ് യൂണിറ്റുകളും നടപ്പിലാക്കും.
- മണലിന്റെ ഉപയോഗം കുറയ്ക്കാനായി പുറം ചുമർ തേക്കാത്ത കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകും.
- ബയോ ഡൈവേഴ്സിറ്റി മാനേജമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും. ഈ കമ്മിറ്റിയുടെ അധികാരങ്ങൾ വിപുലീകരിക്കും.
- സംസ്ഥാനത്ത് ഗ്രീൻ ക്ലൈമറ്റ് ഫണ്ട് ലഭ്യമാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും.
- പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കും
- കാലാവസ്ഥാ മാറ്റങ്ങളെ നേരിടുന്നതിന് കേരളത്തെ സജ്ജമാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് കേരള കാലാവസ്ഥാ പ്രവർത്തന-അതിജീവന മിഷൻ (Kerala Climate Action and Resilience Mission) സ്ഥാപിക്കും.

- എല്ലാ പ്രധാന പദ്ധതികൾക്കും മുൻകൂട്ടി കാലാവസ്ഥ-പരിസ്ഥിതി ആഘാത വിലയിരുത്തൽ നടപ്പാക്കും.
- എല്ലാ വകുപ്പുകളിലും കാലാവസ്ഥ-പരിസ്ഥിതി അടിസ്ഥാനത്തിലുള്ള ബജറ്റ് സംവിധാനം നടപ്പിലാക്കും. (climate- and ecology-tagged budgeting)
- ഇടനാടൻ കുന്നുകൾ, ചെങ്കൽ പീഠഭൂമികൾ, പള്ളങ്ങൾ, കാനങ്ങൾ, ഉറവകൾ, കാവുകൾ എന്നിവ ഡിജിറ്റൽ മാപ്പിംഗ് നടത്തിയും ഒരു ഇടനാടൻ മാനേജ്മെന്റ് ഫ്രെയിംവർക് നടപ്പിലാക്കിയും സംരക്ഷിക്കും.
- സംരക്ഷിത വനമേഖലയ്ക്ക് പുറത്തുള്ള ജൈവവൈവിധ്യ സമ്പന്നമായ കാവുകൾ, ചെങ്കൽ കുന്നുകൾ, നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.
- കേരള നദീതട-ജലവ്യവസ്ഥ മിഷൻ ( Kerala River Basin and Water Systems Mission) രൂപീകരിച്ച് ഏകോപിത ജലഭരണം നടപ്പിലാക്കും. വിവിധ സർക്കാർ വകുപ്പുകൾ, ശാസ്ത്ര സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. .
- തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായും വെള്ളപ്പൊക്കം പ്രതിരോധിക്കുന്ന തിനായും കേരളാ തണ്ണീർത്തട ദൗത്യം (Kerala Wetland Mission) ആരംഭിക്കും.
- അശുദ്ധജലവും വ്യവസായ മാലിന്യവും നദികളിലേക്ക് ഒഴുക്കുന്നത് സീറോ ഡിസ്ചാർജ് പദ്ധതിയിലൂടെ നിയന്ത്രിക്കും.
- കോട്ടൂളി, വെള്ളായണി, കാട്ടാമ്പള്ളി-വളപട്ടണം-കുപ്പം, കവ്വായി എന്നീ തണ്ണീർത്ത ടങ്ങൾ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കും.
- കേരളത്തിന്റെ തീരപ്രദേശ ദുരന്ത ലഘൂകരണത്തിന്റെ ഭാഗമായി കേരളത്തിലെ അതിദ്രുതം ഇല്ലാതാവുന്ന കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിനായി കേരള കണ്ടൽ മിഷൻ (Kerala Mangrove Mission) നടപ്പിലാക്കും.
- സമുദ്രതീര സംരക്ഷണം, കാലാവസ്ഥാ അനുരൂപപ്പെടൽ, കടൽപ്പണിക്കാരുടെ ജീവിതോപാധി ഉറപ്പാക്കൽ, ആവാസവ്യവസ്ഥയുടെ വീണ്ടെടുക്കൽ എന്നീ ലക്ഷ്യങ്ങളോടെ കേരള തീരദേശ- സമുദ്ര പ്രതിരോധ മിഷൻ (Kerala Coastal and Marine Resilience Mission) സ്ഥാപിക്കും.
- ദേശീയപാതകൾ, റെയിൽവേകൾ, നഗര വികസനം, വ്യവസായ പദ്ധതികൾ എന്നിവയുൾപ്പെടെയുള്ള എല്ലാ പ്രധാന നിർമ്മാണങ്ങളിലും തടസ്സമില്ലാത്ത നീരൊഴുക്ക് രൂപകല്പനയുടെ മാനദണ്ഡമാക്കിക്കൊണ്ട് പ്രളയ സാഹചര്യങ്ങൾ ഒഴിവാക്കും.
- എല്ലാ പദ്ധതികളിലും സ്വാഭാവിക ജലപ്രവാഹം തടസപ്പെടാത്ത രീതിയിലുള്ള നിർമാണം നിർബന്ധമാക്കും.
- പ്രധാന പദ്ധതികൾക്ക് സ്വതന്ത്ര പരിസ്ഥിതി സുരക്ഷാ ഓഡിറ്റ് നടപ്പാക്കും.
- തണ്ണീർത്തടങ്ങളിലും വെള്ളപ്പൊക്ക മേഖലകളിലും അപകട സാധ്യതയുള്ള മലമ്പ്രദേശങ്ങളിലും വലിയ പദ്ധതികൾ നടപ്പാക്കുമ്പോൾ വേണ്ട മുൻകരുത ലുകളും മാനദണ്ഡങ്ങളും കർശനമായി നടപ്പാക്കും.

- പട്ടണങ്ങളിലെയും നഗരങ്ങളിലെയും ചൂട് കുറയ്ക്കുന്നതിനായി അവിടങ്ങളിലെ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനായും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി ഒരു കേരള നഗരവൃക്ഷ സംരക്ഷണ-മേലാപ്പ് വ്യാപന ആക്ട് (Kerala Urban Tree Protection and Canopy Expansion Act) കൊണ്ടുവരും.
- എല്ലാ നഗരങ്ങളിലും താപ പ്രതിരോധ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കും. കാലാവസ്ഥാനുസൃതമായ നഗരാസൂത്രണം, വായുചംക്രമണം എന്നിവ ഉറപ്പു വരുത്തിയുള്ള കെട്ടിടങ്ങളുടെ രൂപകൽപന തുടങ്ങിയവയിലൂടെ നഗരതാപ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കും.
- കാലാവസ്ഥാ ദുരന്തബാധിതർക്കുള്ള പുനരധിവാസ നിയമം (Kerala Climate and Disaster Displacement and Rehabilitation Act) കൊണ്ടുവരും.

## 26. കല, സാംസ്ക്കാരികം, സിനിമ

- കേരളീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായ കലാ സാഹിത്യ, സാംസ്കാരിക രംഗത്തിനു പദ്ധതി വിഹിതം വർധിപ്പിക്കും. സംസ്ഥാനത്തെ പ്ലാൻ ഫണ്ടിന്റെ ഒരു ശതമാനം കല, സാംസ്ക്കാരിക രംഗത്തിന്റെ ഉന്നമനത്തിനായി നീക്കിവയ്ക്കും.
- സംസ്ഥാനത്തിന്റെ സമ്പന്നമായ കലാ പൈതൃകത്തെ നൂതന ഡിജിറ്റൽ സാങ്കേതിക വിദ്യയുമായി സംയോജിപ്പിക്കുന്ന ഡിജിറ്റൽ ക്രിയേറ്റീവ് വ്യവസായം ആരംഭിക്കും. ഡിജിറ്റൽ ആർട്ട് പ്രൊഫഷണലുകൾക്കുള്ള നൈപുണ്യ വികസന വേദി ആരംഭിക്കും.
- കേരള കലകളിലേക്ക് യുവതലമുറയെയും സന്ദർശകരെയും ആകർഷിക്കുന്നതിനായി സംസ്ഥാനത്ത് ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ സ്ഥാപിക്കും.
- കല പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ സ്ഥിരമായ തിയേറ്ററുകൾ നിർമ്മിക്കും.
- പ്രശസ്ത സംഗീത സംവിധായകൻ ജോൺസൻ മാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ പുതിയ മ്യൂസിക് അക്കാദമി ആരംഭിക്കും.
- കൾച്ചറൽ സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകും.
- തൃശൂർ പൂരം അടക്കമുള്ള ഉത്സവങ്ങളുടെ നടത്തിപ്പ് സുഗമമാക്കാൻ അനാവശ്യ രാഷ്ട്രീയ ഇടപെടൽ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കും.
- നാട്ടാന വളർത്തൽ/പരിപാലനം പ്രോത്സാഹിപ്പിക്കാൻ സർക്കാർ സഹായം ലഭ്യമാക്കും.
- അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ (ഐ.എഫ്.എഫ്.കെ.) കൂടുതൽ നഗരങ്ങളിൽ നടത്താൻ നടപടി സ്വീകരിക്കും.
- കേരളത്തിലെ പരമ്പരാഗത ജീവിതം, ചരിത്രം, കല, സംസ്കാരം എന്നിവ പ്രതിഫലിപ്പിക്കുന്നതിനായി കേരളത്തിൽ ലിവിംഗ് മ്യൂസിയം സ്ഥാപിക്കും.
- ചരിത്രത്തിന്റെയും കലാരൂപങ്ങളുടെയും ഡിജിറ്റൽ ആർക്കൈവിംഗ് ചെയ്യാൻ നടപടി സ്വീകരിക്കും.
- പരമ്പരാഗത കൃഷി രീതികളുടേയും, പൈതൃക അറിവുകളുടെയും സംരക്ഷണം. പൈതൃക ഗ്രാമങ്ങളിൽ സംരക്ഷിക്കും. നാട്ടറിവും കാട്ടറിവും ജനങ്ങളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കും.

- സംസ്ഥാനത്തെ പാരമ്പര്യ കലയായ പൂരക്കളിയെ പരിപോഷിപ്പിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കും.
- ആചാരസ്ഥാനികളെ ആദരിക്കുവാനും, അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കും.
- ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ലൈബ്രേറിയന്മാരുടെ അലവൻസ് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കും.
- ഗ്രാമീണ വായനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ അവക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കും.
- കലാ പരിശീലനത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കും.
- കേരളത്തിന്റെ അമൂല്യ സാംസ്കാരിക പാരമ്പര്യം സംരക്ഷണം – നാട്ടറിവ്, ഗോത്ര സംസ്കൃതി എന്നിവ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കും.
- ദേശീയ ഗോത്രോത്സവം, അന്തർദേശീയ സാഹിത്യോത്സവം, 'ശ്രേഷ്ഠ കലാകാരനൊപ്പം ഒരു ദിനം'എന്നീ  പരിപാടികൾ സംഘടിപ്പിക്കും.
- അറുപതു വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കും.
- മരം നട്ടുവളർത്തുന്നതിലൂടെ മാർക്ക് വാങ്ങൽ: ഒരു വിദ്യാർത്ഥി ഒന്നാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെ നട്ടുവളർത്തിയ മരങ്ങളുടെ അടിസ്ഥാനത്തിൽ വെയ്റ്റേജ് മാർക്ക്നൽകാൻ നടപടികൾ സ്വീകരിക്കും..
- ഓരോ ജില്ലകളുടെയും പൈതൃകവും, വൈവിധ്യങ്ങളും പ്രദർശിപ്പിക്കുന്ന ഹെറിറ്റേജ് കേന്ദ്രങ്ങൾ നിർമ്മിക്കും.
- കേരളത്തിൽ ദേശീയ ഗോത്രോത്സവം, വാർഷിക അന്താരാഷ്ട്ര സാഹിത്യോത്സവം എന്നിവ സംഘടിപ്പിക്കും.
- ചലച്ചിത്ര നിർമ്മാണവും അനുബന്ധ ജോലികളും സുഗമമാക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഫിലിം സിറ്റികൾ സ്ഥാപിക്കും.
- കവി പുലിക്കോട്ടിൽ ഹൈദർ ട്രസ്റ്റിനെ അക്കാഡമിയാക്കി  വിപുലീകരിക്കും. പൂരക്കളി, യക്ഷഗാനം, മാർഗംകളി മാപ്പിള കലകളെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കും.
- വിവിധ കല സ്ഥാപങ്ങളുടെ പ്രൊഫഷണൽ മാനേജ്മെന്റ് പഠനം സാധ്യമാക്കുന്ന കല മാനേജ്മെന്റ് കോഴ്സ് ആരംഭിക്കും
- കാലാരംഗത്തുള്ള പ്രശസ്തരായ ഗുരുക്കന്മാരുടെ കൂടെ താമസിച്ചു പഠിക്കാൻ സാധിക്കുന്ന ആർട്ട് റെസിഡൻഷ്യൽ കോഴ്സുകൾ ആരംഭിക്കും.
- അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കും
- സംസ്ഥാനത്തെ തമിഴ്, കന്നട, തുളു തുടങ്ങിയ ന്യൂനപക്ഷ ഭാഷകൾ സംസാരിക്കുന്ന വരുടെ ഭരണഘടനാപരമായ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും സമഗ്രമായ വികസനത്തിന് തുല്യ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു ഭാഷാ ന്യൂനപക്ഷ കമ്മീഷൻ സ്ഥാപിക്കും. തമിഴ്, കന്നഡ ഭാഷകളിൽ പി.എസ്.സി പരീക്ഷ എഴുതുവാനുള്ള സൗകര്യം ഏർപ്പെടുത്തും.
- സംസ്ഥാനത്തെ വിനോദ കേന്ദ്രമാക്കി മാറ്റുന്നതിനായി ഗ്ലോബൽ ഗെയിമിംഗ് സ്റ്റുഡിയോകൾ, വി.എഫ്.എക്സ് ഹൗസുകൾ, വിഷ്വൽ എഫക്റ്റ്സ് സ്റ്റുഡിയോകൾ എന്നിവ സ്ഥാപിക്കും.

- ലോകത്തെ പ്രധാനപ്പെട്ട ചലച്ചിത്ര മേളകളുടെ മാതൃകയിൽ ഐ.എഫ്.എഫ്.കെ. യ്ക്ക് ഒരു സ്ഥിരം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമിക്കും.
- ചിത്രാഞ്ജലി സ്റ്റുഡിയോയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കും.ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ഡോൾബി മിക്സിംഗ് തിയ്യേറ്റർ ഉൾപ്പെടെയുള്ള നിർമാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും. AI, VFX, മെറ്റാവേഴ്സ് എന്നിവയ്ക്കായി ആധുനിക ഹബ്ബ് സ്ഥാപിക്കും.
- ഫിലിം സബ്സിഡി, ടാക്സ് റിബേറ്റ്, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിക്കുന്ന മലയാള സിനിമകൾക്കുള്ള പ്രത്യേക സബ്സിഡി, സിനിമാ നിർമാണത്തിനുള്ള അനുമതികൾക്കായി സിംഗിൾ വിൻഡോ ക്ലിയറൻസ്, തുടങ്ങിയവ നടപ്പിലാക്കും.
- സംസ്ഥാന, ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിക്കുന്ന മലയാള സിനിമകൾക്ക് തിയേറ്ററുകളിൽ നിശ്ചിത ദിവസത്തെ പ്രദർശനം ഉറപ്പ് വരുത്തും.
- സിനിമാ മേഖലയിലെ പരാതി പരിഹാരം, സ്ത്രീ സുരക്ഷ, തൊഴിൽ പ്രശ്നങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി സിനിമാ റെഗുലേറ്ററി ട്രിബ്യൂണൽ സ്ഥാപിക്കും.
- മുപ്പതുവർഷം പിന്നിടുന്ന കേരള അന്താരാഷ്ട്ര ചലച്ചിത്ര മേള ഏഷ്യയിലെ ഏറ്റവും ശ്രദ്ധേയമായ മേളയായി ഉയർത്തുവാൻ സാധിക്കുന്ന തരത്തിൽ സമഗ്രമായി റീ ഡിസൈൻ ചെയ്യും.
- ഐ.എഫ്.എഫ്.കെ.യോട് അനുബന്ധിച്ചു ലോകത്തെ പ്രധാനപ്പെട്ട ചലച്ചിത്ര മേളകളുടെ മാതൃകയിൽ ഫിലിം മാർക്കറ്റ് നടപ്പിലാക്കും.
- കേരള കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
- ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കും.
- ശ്രേഷ്ഠ ഭാഷ വികസനത്തിനായി സംസ്ഥാനത്തിന് അർഹതപ്പെട്ട 100 കോടിയുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുതും.
- ഗജ സംരക്ഷണകേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കും.
- കേരളത്തിന്റെ തനത് കലാരൂപങ്ങളെയും രുചികളെയും ഒരു കുടക്കീഴിൽ അണി നിരത്തുന്ന ആർട്ട് വില്ലേജുകൾ സ്ഥാപിക്കും.
- കരകൗശല വസ്തുക്കളുടെയും കലാസൃഷ്ടികളുടെയും പ്രദർശനത്തിനും വിപണ ത്തിനും, ടൂറിസം പ്രോത്സാഹിപ്പിക്കാനും ആലപ്പുഴ ചങ്ങനാശേരി റോഡുകളിൽ അടക്കം റോഡിന്റെ ഓരങ്ങളിൽ വിപണന പ്രദർശന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകും.
- സ്കൂൾ തലത്തിൽ ഹൈസ്കൂൾ, +1, +2 കളിൽ ഫൈൻ ആർട്സ് വിഷയങ്ങൾ ഉൾപ്പെടുത്തി പുതിയ ഗ്രൂപ്പ് ആരംഭിക്കും.
- ലളിത കലാ അക്കാദമിയുടെ, സഞ്ചരിക്കുന്ന ചിത്ര ഗാലറി നിർമ്മിക്കും,
- ചിത്രകലയുടെയും, ശില്പകലയുടെയും പ്രോത്സാഹനത്തിനായി ലോക നിലവാര ത്തിലുള്ള ആർട്ട് ഗാലറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കും. ശില്പങ്ങളുടെയും, ചിത്രങ്ങളുടെയും വിപണനത്തിനായി ഈ കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തും.
- സംസ്ഥാനത്ത് സിനിമ ഷൂട്ടിംഗ് അടക്കം പ്രോത്സാഹിപ്പിക്കാൻ ഫിലിം വില്ലേജുകൾ നിർമ്മിക്കും. ഈ പ്രത്യേക മേഖലയിൽ ഷൂട്ടിംഗ് അടക്കമുള്ള പ്രവർത്തികൾക്ക് ഇളവുകൾ ലഭ്യമാക്കും.
- സാഹിത്യ അക്കാദമികളെ സ്വതന്ത്രമാക്കും. ഇതിനായി അക്കാദമികളുടെ തലപ്പത്തു കലാ സാഹിത്യ പ്രതിഭകളെ കൊണ്ടുവരും.

- എല്ലാവർഷവും തദ്ദേശസ്ഥാപനങ്ങളുടെ തലത്തിൽ ഓണക്കാലത്തു ഗ്രമോത്സവങ്ങൾ നാടിന്റെ ഉത്സവമായി സംഘടിപ്പിക്കും.
- കാർഷിക മത്സരങ്ങൾ, പ്രദർശനങ്ങൾ, പരമ്പരാഗതകലകൾ, കളികൾ, കൈവേലകൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും വരും തലമുറയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യും.
- പഞ്ചായത്ത് തലം മുതൽ ബ്ലോക്ക്, ജില്ലാ സംസ്ഥാന തലം വരെ കല, സാഹിത്യ, സാംസ്കാരിക മത്സരങ്ങൾ, പ്രദർശന പരിപാടികൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകും.
- പാരമ്പര്യകലകൾ, ഗോത്രകലകൾ, നാടൻകലകൾ, ക്ലാസിക്കൽ കലകൾ എന്നിവയുടെ പ്രോത്സാഹനത്തിന് പരിശീലന കളരികൾ, പ്രദർശന മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാൻ സർക്കാർ സഹായം നൽകും.
- എല്ലാ സർക്കാർ പരിപാടികളിലും കേരളീയ കലകളുടെ പ്രദർശനം നിർബന്ധമാക്കും.
- അവശ കലാകാരന്മാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കും.
- സ്കൂൾ, കോളേജ് തലങ്ങളിൽ കല, സാഹിത്യ സംസ്കാരിക, പരിപാടികൾക്ക് മുന്തിയ പരിഗണന നൽകും.
- സ്കൂൾ, കോളേജ് കലോത്സവങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കലാ സംഘങ്ങ ൾക്ക് തുടർ പ്രവർത്തങ്ങൾക്ക് സഹായം നൽകും.
- കേരളത്തിലെ പരമ്പരാഗത ജീവിതം, കൃഷിരീതികൾ, നാട്ടറിവുകൾ, ചരിത്രം, കല, സാഹിത്യം, സംസ്കാരം എന്നിവ അടയാളപ്പെടുത്തുന്ന മ്യൂസിയങ്ങൾ ജില്ലകൾ തോറും സ്ഥാപിക്കും.
- സംസ്ഥാനത്തു നടക്കുന്ന എല്ലാ മേളകളുടെയും ഉത്സവങ്ങളുടെയും കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കും.
- നിയമസഭാ മണ്ഡലങ്ങൾ തോറും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ജില്ലകൾ തോറും കലാ സാഹിത്യ സാംസ്കാരിക സദസ്സുകൾ സംഘടിപ്പിക്കും .
- പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ കേന്ദ്രീകരിച്ചു ഗ്രാമീണ വായനശാലകൾ, ക്ലബുകൾ മഹിളാസമാജങ്ങൾ എന്നിവയെ സാംസ്കാരിക കേന്ദ്രങ്ങൾ -റിസോഴ്സ് സെന്ററുകളാക്കും.
- ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രം, ദേശീയ നേതാക്കന്മാർ, ദേശീയ പ്രസ്ഥാനം എന്നിവയെ കുറിച്ച് കുട്ടികളിലും യുവാക്കളിലും അവബോധം സൃഷ്ടിക്കും.
- ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം, കേരള ചരിത്രം, സംസ്ക്കാരം എന്നിവയെ ആസ്പദമാക്കി ലൈറ്റ് & സൗണ്ട് ഷോ ഒരുക്കും
- സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഗാന്ധി സ്മാരകങ്ങൾക്ക് പ്രവർത്തന ഗ്രാന്റ് നൽകും.
- സംസ്ഥാനത്തെ പുരാവസ്തു സ്മാരകങ്ങൾ സംരക്ഷിക്കും
- സർക്കാർ പുതുതായി നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾ കേരളീയ വാസ്തു ശില്പ മാതൃകയിൽ നിർമ്മിക്കും.
- സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന കെട്ടിടങ്ങളിലും കേരളീയ മാതൃക പ്രോത്സാഹിപ്പിക്കും.

- സന്ദർശകർക്കായി ആഴത്തിലുള്ള അനുഭവത്തിനായി ഓഗുമെന്റഡ് റിയാലിറ്റി പവേർഡ് കൾച്ചറൽ എക്സ്പീരിയൻസ് സെന്ററുകൾ സ്ഥാപിക്കും.
- വിവിധ സാംസ്ക്കാരിക സംഘടനകളെ ഏകോപിപ്പിപ്പിച്ച് സാംസ്കാരിക ഡയറക്ടറേറ്റിന് കീഴിൽ കൊണ്ടുവരും.
- എല്ലാ പഞ്ചായത്തുകളികും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള പബ്ലിക് ലൈബ്രറികൾ ആരംഭിക്കും.

## 27. സ്പോർട്സ്

- ആഗോളതലത്തിൽ കഴിവുള്ള കായിക വിദഗ്ധരെ സൃഷ്ടിക്കുന്നതിനായി കേരളത്തിൽ സ്പോർട്സ് യൂണിവേഴ്സിറ്റി ആരംഭിക്കും.
- 2036ലെ ഒളിമ്പിക്സിൽ മത്സരിക്കാൻ പ്രാപ്തിയുള്ള കായികതാരങ്ങളെ വാർത്തെടുക്കാൻ വിഷൻ 2036 നടപ്പിലാക്കും. കായിക രംഗത്ത് പ്രത്യേക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ഊർജിത പരിശീലനം നൽകി ദേശീയ, അന്തർ ദേശീയ, ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ വേണ്ടി പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കും.
- സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് സ്പോർട്സ് അരീന, സൈക്കിൾ ട്രാക്ക്, മൾട്ടി പർപ്പസ് മിനി സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കും.
- കേരളത്തിലെ സാഹസിക കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ ആരംഭിക്കും.
- ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ കളിക്കാൻ പര്യാപ്തമായ ഗ്രൗണ്ടുകൾ സ്ഥാപിക്കും.
- കേരളത്തിന് ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. ഗ്രൗണ്ട്, സ്റ്റേഡിയം എന്നിവയുടെ നിലവാരം ഉയർത്തും. സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന കായിക താരങ്ങൾക്ക് മത്സരങ്ങൾക്ക് പോകുമ്പോൾ യാതൊരുവിധ യാത്ര ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കും.
- എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്പോർട്സ് ടർഫുകളും കളിസ്ഥലവും സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കും. കേരളത്തിൽ 3000 കളിക്കളങ്ങൾ നിർമ്മിക്കും.
- കൗമാര-യുവജനങ്ങളുടെ കായികശേഷി പുഷ്ടിപ്പെടുത്താനും വനിതകളടക്കമുള്ള വയോജനങ്ങളുടെ ദൈനംദിന വ്യായാമത്തിനുമുതകും വിധം പ്രധാന മൈതാനങ്ങളിലും പാർക്കുകളിലും തൊഴിലിടങ്ങളിലും ഹെൽത്ത് പോയിന്റ് /ഹെൽത്ത് ഹബ്ബുകളും ആരംഭിക്കും.
- ദേശിയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ വക സൗജന്യ വിമാന ടിക്കറ്റ് ലഭ്യമാക്കും.
- മലപ്പുറത്ത് ദേശീയ നിലവാരത്തിലുള്ള കായിക പരിശീലന ഗവേഷണ കേന്ദ്രവും അക്കാദമിയും സ്ഥാപിക്കും.
- കേരളത്തിൽ സ്പോർട്സിനു മുന്തിയ പരിഗണന. സ്പോർട്സ് വികസനത്തിനായി സ്പോർട്സ് അതോറിറ്റി ഓഫ് കേരള രൂപീകരിക്കും.
- 2000-ലെ സ്പോർട്സ് നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരും.

- സംസ്ഥാനത്ത് ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഫ നിലവാര ത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കും.
- സംസ്ഥാനത്ത് നീന്തൽ പരിശീലനത്തിനു കൂടുതൽ ഊന്നൽ നൽകാൻ നടപടി സ്വീകരിക്കും.
- വയനാട്, മൂന്നാർ, പൊന്മുടി അടക്കമുള്ള ഉയർന്ന പ്രദേശങ്ങളിൽ ഹൈ അൾട്ടിട്യൂഡ് സ്പോർട്സ് ട്രെയിനിങ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കും
- കായിക രംഗത്ത് കേരളത്തിന്റെ നഷ്ടപ്പെട്ട പ്രതാപം തിരിച്ചു കൊണ്ടുവരാനും, പുതിയ കായിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിനും സ്പോർട്സ് എല്ലാവർക്കും - ക്യാമ്പയിൻ സംഘടിപ്പിക്കും
- സ്പോർട്സും പഠനവും ഒന്നിച്ചു കൊണ്ടുപോകാൻ സ്പോർട്സ് സ്കൂളുകൾ മികച്ച സൗകര്യങ്ങളോടെ വികസിപ്പിക്കും.
- സംസ്ഥാനത്തെ അടിസ്ഥാന കായിക സൗകര്യങ്ങളുടെ ധവള പത്രം തയ്യാറാക്കും
- സംസ്ഥാന,അന്തർ സംസ്ഥാന മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീ കരിക്കുന്ന കായിക താരങ്ങൾക്കു മികച്ച യാത്ര സൗകര്യങ്ങൾ, യൂണിഫോം, യാത്രാബത്ത നൽകും.
- കളിസ്ഥലങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്കൂൾ, കോളേജ് ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ നവീകരിക്കും.
- സ്പോർട്സ് കൗൺസിലുകൾ ശക്തമാക്കും.
- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായികപരിശീലകരുടെ സേവനം നിർബന്ധ മാക്കും .
- ലഭ്യമായ പൊതുസ്ഥലങ്ങളിൽ ഓപ്പൺ ജിം, കായിക സൗകര്യങ്ങൾ ഒരുക്കും.
- ജില്ലകളിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള കായികസമുച്ചയങ്ങൾ നിർമ്മിക്കും
- പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തല സ്പോർട്സ് മത്സരങ്ങൾ സംഘടി പ്പിക്കും.
- ഗ്രാമീണ കായിക മത്സരങ്ങൾക്ക് സാമ്പത്തിക സഹായം നൽകും.
- സ്പോർട്സ് ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ നൽകാൻ നടപടികൾ.
- ജീവിത ശൈലി രോഗങ്ങൾ കുറക്കാൻ പ്രഭാത-സായാഹ്ന നടത്തവും, സൈക്കിൾ സവാരിയും പ്രോത്സാഹിപ്പിക്കും.
- സ്പോർട്സ് കിറ്റ്, സ്പോർട്സ് വെയർ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ തദ്ദേശീയമായി നിർമിക്കാൻ പ്രോത്സാഹനം നൽകുന്ന നയ രൂപീകരണം നടത്തും.

## 28. നീതി നിർവഹണം, ക്രമസമാധാനം

- സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രാഷ്ട്രീയ സംഘട്ടനങ്ങൾക്കും, കൊലപാതക ങ്ങൾക്കും അറുതി വരുത്തുവാൻ രാജസ്ഥാൻ മാതൃകയിൽ സമാധാന വകുപ്പ് (Peace and Harmony) രൂപീകരിക്കും.
- ക്രമസമാധാന പാലനവും കേസ് അന്വേഷണവും വേർപ്പെടുത്തികൊണ്ട് പോലീസ് സേനയെ കാര്യക്ഷമാക്കാൻ നടപടി സ്വീകരിക്കും.
- അഞ്ചുലക്ഷം രൂപ വരെയുള്ള സാമ്പത്തിക കേസുകളും, ചെക്ക് കേസുകളും തീർപ്പുകൽപ്പിക്കുന്നതിനു പ്രത്യേക ട്രിബ്യൂണലുകൾ സ്ഥാപിക്കും.
- കുട്ടികൾക്കെതിരെയുള്ള പീഡന കേസുകളിൽ അന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ നിയമ നിർമ്മാണം നടത്തും.
- കുട്ടികൾക്കെതിരെയുള്ള പീഡന കേസുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കു ന്നതിനു കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കും.
- കൊലക്കേസ് അടക്കമുള്ള കേസുകളിലെ ജാമ്യവ്യവസ്ഥകൾ കർശനമാക്കാൻ നടപടി കൾ സ്വീകരിക്കും.
- സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയാൻ ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയ ദിശ നിയമ മാതൃകയിൽ പുതിയ നിയമ നിർമ്മാണം നടപ്പിലാക്കും.
- ആക്രമണങ്ങൾക്ക് വേണ്ടി മാരകായുധങ്ങളും ബോംബുകളും വടിവാളുകളും കൈവശം വയ്ക്കുന്നത് ശിക്ഷാർഹമാക്കാനുള്ള നടപടികൾ സ്വീകരിക്കും.
- ചിട്ടി, കുറി മേഖലകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ ഉറപ്പുവരുത്തും.

## 29. കെ.എസ്.ആർ.ടി. സി.

- ഐ.ഒ.ടി, ഡിജിറ്റൽ, എ.ഐ. സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കെ.എസ്.ആർ. ടി.സിയെ നവീകരിക്കും. വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- പൊതുഗതാഗതം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ബസ്സുകൾ ഇറക്കി പൊതു മേഖലയിയെ ശക്തിപ്പെടുത്തും.
- കെ.എസ്.ആർ.ടി.സി ശമ്പളവും പെൻഷനും മുടങ്ങാതെ നൽകുന്നതിന് നടപടികൾ സ്വീകരിക്കും.
- കെ.എസ്.ആർ.ടി.സി പെൻഷൻകാരുടെ പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കും. പെൻഷൻ പരിഷ്കരണവും നടപ്പിലാക്കും.
- കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഡി.എ കുടിശ്ശിക അനുവദിച്ച് ശമ്പളപരിഷ്ക രണം നടപ്പിലാക്കും.
- കെ.എസ്.ആർ.ടി.സി പെൻഷൻകാരുടെ ഡി.ആർ കുടിശ്ശിക അനുവദിച്ച് നൽകും.
- കെ.എസ്.ആർ.ടി.സി പർച്ചേസ് അഴിമതികളിൽ സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും.

- കെ.എസ്.ആർ.ടി.സി എല്ലാ വർഷവും പുതിയ ബസുകൾ വാങ്ങി സർവീസ് ശക്തിപ്പെടുത്തും.
- എൻ.പി.എസ്, എൻ.ഡി.ആർ കുടിശ്ശികകൾ തീർത്ത് സാമ്പത്തിക സ്ഥിരത ഉറപ്പാക്കും.
- കെ.എസ്.ആർ.ടി.സിയിൽ പുതിയ സ്ഥിര നിയമനങ്ങൾ നടത്തും; എൽ ഡി എഫ് സർക്കാർ നടപ്പിലാക്കിയ തൊഴിലാളി വിരുദ്ധ പരിഷ്കാരങ്ങൾ പുനഃപരിശോധിക്കും.
- കഴിഞ്ഞ പത്ത് വർഷത്തിനിടെ തൊഴിലാളികളിൽ ഉണ്ടായ അകാല മരണങ്ങളുടെ കാരണങ്ങൾ പഠിക്കാൻ ആരോഗ്യ വിദഗ്ധ സമിതിയെ നിയോഗിക്കും. പരിഹാര നടപടി സ്വീകരിക്കും.

## 30. പോലീസ്

- പോലീസ് ഉദ്യോഗസ്ഥരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കും.
- പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മോഡേൺ പോലീസിങ് നടപ്പിലാക്കും.
- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളോട് സീറോ ടോളറൻസ് നിലപാട് സ്വീകരിക്കും. ഇത്തരം കേസുകളിൽ പരാതി അറിയിക്കാൻ രഹസ്യ സ്വഭാവമുള്ള ടോൾ ഫ്രീ ഹെൽപ്പ് ലൈൻ, പോർട്ടൽ എന്നിവ സജ്ജീകരിക്കും.
- സംസ്ഥാനത്ത് കുട്ടികളുടെ കൊലപാതകങ്ങൾ ക്രമാതീതമായി വർധിക്കുകയാണ്. ഇതിൽ കൂടുതലും ആത്മഹത്യ എന്ന നിലയിൽ അന്വേഷണം അവസാനിപ്പിക്കുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികളുടെ കൊലപാതകങ്ങളും പോക്സോ കേസുകളും അന്വേഷിക്കാനും കുറ്റക്കാർക്ക് സമയബന്ധിതമായി ശിക്ഷ വാങ്ങികൊടു ക്കാനും പുതിയ സംവിധാനം രൂപീകരിക്കും. ഇതിനായി പ്രത്യേക അന്വേഷണ വിഭാഗത്തിന് രൂപം നൽകും.
- സൈബർ ബ്ലാക്ക്മെയിലിങ് തടയുന്നതിന് പ്രത്യേക സംവിധാനങ്ങൾക്ക് രൂപം നൽകും. ഇത്തരം കേസുകളിൽ പരാതി അറിയിക്കാൻ രഹസ്യ സ്വഭാവമുള്ള ടോൾ ഫ്രീ ഹെൽപ്പ് ലൈൻ, പോർട്ടൽ എന്നിവ സജ്ജീകരിക്കും.
- പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാനം, ക്രൈം ഇൻവെസ്റ്റിഗേഷൻ വിഭാഗങ്ങൾ വേർതിരിക്കും.
- റിട്ടയർമെന്റ് വേക്കൻസികൾ മുൻകൂട്ടി കണക്കാക്കി വാർഷിക റിക്രൂട്ട്മെന്റ് നടപ്പിലാക്കും.പ്രതിവർഷ റിക്രൂട്ട്മെന്റ് സമ്പ്രദായം ശാസ്ത്രീയമായി പരിഷ്ക്കരിക്കും.
- പോലീസ് ഓഫീസർ തസ്തികകളിൽ വനിതകൾക്കും പുരുഷന്മാർക്കും പൊതുവായ റിക്രൂട്ട്മെന്റ് നടപ്പിലാക്കും.
- പൊലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ തടയാൻ ജോലി ഭാരം നിജപ്പെടുത്തൽ അടക്കമുള്ള നടപടി സ്വീകരിക്കും.

- ഓൺലൈൻ ഫ്രോഡുകൾ തടയാൻ കർശന നടപടി സ്വീകരിക്കും.
- ലോക്കപ്പ് മർദ്ദനം, വാറണ്ടില്ലാതെയുള്ള അറസ്റ്റ്, ജാമ്യനിഷേധം, അറസ്റ്റ് രേഖപ്പെടുത്താനുള്ള കാലതാമസം എന്നിവ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കും.

## 31. സഹകരണം

- സഹകരണ സംഘങ്ങളുടെ ജനാധിപത്യവും വിശ്വാസ്യതയും വീണ്ടെടുക്കുന്ന തരത്തിൽ കേരളത്തിലെ സഹകരണ നിയമത്തിൽ നിലവിലുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് സമഗ്ര ഭേദഗതി നടപ്പിലാക്കും. നിലവിലെ ഭരണ സമിതി തെരഞ്ഞെടുപ്പിലെ അനിശ്ചിതത്വത്തിന് പരിഹാരം ഉണ്ടാക്കും.
- നിക്ഷേപകർക്കും വായ്പക്കാർക്കും സഹകാരികൾക്കും സഹകരണ പ്രസ്ഥാനത്തിനും ഗുണകരമാകുന്ന വ്യവസ്ഥകൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തും.
- സഹകരണ വിജിലൻസ് സംവിധാനം ഊർജിതപ്പെടുത്തി സഹകരണ സംഘം പ്രവർത്തനങ്ങൾ അഴിമതി മുക്തമാക്കും.
- സഹകരണ സംഘങ്ങൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന മുഴുവൻ ഡെപ്പോസിറ്റുകൾക്കും പരിധിയില്ലാതെ നിക്ഷേപ ഗ്യാരണ്ടി നൽകുവാൻ നടപടി സ്വീകരിക്കും.
- സഹകരണ സംഘങ്ങളിലെ നിക്ഷേപത്തുക യഥാസമയം മടക്കി നൽകാൻ കഴിയുന്ന തരത്തിൽ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും, നിക്ഷേപ സംരക്ഷണം ഉറപ്പാക്കുന്നതിനും നിലവിൽ തകർക്കപ്പെട്ട പൊതുജന വിശ്വാസം വീണ്ടെടുക്കാനുമുള്ള പദ്ധതി നടപ്പിലാക്കും.
- ദുരുപയോഗവും അഴിമതിയുംമൂലം തകർന്ന സഹകരണ സംഘങ്ങളിലെ നിക്ഷേപത്തുക സമയബന്ധിതമായി നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും.
- പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനായി വായ്പ വിതരണം ഉൾപ്പെടെയുള്ളവയിൽ കൃത്യമായ മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരും.
- പ്രവാസികളുടെ പുനരധിവാസത്തിനും സാമ്പത്തിക സുരക്ഷിതത്വമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രവാസി സംഘങ്ങൾ ശാക്തീകരിക്കും.
- ഗുരുതരമായ രോഗബാധിതരുടെയും മരണപ്പെട്ടവരുടെയും വായ്പാ ബാധ്യത ഒഴിവാക്കുന്ന തരത്തിൽ റിസ്ക് ഫണ്ട് പദ്ധതി വിപുലീകരിക്കും.
- പുത്തൻ ബാങ്കിംഗ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി യുവജനതയെ കൂടുതലായി ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളെ മോഡേണൈസ് ചെയ്യുന്നതിനും, സാമ്പത്തിക ക്രയവിക്രയത്തിൽ സർക്കാർ നിയന്ത്രണവും സാമ്പത്തിക അച്ചടക്കവും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കും.
- സഹകരണ സംഘങ്ങൾക്ക് വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഏകീകൃത സോഫ്റ്റ്‌വെയറിനു പകരം യൂണിഫൈഡ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കും.
- സഹകരണ സംഘങ്ങളുടെ എല്ലാവിധ ഇടപാടുകളുടെയും പരിശോധനയും ഓഡിറ്റും പൂർണമായി ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കും.

- ഡിജിറ്റൽ ബാങ്കിംഗ് യൂണിഫൈഡ് പെയ്മെന്റ് ഇന്റർഫേസ് മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ സഹകരണ സംഘങ്ങളിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.
- ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി യുവജനതയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സ്റ്റാർട്ടപ്പുകൾ സഹകരണ മേഖലയിൽ സാർവത്രികമായി നടപ്പിലാക്കും.
- സഹകരണ മേഖലയിലെ എല്ലാ സഹകരണ പ്രസ്ഥാനങ്ങളെയും ഉൾപ്പെടുത്തി പൂർണ്ണമായും ജനാധിപത്യവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കും.
- സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്തവരുടെ സംരക്ഷണത്തിനായി റിസ്ക് ഫണ്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തും. സഹകരണ ബാങ്കുകൾ കർഷകർക്ക് കൂടുതൽ ഗുണകരമാകും വിധം പദ്ധതികൾ രൂപീകരിക്കും.
- സഹകരണ ബാങ്കുകളിൽ 3 ടയർ സംവിധാനം പുനസ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്തി നടപടികൾ സ്വീകരിക്കും.

## 32. യുവജന ക്ഷേമം

- നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനം പുനരാരംഭിക്കാനും മികച്ചതാക്കാനും നടപടി സ്വീകരിക്കും.
- കല, കായിക, സംസ്കാരിക പരിപാടികളുടെ ഏകോപനത്തിനായും സർക്കാരിന്റെ സാമൂഹ്യ ക്ഷേമ പരിപാടികളുടെ നടത്തിപ്പിനുമായി യുവജനങ്ങളെ പങ്കെടുപ്പിച്ച് പഞ്ചായത്ത്/ബ്ലോക്ക്/ ജില്ലാ/ സംസ്ഥാനതലം വരെ നെഹ്റു യുവകേന്ദ്രകൾ വിപുലീകരിക്കും. സാമൂഹ്യക്ഷേമം, സേവനങ്ങൾ, മനുഷ്യ വിഭവശേഷി വിനിയോഗം, ലേബർ ബാങ്ക്, കാർഷിക സംഘങ്ങൾ, യൂത്ത് ക്ലബുകൾ, ദുരന്ത നിവാരണം, തൊഴിൽ വൈദഗ്ധ്യ പരിശീലനം സ്വയം സഹായ സംരംഭങ്ങളുടെ പ്രോത്സാഹനം, സ്റ്റാർട്ട് അപ്പ് എന്നിവ യുവകേന്ദ്രങ്ങൾ ഏകോപിപ്പിക്കും.
- യുവാക്കളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജില്ലാ, സംസ്ഥാനതല യുവസഭകൾ സംഘടിപ്പിക്കും.
- പ്രാദേശിക- ദേശീയ- അന്തർ ദേശീയ തലങ്ങളിലെ തൊഴിൽ സാധ്യതകൾ അറിയാൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ജോബ് പോർട്ടൽ, മൊബൈൽ ആപ്പ് നിർമ്മിക്കും
- ഉദ്യോഗാർഥികളെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾക്ക് പ്രാപ്തമാക്കുവാൻ തൊഴിൽമാർഗ്ഗ നിർദ്ദേശക പരിപാടി സംഘടിപ്പിക്കും.
- കൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽ യുവജന കൂട്ടായ്മകളുടെ സംഘ കൃഷി പ്രോത്സാഹിപ്പിക്കും. ഫുഡ് പ്രോസസ്സിംഗ്, ഭക്ഷ്യ വിഭവങ്ങളുടെ വിപണനം, കാലി വളർ ത്തൽ, നഴ്സറി നിർമ്മാണം, വിത്ത്, വളം വിതരണം തുടങ്ങിയ മേഖലകളിൽ യുവാക്കളെ ആകർഷിക്കും
- യുവജന കമ്മീഷൻ, യൂത്ത് വെൽഫയർ ബോർഡ് ശാക്തീകരിക്കും
- പഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെ കല, കായിക, സാഹിത്യ സാംസ്കാരിക മത്സര പരിപാടികൾ നടത്തും. കേരളോത്സവം വിപുലീകരിക്കും.

- യുവാക്കൾക്കായി നേതൃത്വപരിശീലന ക്യാമ്പുകൾ,അന്തർ ജില്ലാ ക്യാമ്പുകൾ, സഹസിക യാത്രകൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കും.
- സാംസ്കാരിക ചരിത്ര വിനോദ സഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് കേരള യാത്ര സംഘടിപ്പിക്കും.
- യുവാക്കൾക്കായി സാഹിത്യ, നാടക ക്യാമ്പുകൾ സംഘടിപ്പിക്കും.
- വിവിധ മേഖലകളിൽ (സാഹിത്യം,കല, സ്പോർട്സ്..) വ്യക്തി മുദ്രപതിപ്പിച്ച യുവതീ യുവാക്കൾക്ക് അവാർഡുകൾ നൽകും.
- പരീക്ഷ, ഇന്റർവ്യൂ, ജോലി ആവശ്യങ്ങൾക്കായി യാത്ര ചെയുന്ന യുവതീ യുവാക്കൾക്ക് താമസിക്കുന്നതിന്നു ജില്ലാ ആസ്ഥാനങ്ങളിൽ യൂത്ത് ഹോസ്റ്റലുകൾ ആരംഭിക്കും.
- യുവാക്കൾക്ക് എല്ലാ മേഖലകളിലും പരീശീലനം നൽകുന്നത്തിനുതകുന്ന യൂത്ത് ട്രെയിനിങ് & റിസോഴ്സ് സെന്ററുകൾ ആരംഭിക്കും.
- SPC, NSS, NCC, MY Bharat, Scouts & Guides, Red cross. എന്നിവ സംസ്ഥാനത്തു നടത്തുന്ന എല്ലാ യുവജനക്ഷേമ പരിപാടികളും ഏകോപിപ്പിച്ചു യുവ കേരളം എന്ന പേരിൽ നടപ്പാക്കും.
- യൂത്ത് ബഡ്ജറ്റ് :എല്ലാ വകുപ്പുകളുടെയും യുവജനക്ഷേമത്തിനുള്ള ബഡ്ജറ്റ് വിഹിതം വർധിപ്പിക്കും.
- കേരളത്തിൽ' യൂത്ത് മാനസികാരോഗ്യം & ആത്മഹത്യ പ്രതിരോധ മിഷൻ' ആരംഭിച്ച്, എല്ലാ ജില്ലകളിലും 24/7 ക്രൈസിസ് റസ്പോൺസ്, സ്കൂൾ-കോളേജ് കൗൺസിലിങ് നെറ്റ് വർക്ക്, പ്രൊഫഷണൽ സ്റ്റാഫിംഗ് എന്നിവ ഉറപ്പാക്കും.
- കൗമാരക്കാരുടെ സ്ക്രീൻ ആസക്തിക്ക് പരിഹാരമായി ഗ്രാമീണ കളിക്കളങ്ങളുടെ നവീകരണം - പ്ലേ ഫോർ പ്ലഷർ, ലെറ്റ്സ് പ്ലേ, നടപ്പിലാക്കും.

## 33. ശബരിമല വികസനം, ദേവസ്വം

- ശബരിമല സ്വർണക്കൊള്ള കേസിലെ പ്രതികൾ എത്ര ഉന്നതരായാലും അവരെ യെല്ലാം നിയമത്തിന് മുന്നിൽ കൊണ്ടു വന്ന് ശിക്ഷ ഉറപ്പാക്കും.
- ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും അഴിമതിമുക്ത മാക്കുന്നതിനും നടപടികൾ സ്വീകരിക്കും
- മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കൂടുതൽ അധികാരം നൽകുന്നതിനും മറ്റു ദേവസ്വം ബോർഡുകൾക്ക് സമാനമാക്കാനും നിയമ നടപടി സ്വീകരിക്കും.
- മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും,മലബാർ ദേവസ്വം ജീവനക്കാർക്ക് വേണ്ടി ഇതര ദേവസ്വം ബോർഡുകളെ പോലെ ചട്ടങ്ങൾ നിർമ്മിക്കും.
- ശബരിമലയിൽ റോപ് വേ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കും.
- ദേവസ്വം ബോർഡുകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കാൻ നടപടി സ്വീക രിക്കും.

- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്വത്തുക്കൾ ഏറ്റെടുത്തതിന്റെ നഷ്ടപരിഹാ രമായി സർക്കാർ വർഷാവർഷം നൽകേണ്ട വാർഷിക വിഹിതം കുടിശിക സഹിതം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കും.
- ശബരിമല സാനിറ്റേഷൻ സൊസൈറ്റി നടത്തുന്ന ശുചീകരണ പ്രവർത്തങ്ങൾക്ക് മുൻകാലങ്ങളിലെ പോലെ വിഹിതം സർക്കാർ വഹിക്കുന്നതിന് തീരുമാനമെടുക്കും.
- ശബരിമല, നിലക്കൽ വികസനത്തിനായി അവശ്യമുള്ള ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കും .
- വിശ്വാസികളും അഴിമതിരഹിതരുമായ ആളുകളെ ബോർഡ് തലപ്പത്തേക്ക് നിയോഗിക്കുമെന്ന് ഉറപ്പ് വരുത്തും.
- ശബരിമലയിൽ സ്പോട്ട് ബുക്കിങ്ങിന്റെ പേരിൽ ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം കണ്ടെത്തും .
- ദേവസ്വം ജീവനക്കാരുടെ ജോലിസമയം, നൈറ്റ് ഡ്യൂട്ടി ഉൾപ്പെടെയുള്ള നിലവിലെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കി ആയതിനു പരിഹാരം കാണുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനെ കാലഘട്ടത്തി നനുസരിച്ച് പരിഷ്കരിക്കുന്ന തിനും നടപടി സ്വീകരിക്കും
- ദേവസ്വം ബോർഡുകളിൽ വരുമാനച്ചോർച്ച തടയുന്നതിനും കുറ്റകൃത്യങ്ങളിലും അഴിമതിയിലും ഉൾപ്പെടുന്നവർക്ക് കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കും .
- ശബരിമല ഭണ്ഡാരത്തിൽ ആധുനിക രീതിയിലുള്ള സ്കാനറുകൾ സ്ഥാപിച്ച് നില വിൽ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടിനു പരിഹാരം കാണും.
- ശബരിമല തീർത്ഥാടന കാലത്ത് ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടു ത്തുന്നതിന് മുന്തിയ പരിഗണന നൽകുകയും ബജറ്റ് വിഹിതം ഉയർത്തുകയും ചെയ്യും .
- ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ദേവസ്വം ഭൂമികളുടെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കും.
- അവശത അനുഭവിക്കുന്ന നാരായണീയ ഭാഗവത സമിതികളുടെ ഭാഗമായി പ്രവർത്തിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കും.
- സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ അല്ലാത്തതും, ആരാധനക്കും നിത്യനിദാന ചെലവുകൾക്കും വകയില്ലാത്തതുമായ എല്ലാ ക്ഷേത്ര ങ്ങളിലും ദേവസ്വം ബോർഡുമായി ചേർന്ന് കർമ്മ പദ്ധതികൾക്ക് രൂപം നൽകും.

## 34. പ്രവാസി ക്ഷേമം

- എമിഗ്രേഷൻ ഇനത്തിൽ കേന്ദ്രത്തിന്റെ പക്കലുള്ള പതിനായിരക്കണക്കിന് കോടി രൂപ പ്രയോജനപെടുത്തി പ്രവാസി പുനരധിവാസം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കും.
- വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി സമഗ്രമായ ഒരു പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കും.

- ത്രിതല തദ്ദേശ സ്വയംഭരണ സംവിധാനത്തിൽ പ്രവാസി സ്റ്റാൻഡിങ് കമ്മിറ്റി രൂപീകരിക്കും.
- പ്രവാസി ക്ഷേമത്തിനായി പദ്ധതി അടങ്കലിന്റെ നിശ്ചിത ശതമാനം നീക്കിവയ്ക്കും.
- വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തുന്ന പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകും.
- വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തുന്ന പ്രവാസികൾക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.
- പ്രവാസി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- പ്രവാസി ക്ഷേമനിധി ബോർഡിന് നൽകുന്ന സർക്കാർ വിഹിതം ഉയർത്താൻ നടപടി സ്വീകരിക്കും.
- പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായ പരിധി എടുത്തു മാറ്റാനും 60 വയസ്സ് കഴിഞ്ഞവർക്ക് അനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കും.
- തിരിച്ചു വന്ന പ്രവാസികൾക്ക് നോർക്കയിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾക്ക് മേലുള്ള നിബന്ധനകൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കും.
- പ്രവാസികൾക്കായി കുടുംബശ്രീ മോഡൽ ഫിനാൻസ് സംവിധാനങ്ങളും ചെറുകിട തൊഴിൽ സംരഭങ്ങളും തുടങ്ങുന്നതരത്തിൽ പ്രവാസി അയൽക്കൂട്ടങ്ങൾ നടപ്പിലാക്കും.
- നോർക്ക കെയർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ തിരിച്ചു വന്ന പ്രവാസികളെയും, പ്രവാസികളുടെ മാതാപിതാക്കളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.
- പ്രവാസികൾക്കായി KIAL മോഡൽ പ്രവാസി കോർപറേഷനുകൾ രൂപീകരിക്കും.
- പ്രവാസി ക്ഷേമത്തിനായി തൊഴിൽ നൈപുണി പുനരധിവാസ കേന്ദ്രം (സ്കിൽ മാപ്പിങ് ആൻഡ് റീ സ്കില്ലിംഗ്) സ്ഥാപിക്കും.
- പ്രവാസികളുടെ സ്വത്തുക്കളുടെ സംരക്ഷണത്തിനും ഭൂമി കയ്യേറ്റം തടയുന്നതിനും വേണ്ടി ഒരു പ്രത്യേക പ്രവാസി ട്രൈബ്യൂണൽ സ്ഥാപിക്കും. രേഖകൾ വ്യാജമായി ചമയ്ക്കുന്നതും പ്രവാസി സ്വത്തുകൾ നിയമവിരുദ്ധമായി കൈവശപ്പെടുത്തുന്നത് തടയാനും, ഇതുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കാനും ഈ ട്രൈബ്യൂണൽ സഹായകരമാകും.

## 35. സർക്കാർ ജീവനക്കാർ, പെൻഷൻകാർ

- സംസ്ഥാനത്തെ നിലവിലെ പുതിയ പെൻഷൻ പദ്ധതി സർക്കാർ ജീവനക്കാർക്ക് അനുകൂലമായ രീതിയിൽ പരിഷ്കരിക്കും. പദ്ധതി സംബന്ധിച്ച് ഇതര സംസ്ഥാന സർക്കാരുകൾ ഇതിനോടകം നടപ്പിലാക്കിയ, ജീവനക്കാർക്ക് അനുകൂലമായ മാറ്റങ്ങൾ നടപ്പാക്കും.
- ഡി.സി.ആർ.ജി (Death-Cum-Retirement Gratuity), മിനിമം പെൻഷൻ / കുടുംബ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നടപ്പിലാക്കും.
- സർക്കാർ വിഹിതം കൂടി ചേർത്ത് മെഡിസെപ്പ് പദ്ധതി പരിഷ്കരിക്കും.
- മെഡിസെപ് പദ്ധതിയുടെ പരാജയ കാരണങ്ങൾ പഠിച്ച് സമഗ്രമായി പരിഷ്ക്കരിക്കും. മെഡിസെപ്പിൽ നിന്ന് വിട്ടുനിൽക്കുന്ന സ്വകാര്യ ആശുപത്രികളെ തിരികെ കൊണ്ടു വരും. ഇൻഷുറൻസ് പരിരക്ഷാ പരിധി ഉയർത്തും.

- മെഡിസെപ്പുമായി ബന്ധപ്പെട്ട പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.
- ജീവനക്കാരുടെയും പെൻഷൻകാരുടെയും മുടങ്ങി കിടക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- തദ്ദേശ പൊതുസർവീസ് രൂപീകരണം പുനപരിശോധിക്കും.
- തദ്ദേശസർവീസിലെ അശാസ്ത്രീയമായതും ജീവനക്കാരെ പ്രതിലോമകരമായി ബാധി ക്കുന്നതുമായ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ പിൻവലിക്കും.
- സർക്കാർ ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും, അഞ്ചു വർഷത്തിലൊരി ക്കൽ സമഗ്രമായ ശമ്പള/പെൻഷൻപരിഷ്ക്കരണം നടപ്പിലാക്കും.
- സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പരിധി ഉയർത്തും.
- ശിക്ഷക്ക് സദൻ മാതൃകയിൽ സർക്കാർ ജീവനക്കാർക്ക് 'എംപ്ലോയി ഭവനങ്ങൾ' ആരംഭിക്കാൻ നടപടി സ്വീകരിക്കും.

## 36. വിലക്കയറ്റം

- വിലക്കയറ്റ സൂചികയിൽ രാജ്യത്ത് നിരവധി മാസങ്ങളായി ഒന്നാം സ്ഥാനത്താണ് കേരളം. വിലകയറ്റം കുറച്ചു കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കും. ഇതിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.
- സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ കർശന നടപടി.
- നിലവിൽ സപ്ലൈക്കോ നൽകിവരുന്ന 13 അവശ്യ സാധനങ്ങൾക്ക് സബ്സിഡി നൽകുകയും അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നീ മൂന്നു ഇനങ്ങൾ കൂടുതൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമാണ്.
- പഴം, പച്ചക്കറികൾ അടക്കമുള്ള കാർഷിക ഉത്പന്നങ്ങൾക്ക് വിലകുറയുമ്പോൾ അവ കർഷകരിൽനിന്നും വാങ്ങി സംഭരിക്കാൻ കോൾഡ് വെയർ ഹൗസുകൾ സ്ഥാപിക്കും. ഇവയ്ക്ക് മാർക്കറ്റിൽ വില കൂടുമ്പോൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഇതുവഴി സാധിക്കും.
- ജീവൻരക്ഷാ ഔഷധങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്ന കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. അവശരായവർക്ക് ഔഷധങ്ങൾ വീടുകളിൽ എത്തിച്ച് നൽകാൻ നടപടി സ്വീകരിക്കും.
- എല്ലാ നിയമസഭ മണ്ഡലങ്ങളിലും ഓരോ ത്രിവേണി സൂപ്പർമാർക്കറ്റ് ആരംഭിക്കും.
- ജില്ലകളിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഒരു ന്യായവില

  മെഡിക്കൽ സ്കാൻ സെന്ററും ലാബും ന്യായവില സർജിക്കൽ എക്യുപ്മെന്റ്സ് വിപണന കേന്ദ്രവും ആരംഭിക്കും.
- എല്ലാ താലൂക്ക് ആശുപത്രികളോടും ചേർന്ന് നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കും.
- ഗുണമേന്മയുള്ള സ്കൂൾ/കോളജ് നോട്ട് ബുക്കുകൾ (ത്രിവേണി ബ്രാൻഡ്) നിർമ്മിച്ച് കുറഞ്ഞ വിലയ്ക്ക് നൽകും. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ നോട്ട് ബുക്കുകൾ സൗജന്യമായി നൽകുന്ന പദ്ധതി ആരംഭിക്കും.

- വീടുകളിലേക്ക് ആവശ്യമായ ഗൃഹോപകരണങ്ങൾ മിതമായ വിലയിൽ തവണ വ്യവസ്ഥയിൽ ലഭ്യമാക്കുന്ന പദ്ധതി ആരംഭിക്കും.
- ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ നീതി ക്യാൻസർ മെഡിക്കൽ വിഭാഗം ആരംഭിക്കും.
- സംസ്ഥാന സർക്കാർ നേരിട്ട് ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ച് കൺസ്യൂമർ ഫെഡിന്റെ എല്ലാ ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്ന പദ്ധതി ആരംഭിക്കും.
- എല്ലാ ജില്ലകളിലും കൺസ്യൂമർഫെഡിന്റെ സ്റ്റേഷനറി ഡിവിഷൻ ആരംഭിക്കും.

## 37. സാമ്പത്തിക വികസനം

- കേരളത്തിലെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് പ്രത്യക സാമ്പത്തിക -സംരംഭക നയ പരിപാടികൾ രൂപീകരിക്കും.
- നിർമിത ബുദ്ധി, ഡാറ്റ അനലിറ്റിക്സ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗ പ്പെടുത്തി ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിക്കും.
- ജി.എസ്.ടി ഇന്റലിജൻസ് ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.
- കേരളത്തിൽ പ്രവാസി ഇൻവെസ്റ്റ്മെന്റ് ഫണ്ട് രൂപീകരിക്കും.
- കേരളത്തിൽ സംരംഭകർക്ക് നിക്ഷേപ അനുകൂല നയങ്ങൾ രൂപീകരിക്കും.
- കേരളത്തിൽ ബജറ്റ് പ്രക്രിയയിൽ പൗര സമൂഹങ്ങളുടെയും വിവിധ വിഭാഗ ങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തും.
- ബജറ്റിലെ വാഗ്ദാനങ്ങൾ വിശകലനം ചെയ്യാനും ബജറ്റ് ചിലവുകൾ കൂടുതൽ സുതാര്യമാക്കാനും നടപടികൾ സ്വീകരിക്കും.
- ബജറ്റിൽ ധൂർത്തുകൾ കുറക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും.
- കേരളത്തിലെ പൊതുകടം സംസ്ഥാന ജി.ഡി.പിയുടെ അനുപാതം യുക്തി സഹമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും.
- കേരളത്തിൽ വർഷത്തിൽ രണ്ട് ബഡ്ജറ്റ് പെർഫോമൻസ് വിശകലനം പ്രസിദ്ധ പെടുത്തും.
- സംസ്ഥാന ഓഡിറ്റ് വകുപ്പിന് സ്വതന്ത്ര പദവി നൽകി ശക്തിപ്പെടുത്തും. കൂടുതൽ പൊതുമേഖലാ സ്ഥാപങ്ങളെ ഓഡിറ്റ് പരിധിയിൽ കൊണ്ടുവരും.
- ജി.എസ്.ടി. വകുപ്പ് പൂർണ്ണമായി പുനസംഘടിപ്പിക്കും.
- സംസ്ഥാനത്ത് അന്തർസംസ്ഥാന ജി.എസ്.ടിയായ ഐ.ജി.എസ്.ടി പിരിവ് കാര്യക്ഷമ മാക്കാൻ സത്വര നടപടികൾ സ്വീകരിക്കും.

## 38. മാലിന്യ നിർമ്മാർജ്ജനം/ തെരുവ് നായ പ്രശ്നം

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. ഇതിനായി വികസിത രാജ്യങ്ങൾ ഉപയോഗിക്കുന്ന പ്ലാസ്മാ ടെക്നോളജി അടക്കമുള്ള ലോകോത്തര ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തും.ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹി പ്പിച്ചും, വാർഷിക പദ്ധതിയുടെ നല്ലൊരു ഭാഗവും, മറ്റു സാമൂഹ്യ സംഘടനകളേയും സ്ഥാപനങ്ങളെയും ഉപയോഗിച്ചും യുദ്ധകാല അടിസ്ഥാനത്തിൽ മാലിന്യപ്രശ്നത്തിന് പരിഹാരം കാണും.

- തെരുവ് നായ പ്രശ്നത്തിന് പരിഹാരം കാണാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രത്യേക പരിപാടികൾക്ക് രൂപം നൽകും.
- മാംസ മാലിന്യനിർമ്മാർജനത്തോടൊപ്പം എബിസി കർശനമായി നടപ്പിലാക്കും. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ആധുനിക അറവുശാലകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കും.
- വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കുമായി മൊബൈൽ അനിമൽ ബർത്ത് കൺട്രോൾ (എബിസി) യൂണിറ്റുകൾ സ്ഥാപിക്കും.
- 100% വീടുകളിൽ നിന്നും ബയോ വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യ ശേഖരണം ഉറപ്പാക്കും.
- ഓരോ നിയമസഭാ മണ്ഡലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കും
- പേ ഇളകിയ റാബീസ് പിടിപെട്ട തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യും.
- സാനിറ്ററി പാഡുകളുടെയും ഡയപ്പറുകളുടെയും സംസ്കരണ സംവിധാനം ഏർപ്പെ ടുത്തും.
- മിശ്ര മാലിന്യ നിക്ഷേപം അവസാനിപ്പിച്ച് 100% വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിലാക്കും.
- പ്ലാസ്റ്റിക് മാലിന്യത്തിന് ഉൽപ്പാദക ഉത്തരവാദിത്വം (EPR) കർശനമായി നടപ്പിലാക്കും.
- സീറോ വേസ്റ്റ് & മലിനീകരണ നിയന്ത്രണ പദ്ധതി ആരംഭിക്കും.
- കേരളത്തിന്റെ ഊർജ ഉപയോഗം ക്രമീകരിക്കാനും കാര്യ ക്ഷമത വർധിപ്പിക്കാനും, പുനരുപയോഗ ഊർജത്തിലേക്ക് മാറാനും വേണ്ടി ഒരു ഊർജ്ജ പരിവർത്തന-കാര്യക്ഷമതാ പരിപാടി (Energy Transition and Efficiency Programme) സ്ഥാപിക്കും.

## 39. കുടിവെള്ളം

- എല്ലാവർക്കും മുടക്കമില്ലാതെ ഗുണനിലവാരമുള്ള കുടിവെള്ളം ഉറപ്പുവരുത്തും.
- കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ പുതിയ ലാബുകൾ ആരംഭിക്കു കയും സ്കൂൾ, കോളേജ്, ലാബുകൾ ഉപയോഗപ്പെടുത്തുകയും ചെയ്യും. പൈപ്പുകൾ പൊട്ടി കുടിവെള്ളം നിലയ്ക്കുന്ന സാഹചര്യങ്ങൾ ഒഴിവാ ക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കും.
- കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ മഴവെള്ള സംഭരണികൾ ആരം ഭിക്കുന്ന തിനു നടപടികൾ സ്വീകരിക്കും.
- കായൽ, പുഴ, ഡാം, തോട്, ചിറ തുടങ്ങിയ ജലാശയങ്ങളുടെ സംരക്ഷണത്തിനായി വാട്ടർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ച് മണൽചെളി നീക്കം, മാലിന്യ നിർമ്മാർജനം, കയ്യേറ്റം ഒഴിപ്പിക്കൽ, സംരക്ഷണ ഭിത്തി നിർമ്മാണം, നികത്തിയ ജലാശയങ്ങൾ വീണ്ടെടുക്കൽ തുടങ്ങിയ നടപടികൾ ശക്തമാക്കും.

## IV. നയങ്ങൾ

### 1. സംവരണം

- പരിവർത്തിത ദളിത് ക്രൈസ്തവ, ദളിത് ആദിവാസി, മത്സ്യത്തൊഴിലാളി, ആർട്ടിസാൻസ്, മൺപാത്ര നിർമ്മാണ വിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥ പഠിക്കാനും, നടപടികൾ നിർദ്ദേശിക്കാനും പ്രത്യേക കമ്മീഷൻ രൂപീകരിക്കും.
- ഭാഷ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രത്യേക പഠനം നടത്തി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കും.
- പിന്നോക്ക വിഭാഗങ്ങളുടെ അവസര സമത്വത്തെകുറിച്ച് പഠിക്കാൻ ഓപ്പർച്യൂണിറ്റി കമ്മീഷൻ രൂപീകരിക്കും.
- മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശനം പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനും നടപടി സ്വീകരിക്കും.
- പൊതുമേഖലയിലും, സഹകരണ മേഖലയിലും, പൊതുസ്വകാര്യ പങ്കാളിത്ത മേഖലയിലും സംവരണ തത്വങ്ങൾ നടപ്പിലാക്കും.
- ഉന്നത വിദ്യാഭ്യാസ രംഗത്തെ വിശ്വകർമ്മ സംവരണം ഉയർത്താൻ നടപടി സ്വീകരിക്കും. വിശ്വകർമ്മ സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പഠിച്ച പി.എൻ ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും.
- നാളിതുവരെ നാമമാത്രമായ ഉദ്യോഗസ്ഥ പ്രാതിനിധ്യം ലഭിച്ച ചെറു പിന്നോക്ക സമുദായങ്ങൾ (ഉദാഹരണത്തിന് ചവളർ) അടക്കമുള്ളവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അസമത്വം ഒഴിവാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും.
- പരിവർത്തിത ക്രിസ്ത്യൻ സമൂഹത്തിലെ വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥി കൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകും.

### 2. മത സൗഹാർദ്ദവും വിശ്വാസ സംരക്ഷണവും

- കേരളത്തിൽ മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ മിനിസ്ട്രി ഓഫ് ടോളറൻസ് സ്ഥാപിക്കും.
- കേരളത്തിലെ വിവിധ സമുദായങ്ങളുടെ വിശ്വാസ സ്വാതന്ത്ര്യവും, സംരക്ഷണവും ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കും.
- മതേതര വിശ്വാസത്തിന്റെ പ്രതീകമായ ശബരിമല വിശ്വാസികളുടെ പ്രതീക്ഷ നിറവേറ്റാൻ ആചാര സംരക്ഷണത്തിനായി പ്രത്യേക നിയമം നടപ്പിലാക്കും.
- സഭാ തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് എല്ലാ വിഭാഗങ്ങളെയും വിശ്വാ സത്തിലെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കും.
- പെന്തകോസ്തു സഭകളുടെയും മറ്റു സ്വതന്ത്ര സഭകളുടെയും പ്രശ്നങ്ങൾ പരിഹരി ക്കാനുള്ള നടപടികൾ സ്വീകരിക്കും. പെന്തകോസ്തു സഭകളുടെ ശ്മശാനഭൂമി സംബ ന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണും.
- ദളിത് ക്രിസ്ത്യൻ സമൂദായത്തിനുള്ള കോർപ്പറേഷൻ പുനഃസംഘടിപ്പിക്കുകയും കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യും.

- നഗരങ്ങളിലും നാട്ടിൻ പ്രദേശത്തും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ ഹാർമണി സെന്ററുകൾ സ്ഥാപിക്കും.
- വെറുപ്പ്, മിസ് ഇൻഫർമേഷൻ വിരുദ്ധ കേരള മാതൃക സൗഹാർദ്ദം, മതനിരപേക്ഷത, ശാന്തമായ പൊതുസമൂഹം എന്നിവ സംരക്ഷിക്കാൻ വിദ്വേഷ പ്രസംഗം, തെറ്റായ വിവരം കൈമാറൽ, വർഗീയ പ്രകോപനം എന്നിവക്കെതിരെ നിയമനടപടികൾ കർശനമാക്കും;
- സംസ്ഥാനത്തിന്റെ സാമുദായിക സൗഹാർദ്ദവും സാംസ്കാരിക സമന്വയവും രാജ്യത്തെ ക്യാമ്പസുകൾക്ക് പരിചയപ്പെടുത്താൻ ദേശീയ യുവജന സാഹോദര്യ ഫെസ്റ്റ് സംഘടിപ്പിക്കും
- മത - സമുദായങ്ങൾ തമ്മിലുള്ള ആശയവിനിമയം ശക്തിപ്പെടുത്താൻ സംസ്ഥാനതല സംവാദ വേദികൾ രൂപീകരിക്കും.
- വിവിധ സമുദായങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിന് പ്രത്യേക കമ്മീഷൻ/റിപ്പോർട്ടുകൾ നടപ്പാക്കും.
- ജെ ബി കോശി കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കും.

## 3. മദ്യ നയം

- മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ വ്യാപനം കേരളത്തിൽ അതിഗുരുതരമായ വിപത്തായി മാറിയ സാഹചര്യത്തിൽ കേരളത്തെ ഈ മാരക വിപത്തിൽ നിന്നും മുക്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള ശക്തവും ഫലപ്രദവുമായ നയങ്ങളും കർമ്മ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കും.
- ലഹരിമുക്ത കേരളമെന്ന മഹത്തായ ആശയം ഏറ്റവും ഫലപ്രദവും കാര്യക്ഷമ വുമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പ് മേധാവികളെയും ലഹരി വിരുദ്ധ സന്നദ്ധ സംഘടന പ്രതിനിധികളെയും, വിഷയ വിദഗ്ധരെയും ഉൾപ്പെടുത്തി സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു പ്രത്യേക അതോറിറ്റിക്ക് (Kerala State authority for the prevention and control of substance abuse) രൂപം നൽകും.
- ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനും കുറ്റമറ്റതായ നിർവഹണത്തിനും മേൽനോട്ടം വഹിക്കുന്നതിനായി മുഖ്യമന്ത്രി അധ്യക്ഷനും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ ഉപാധ്യക്ഷന്മാരും ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതാധികാരമേൽനോട്ട സമിതി രൂപീകരിക്കും.

## 4. തദ്ദേശ സ്വയംഭരണവും പഞ്ചായത്തീരാജും

- സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കും.
- പ്ലാൻ ഫണ്ട് തിരിച്ചു പിടിക്കുന്ന എൽ.ഡി.എഫ് നടപടികൾ അവസാനിപ്പിക്കും. പ്ലാൻ ഫണ്ട് തടസമില്ലാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- എല്ലാ വാർഡുകളിലും യു.ഡി.എഫ് ആരംഭിച്ച സേവാഗ്രാം പുനരാരംഭിക്കും.

- ബജറ്റിൽ പ്രഖ്യാപിച്ച വികസനഫണ്ട് ലഭിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശമാക്കുന്നതാണ്. സംസ്ഥാനത്ത് നിലവിൽ വികസന ഫണ്ട് നൽകുന്നത് പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിലാണ്. ഇതിൽ മാറ്റം വരുത്തുന്നതിനായി സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ നിന്നും നിശ്ചിത ശതമാനം നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകും. ഇത് കൃത്യമായ ഇടവേളകളിൽ സമയബന്ധിതമായി നടപ്പിലാക്കും.

## ഉപസംഹാരം

കേരളത്തിന്റെ സമഗ്ര വികസനത്തിനായുള്ള രൂപരേഖയാണ് ജനസമക്ഷം യു.ഡി.എഫ്. സമർപ്പിക്കുന്ന ഈ ജനകീയ പ്രകടനപത്രിക. പത്തു വർഷത്തെ അഴിമതിയും ദുർഭരണവും തകർത്ത കേരളീയ ജീവിതത്തെ വികസനത്തിന്റെയും കരുതലിന്റെയും പുതുയുഗത്തിലേക്ക് നയിക്കാനുള്ള കർമ്മ രേഖ. മരവിച്ചുപോയ വികസനത്തിനും ദിശാബോധം നഷ്ടപ്പെട്ട പുരോഗതിക്കും പുതുജീവൻ നൽകാനുള്ള നയരേഖയാണിത്. തൊഴിലില്ലായ്മയും വിലക്കയറ്റവും അഴിമതിയും ദാരിദ്ര്യവും നിർമ്മാർജ്ജനം ചെയ്യാനുള്ള ഭഗീരഥ പ്രയത്നമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. അക്രമവും അരുംകൊലകളുമില്ലാത്ത സമാധാന ജീവിതമാണ് കേരളം ആഗ്രഹിക്കുന്നത്. അതുതന്നെയാണ് ഐക്യജനാധിപത്യ മുന്നണിയുടെയും സ്വപ്നം. സ്വജനപക്ഷപാതവും അഴിമതിയുമില്ലാത്ത സംശുദ്ധമായ സദ്ഭരണം യു.ഡി.എഫ് വാഗ്ദാനം ചെയ്യുന്നു.

അടിയുറച്ച ജനാധിപത്യത്തിന്റെയും അചലഞ്ചലമായ മതേതരത്വത്തിന്റെയും ബലിഷ്ഠമായ അടിത്തറയിൽ നമുക്ക് നിയോ കേരള മോഡൽ പടുത്തുയർത്താം.

**വരൂ... പുതുയുഗ കേരളത്തിനായ് നമുക്ക് കൈകോർക്കാം....**

# ഇന്ദിര ഗ്യാരന്റി





## സാമൂഹ്യ സുരക്ഷ

ക്ഷേമ പെൻഷനുകൾ
**3000** രൂപ
ആയി വർധിപ്പിക്കും

## സ്ത്രീകൾക്ക്

കെ.എസ്.ആർ.ടി.സി
ബസ്സുകളിൽ **സൗജന്യ യാത്ര**

കോളേജ് വിദ്യാർത്ഥിനികൾക്ക്
പ്രതിമാസം
**1000** രൂപ
ധനസഹായം

## യുവ ജനങ്ങൾക്ക്

ബിസിനസുകൾ
ആരംഭിക്കുന്നതിന്
**5 ലക്ഷം**
രൂപ വരെ
പലിശരഹിത വായ്പ



## ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ്

എല്ലാ കുടുംബങ്ങൾക്കും
**25,00,000**
രൂപ വരെയുള്ള സൗജന്യ
ആരോഗ്യ ഇൻഷുറൻസ്
പരിരക്ഷ

## മുതിർന്ന പൗരന്മാർക്ക്

ക്ഷേമത്തിനായി
പ്രത്യേക വകുപ്പ്